# കരയോഗ സൗഹൃദം

*സത്യം പരം ധീമഹി* Rs. 6

**മാസിക : എറണാകുളം കരയോഗത്തിന്റെ മുഖപത്രം** Pages - 52

വാല്യം - 17 ലക്കം - 03 കുംഭം - 1200 മാർച്ച് - 2025



# എറണാകുളം കരയോഗത്തിന്റെ 38-ാമത് ശ്രീമദ് ഭാഗവത സപ്താഹജ്ഞാന യജ്ഞത്തിൽ നിന്ന്










## എറണാകുളം കരയോഗം കഥകളി ക്ലബ്ബിന്റെ 67-ാം വാർഷികവും 30-ാമത് കഥകളി അവാർഡ്ദാന ചടങ്ങും









**അവാർഡ് ജേതാക്കൾ:** ശ്രീ. സദനം എം. എൻ. ഹരികുമാർ, ശ്രീ. കലാമണ്ഡലം കൊളത്താപ്പിള്ളി നാരായണൻ നമ്പൂതിരി, ശ്രീ. കലാമണ്ഡലം എ. രാജൻ, ശ്രീ. സദനം ദേവദാസൻ, ശ്രീ. കോട്ടക്കൽ എസ്. വി. സതീഷ് , ശ്രീ. കോട്ടക്കൽ കുഞ്ഞിരാമൻ, ശീമതി. രാധിക വർമ്മ എന്നിവർക്ക് ബഹു. ഡോ. പി. രാജേഷ് കുമാർ (രജിസ്ട്രാർ, കേരള കലാമണ്ഡലം, ഡീംഡ് യുണിവേഴ്സിറ്റി) അവാർഡുകൾ സമ്മാനിച്ചു.

എഡിറ്റോറിയൽ...



# വരും തലമുറകളെ എങ്ങനെ രക്ഷിക്കാം?

രാവിലെ പത്രം തുറന്നോ, ടി.വി തുറന്നോ മറ്റേത് വാർത്താമാദ്ധ്യമങ്ങളിലൂടെയോ നാട്ടിലെ വിവരങ്ങളും വിശേഷങ്ങളും അറിയാൻ ശ്രമിക്കുക നമ്മുടെയൊക്കെ ഒരു പതിവാണല്ലോ? എന്നാൽ ഇന്നിപ്പോൾ പത്രം നിവർക്കുന്നതും ടി.വി ഓൺ ചെയ്യുന്നതുമെല്ലാം ഉൾഭയത്തോടെ, വിറയാർന്ന കൈകളോടെയാണ്. അത്രയ്ക്ക് ക്രൂരമായ, നീചമായ, ഭയാനകമായ വാർത്തകളാണ് നിത്യേന നാം കാണുന്നതും കേൾക്കുന്നതും. എന്തുപറ്റി നമ്മുടെ നാടിന്? കൊലപാതകങ്ങൾ, കൂട്ടക്കൊലകൾ, ബലാൽസംഗം, ആത്മഹത്യ, തട്ടിക്കൊണ്ടുപോകൽ, കവർച്ച, കള്ളപ്പണ വ്യാപാരം, ബാങ്ക് കവർച്ച, കൊള്ള, കൊലവിളി എല്ലാം നമ്മുടെ നാട്ടിൽ നടക്കുന്നു. മുൻകാലങ്ങളിൽ ഇല്ലാത്തതുപോലെ ഇപ്പോൾ എന്തേ ഈ തിന്മകൾ ഇത്രയധികം വർദ്ധിക്കാൻ കാരണം? സ്നേഹബന്ധമില്ല, രക്തബന്ധമില്ല, കടപ്പാടില്ല, മൃഗങ്ങളെക്കാൾ കഷ്ടമായി അധപ്പതിച്ചിരിക്കുന്നു ചിലർ. മൃഗങ്ങൾ പോലും സ്വന്തം മാതാവിനെ കൊല്ലാൻ ശ്രമിക്കില്ല, സഹോദരങ്ങളെയും, ബന്ധുക്കളെയും കൊല്ലില്ല, എന്തിനേറെ സ്വന്തം കാമുകിയെപ്പോലും നിസ്സാരമായി ഒരു എറുമ്പിനെയെന്നവണ്ണം കൊല്ലുക. ഒരു കൊല നടത്തിയശേഷം കിലോമീറ്ററുകൾ താണ്ടി അടുത്ത കൊല നടത്തുക എന്നിട്ട് വീണ്ടും ഒന്നുമറിയാത്ത ഭാവത്തിൽ

➠

വാല്യം 17 ❖ ലക്കം – 3 ❖ മാർച്ച് – 2025

## ഉള്ളടക്കം


| | |
|---|---|
| എഡിറ്റോറിയൽ | 3 |
| സെക്രട്ടറിയുടെ പംക്തി | 5 |
| ബാലലോകം | 8 |
| വാസ്തു ശാസ്ത്രം | 9 |
| ക്ഷേത്രങ്ങളിലൂടെ | 11 |
| സുഭാഷിതം | 14 |
| നിശീഥിനിയിലെ മിന്നാമിനുങ്ങ് | 15 |
| അലർജികൊണ്ടുള്ള ചുമ | 18 |
| നമഃശിവായ | 21 |
| ഒരു അറബിരാജ്യത്തിലൂടെ | 24 |
| ബുദ്ധിയിൽ നിന്നും നിർമ്മിത ബുദ്ധിയിലേയ്ക്ക്.... | 27 |
| കേരളത്തിന്റെ ശാക്തേയ പാരമ്പര്യം-11 | 30 |
| ഇളംതുരുത്തി ആശാൻ | 33 |
| ജീവിതം സാക്ഷി | 34 |
| ജീവിതാനുഭവങ്ങൾ | 36 |
| എന്റെ കണ്ണൻ | 39 |
| പശ്ചിമഘട്ട മലനിരകളും വയനാട് ദുരന്തവും | 40 |
| ദൃഗ് ദൃശ്യ വിവേകം | 43 |
| മാസഫലം | 49 |
| മാട്രിമോണിയൽ. | 50 |


മുഖചിത്രം: പുരി ജഗന്നാഥൻ


**പത്രാധിപസമിതി**

ആലപ്പാട്ട് മുരളീധരൻ
(മാനേജിംഗ് എഡിറ്റർ)

എം. ശ്രീവല്ലഭൻ നായർ
(എഡിറ്റർ)

പി. രാമചന്ദ്രൻ (വേണു)

കെ.ടി. മോഹനൻ

അടുത്ത വീട്ടിലെത്തി കൊല നടത്തുക. രക്തം കണ്ടാൽ തലകറക്കം ഉണ്ടാകുന്ന സാധാരണ മനുഷ്യനിൽ നിന്ന് ഒരേ ദിവസം തുടരെ തുടരെ കൊല ചെയ്യാൻ ഒരു മനുഷ്യൻ എങ്ങനെ ഇത്ര ക്രൂരനായി പരിണമിച്ചു - അതും തന്റെ സ്വന്തം പ്രിയപ്പെട്ടവരെ.

ഇങ്ങനെ കൊല നടത്തുവാനുള്ള കഴിവ്, കരുത്ത്, മനോബലം, എങ്ങനെ കൊലചെയ്യണമെന്ന രീതികൾ, ഇതെല്ലാം എങ്ങനെ അവനിലുണ്ടായി. ഈ ചെറു പ്രായത്തിൽ തന്നെ ഇത്രയധികം ക്രൂരമനസ്സായി അവന്റെ മനസ്സ് മാറിയതെങ്ങനെ? അവനിൽ ക്രൂരത കുത്തിനിറച്ചത് സമൂഹമോ, അവന് ലഭിച്ച വിദ്യാഭ്യാസമോ, സുഹൃദ് വലയമോ, മത രാഷ്ട്രീയ സംഘടനകളോ ഏതാണെന്ന് തിരിച്ചറിയേണ്ടത് അത്യന്താപേക്ഷിതമാണ്. നാടിനെ നടുക്കിയ ഈ കൊലപാതകങ്ങളും അടുത്തിടെ നാം കേട്ട അനേകം കൊലപാതകങ്ങളുമെല്ലാം നാളത്തെ കേരളത്തെക്കുറിച്ചുള്ള ചിന്തയെ ഭയാനകമാക്കുന്നു. യുവ മനസ്സുകളിൽ സ്നേഹത്തിന്റെയും, സാഹോദര്യത്തിന്റെയും വിത്ത് പാകുന്നതിന് പകരം ക്രൂരതയുടെയും, വഞ്ചനയുടെയും, വിദ്വേഷത്തിന്റെയും വിത്തുകൾ പാകി അവരെ മനുഷ്യപിശാചുക്കളാക്കി മാറ്റുന്നത് രാഷ്ട്രീയക്കാരാകട്ടെ, ജാതിമത സംഘടനകളാകട്ടെ ആരായിരുന്നാലും ശരി തിരുത്തപ്പെടേണ്ടതാണ്, നിലയ്ക്ക് നിർത്തേണ്ടതാണ്.

വെഞ്ഞാറുംമുട്ടിലെ സംഭവങ്ങൾ കൊണ്ട് മാത്രം പറയുന്നതല്ല ഇത്. അടുത്ത കാലത്ത് കേരളം കണ്ട കുറെയേറെ ദാരുണ സംഭവങ്ങൾ ഉണ്ട്. മനുഷ്യ മനസ്സിനെ മരവിപ്പിക്കുന്ന അതിദാരുണ സംഭവങ്ങൾ! ഇതുപോലെ തന്നെ യുവതലമുറയെ നാശത്തിന്റെ ഗർത്തത്തിലേക്ക് തള്ളിവിടുന്ന വിധം ലഹരി വസ്തുക്കളുടെ ഉപയോഗം വർദ്ധിച്ചിരിക്കുകയാണ്. നിരത്തുവക്കുകളിലും പാർക്കുകളിലും ഒക്കെ കാണുന്ന അതിബീഭത്സകാഴ്ചകൾ ഈ നാടിനെ സ്നേഹിക്കുന്ന ആരെയും ഭയപ്പെടുത്തുന്നതാണ്. ആണെന്നോ പെണ്ണെന്നോ വ്യത്യാസമില്ലാതെ കൂട്ടംകൂടിയിരിന്ന് ലഹരി വസ്തുക്കൾ പരസ്പരം കൈമാറി ഉപയോഗിച്ച് യാതൊരു വെളിവുമില്ലാതെ കാട്ടികൂട്ടുന്ന വൈകൃതങ്ങൾ. എങ്ങനെ ഇവരെ ഇതിൽനിന്ന് രക്ഷിക്കും. നാളെ ഈ നാടിനെ നയിക്കേണ്ടവരാണിവർ. ഇതുപോലെയുള്ള ദുരവസ്ഥകളിൽ നിന്നും നാടിനെ രക്ഷിക്കേണ്ട, നാടിന്റെ ഭരണചക്രം തിരിക്കേണ്ടവരാണിവർ. നാടിന്റെ ഭാവി ഇവരിലാണ് നിക്ഷിപ്തമായിരിക്കുന്നത്. ഇവരെയും ന നാടിനെയും രക്ഷിക്കുവാനുള്ള ഏക പോംവഴി മദ്യം ഉൾപ്പടെയുള്ള എല്ലാ ലഹരിവസ്തുക്കളുടെയും ലഭ്യത കുറയ്ക്കുക എന്നുള്ളതാണ്. എന്നാൽ ദൗർഭാഗ്യവശാൽ കഞ്ചാവ് തുടങ്ങി എന്തെല്ലാമോ പേരുകളിൽ അറിയപ്പെടുന്ന ലഹരി വസ്തുക്കളും, മദ്യവും സുലഭമാണെന്നാണ് അറിയുന്നത്. ഇത് തടയുവാൻ സർക്കാരിന്റെ ഭാഗത്തു നിന്നും കർശനമായ നടപടികൾ ഉണ്ടാകണം. എല്ലാ രാഷ്ട്രീയപാർട്ടികളും പൊതുജനങ്ങളും ഇക്കാര്യത്തിൽ ഒന്നിക്കണം. മറ്റ് എന്തെല്ലാം അഭിപ്രായവ്യത്യാസങ്ങളുണ്ടെങ്കിലും അവയെല്ലാം മാറ്റിവെച്ചുകൊണ്ട് നമ്മുടെ നാടിന്റെ ഭാവിയെക്കുറിച്ചോർത്ത് ഒന്നിക്കണം. ലഹരി വസ്തുക്കളുടെ ഉപയോഗം നിയന്ത്രിക്കാനായാൽ മറ്റ് കുറ്റകൃത്യങ്ങളും സ്വഭാവികമായും കുറയും. അതുകൊണ്ട് ഇക്കാര്യത്തിൽ എല്ലാവരും ഒന്നിക്കണം. നാടിനെ രക്ഷിച്ചേ മതിയാവു. ഇന്ന് നമ്മുടെ നാട് ഏതാണ്ട് ഭ്രാന്താലയമായി മാറികഴിഞ്ഞിരിക്കുകയാണ്. നമ്മുടെ പ്രിയപ്പെട്ട കേരളത്തെ വീണ്ടും ദൈവത്തിന്റെ നാടാക്കി മാറ്റണം - കൂട്ടായ ശ്രമത്തിലൂടെ - അതിനായി കൈകോർക്കാം.

**ജയ് ഹിന്ദ്**



# ജനറൽ സെക്രട്ടറിയുടെ പംക്തി

**പി. രാമചന്ദ്രൻ (വേണു)**

**പ്രിയ കരയോഗാംഗങ്ങളെ,**

**2025** മാർച്ച് 31 ന് എറണാകുളം കരയോഗത്തിന്റെ സാമ്പത്തീക വർഷം അവസാനിക്കുകയാണ്. 2024 ഏപ്രിൽ 1 മുതൽ ആരംഭിച്ച സാമ്പത്തിക വർഷത്തിൽ കഴിഞ്ഞ 11 മാസത്തെ ദൈനംദിന പ്രവർത്തനങ്ങളോടൊപ്പം പൊതുയോഗതീരുമാനത്തിനു വിധേയമായി നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികളും സാമ്പത്തീകമായ അച്ചടക്കം പാലിച്ചുകൊണ്ട് വളരെ ദ്രുതഗതിയിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. അടുത്ത സാമ്പത്തീക വർഷം നമ്മുടെ സാധാരണ പ്രവർത്തനങ്ങളും ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന പദ്ധതികളുടെ തുടർപ്രവർത്തനങ്ങളും നിർവിഘ്നം മുമ്പോട്ട് കൊണ്ടുപോകുന്നതിനൊപ്പം നാം ഏറ്റെടുത്തു നടപ്പിലാക്കേണ്ടതായ പുതിയ ജീവകാരുണ്യപ്രവർത്തനങ്ങളേയും പദ്ധതികളേയും പറ്റി ചിന്തിക്കുകയും അവയ്ക്കു വേണ്ടി ശ്രമിക്കുകയും ചെയ്യേണ്ട സമയം കൂടിയാണ്.

മുൻലക്കങ്ങളിൽ സൂചിപ്പിച്ചിട്ടുള്ളതുപോലെ ശതാബ്ദിയാഘോഷം വിപുലമായി നടത്തുന്നതിനു വേണ്ടി ഭരണസമിതി സജീവമായ പ്രവർത്തനത്തിൽ ഏർപ്പെട്ടിരിക്കുകയാണ്. കരയോഗത്തിന്റെ അഭ്യുതകാംക്ഷികളായ നിങ്ങൾക്ക് ഓരോരുത്തർക്കും ധാരാളം നിർദ്ദേശങ്ങളും അഭിപ്രായങ്ങളും മുന്നോട്ടുവയ്ക്കുവാനുണ്ടാകും. കരയോഗത്തിന്റെ ഭാസുരമായ ഭാവിക്കു വേണ്ടിയുള്ള അത്തരം നിർദ്ദേശങ്ങളെ ഞങ്ങൾ സഹർഷം സ്വാഗതം ചെയ്യുകയാണ്; ദയവായി അറിയിക്കുക. വളരെയധികം സാമ്പത്തിക ചിലവ് വരുന്ന ശതാബ്ദിയാഘോഷപരിപാടികൾ, അംഗങ്ങളുടെയും കരയോഗത്തിന്റെ സുഹൃത്തുകളുടേയും എല്ലാം നിസ്സീമമായ സഹായ സഹകരണങ്ങൾ കൊണ്ട് മാത്രമേ ഭംഗിയായി നടപ്പിലാക്കുവാൻ കഴിയുകയുള്ളൂ, ആയതിനാൽ നിങ്ങളോരുരുത്തരും അവരവരാൽ കഴിയും വിധമുള്ള എല്ലാ സഹായസഹകരണങ്ങളും നിർലോഭമായി നല്കി, നമ്മുടെ കരയോഗത്തിന്റെ ശതാബ്ദി ആഘോഷപരിപാടികളും പദ്ധതികളും വരും തലമുറകൾക്കുവേണ്ടിയുള്ള ശതാബ്ദി സ്മാരകപദ്ധതികളും പരിപൂർണ്ണ വിജയത്തിലെത്തിച്ച്, ചിരസ്മരണികയായി അവ ജനമനസ്സുകളിലും വരും തലമുറകളുടെ ഓർമ്മ ചെപ്പുകളിലും നിറഞ്ഞ് നില്ക്കുവാൻ പര്യാപ്തമാകും വിധം നമുക്കൊരുമിച്ച് തോളോട് തോൾ ചേർന്ന് പ്രവർത്തിക്കാം വിജയം നമ്മുടേതാണ്. മുഴുവൻ കരയോഗാംഗങ്ങളുടേയും കരുതലും കൈത്താങ്ങും ഉണ്ടാകണമെന്ന് ഒരിക്കൽ കൂടി അഭ്യർത്ഥിച്ചുകൊള്ളുന്നു.

എറണാകുളം കരയോഗം ഹെറിറ്റേജ് ഗ്രൂപ്പിന്റെ ആഭിമുഖ്യത്തിൽ **കേരളത്തിന്റെ തനതായ പാചക പൈതൃകം** എന്ന വിഷയത്തെ കുറിച്ച് **ഡോ. തന്യ എബ്രഹാമിന്റെ** പ്രഭാഷണം. 2025 ഫെബ്രുവരി 15 ശനിയാഴ്ച വൈകുന്നേരം 5.00 മുതൽ 6.00 വരെ ടി. ഡി. എം. ഹാളിൽ ഉണ്ടായിരിക്കും. ഏവരേയും സ്വാഗതം ചെയ്യുന്നു.

എറണാകുളം കരയോഗം സാഹിതിയോഗം പരിപാടി, **ലളിതാംബിക അന്തർജ്ജനം എഴുതിയ അഗ്നിസാക്ഷി** – അവതരണം: **ഹേമ. ടി. തൃക്കാക്കര** 2025 മാർച്ച് 23 രാവിലെ 10.30 ന് ടി. ഡി. എം. ഹാളിൽ

എറണാകുളം കരയോഗം സാംസ്കാരിക വേദിയുടെ ആഭിമുഖ്യത്തിൽ **അകായിലെ സംഗീതം** 2025 മാർച്ച് 16 വൈകിട്ട് 4 മണിക്ക് ടി. ഡി. എം. ഹാളിൽ **M. S. ബാബുരാജിന്റെ** പാട്ടുകൾ. ഏവർക്കും സ്വാഗതം.

എറണാകുളം കരയോഗവും ബീമും സംയുക്തമായി സംഘടിപ്പിക്കുന്ന പ്രതിമാസ പരിപാടിയിൽ 2025 മാർച്ച് 21 വൈകിട്ട് 6.30 ന് ടി. ഡി. എം. ഹാളിൽ **മഹാലക്ഷ്മി സർവേശ്വരത്തിന്റെ ഭരതനാട്യം**

കരയോഗത്തിന്റെ എല്ലാ പ്രവർത്തനങ്ങളിലും നിങ്ങളുടെ വിലയേറിയ നിർദ്ദേശങ്ങളും ഉപദേശങ്ങളും സഹകരണവും ഉണ്ടാവണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട്,

**ജനറൽ സെക്രട്ടറി**

## STATEMENT ABOUT OWNERSHIP AND OTHER PARTICULARS OF THE MAGAZINE KARAYOGA SOUHRIDAM ENGLISH/MALAYALAM, FORM IV (SEE RULE 8)

| | | |
|---|---|---|
| 1. PLACE OF PUBLICATION | : | ERNAKULAM |
| 2. PERIODICITY OF PUBLICATION | : | MONTHLY |
| 3. PRINTER'S NAME | : | M.SREEVALLABHAN NAIR |
| NATIONALITY | : | INDIAN |
| ADDRESS | : | C/O ERNAKULAM KARAYOGAM<br>D.H.ROAD, KOCHI-682016 |
| 4. PUBLISHER'S NAME | : | M.SREEVALLABHAN NAIR |
| NATIONALITY | : | INDIAN |
| ADDRESS | : | C/O ERNAKULAM KARAYOGAM<br>D.H.ROAD, KOCHI-682016 |
| 5. EDITOR'S NAME & | : | M. SREEVALLABHAN NAIR |
| ADDRESS | : | C/O ERNAKULAM KARAYOGAM<br>D.H.ROAD, KOCHI-682016 |
| 6. NAME&ADDRESS OF INDIVIDUALS WHO OWN THE NEWS PAPER AND PARTNERS OR SHAREHOLDERS HOLDING MORE THAN ONE PERCENT OF THE TOTAL CAPITAL | : | ERNAKULAM KARAYOGAM<br>D.H.ROAD, KOCHI-16 |

I, M. SREEVALLABHAN NAIR HEREBY DECLARE THAT THE PARTICULARS GIVEN ABOVE ARE TRUE TO THE BEST OF MY KNOWLEDGE AND BELIEF.

DATE: 1. 3. 2025


M. SREEVALLABHAN NAIR
(S/D-)

---

### എറണാകുളം കരയോഗം

# വേദപഠന കളരി

**ആചാര്യൻ ശ്രീ. അരുൺ പ്രഭാകരൻ**



എറണാകുളം കരയോഗത്തിന്റെ ആഭിമുഖ്യത്തിൽ ഗായത്രി ഗുരുകുലം നടത്തുന്ന വേദശാസ്ത്ര പഠനകളരി മാർച്ച് 2 ന് എറണാകുളം കരയോഗം ടി. ഡി. എം ഹാളിൽ ആരംഭിക്കുന്നു.

**എല്ലാ മാസവും ഒന്നാമത്തെയും മൂന്നാമത്തെയും ഞായറാഴ്ചകളിൽ രാവിലെ 10.30 ന് ആണ് ക്ലാസ്സുകൾ നടത്തുന്നത്.**

**കൂടുതൽ വിവരങ്ങൾക്ക് :- 0484 – 2361160, 9446207177, 9421810430, 9446455126**

# അറിയിപ്പ്

## ശതാബ്ദി ആനുകൂല്യ ആജീവനാന്ത അംഗത്വം

## അംഗങ്ങളുടെ ശ്രദ്ധയ്ക്ക്

### അംഗത്വത്തിനുള്ള അപേക്ഷാഫാറം കരയോഗം ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്

23-6-2024 ൽ കൂടിയ എറണാകുളം കരയോഗം പൊതുയോഗം എറണാകുളം കരയോഗം നിയമാവലി 5, 7(i) (ii), 8,9,10,11,13,14 എന്നീ വകുപ്പുകളും അതിന്റെ ഉപവകുപ്പുകളും നില നിർത്തിക്കൊണ്ട് കരയോഗത്തിലെ ഓരോ അംഗങ്ങൾക്കും അവരവരുടെ കുടുംബാംഗങ്ങൾക്ക് (അച്ഛൻ, അമ്മ, ഭർത്താവ്, ഭാര്യ, മക്കൾ) 2025 ഡിസംബർ 31 വരെ അംഗത്വഫീസിൽ ഇളവു നല്കി അംഗത്വം നല്കുവാൻ തീരുമാനം എടുത്തിട്ടുള്ള വിവരം സന്തോഷപൂർവ്വം അറിയിച്ചുകൊള്ളുന്നു.

എല്ലാ അംഗങ്ങളും ഈ അവസരം പ്രയോജനപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുന്നു. കൂടതൽ വിവരങ്ങൾക്ക് കരയോഗം ഓഫീസുമായി ബന്ധപ്പെടുക.

✷ ✷ ✷

### എറണാകുളം കരയോഗം ശതാബ്ദിയാഘോഷഫണ്ട് സമാഹരണം

2025 ൽ എറണാകുളം കരയോഗം ശതാബ്ദിയാഘോഷം സമുചിതമായി ആഘോഷിക്കുന്നതിലേയ്ക്കുള്ള പദ്ധതികളും പരിപാടികളും നടത്തുന്നതിന് ധനസമാഹരണം ഒരു പ്രധാന ഘടകമാണ്. ആയതിലേയ്ക്ക് ഓരോ കരയോഗാംഗവും 2000 രൂപ വീതവും ഒരേ വീട്ടിൽ മൂന്നോ അതിൽ കൂടുതലോ കരയോഗാംഗങ്ങളുള്ളവർ 5000 രൂപയും ശതാബ്ദി ഫണ്ടിലേയ്ക്ക് നൽകണമെന്ന് 23-6-2024 ൽ കൂടിയ 99-ാം വാർഷികപൊതുയോഗം തീരുമാനമെടുത്തിട്ടുള്ള വിവരം കരയോഗാംഗങ്ങളെ ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

✦ ✦ ✦

**കരയോഗത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾ അറിയുന്നതിനായി അംഗങ്ങൾ മാത്രം താഴെ കാണുന്ന WhatsApp നമ്പറിൽ ബന്ധപ്പെടുകയോ link ലൂടെ ജോയിൻ ചെയ്യുകയോ ചെയ്യാവുന്നതുമാണ്.**

☞ **8281588833**

OPEN THIS LINK TO JOIN MY WHATSAPP GROUP:
https://chat.whatsapp.com/JvuXAILW6Tg8UD6J29v1Vy

ജനറൽ സെക്രട്ടറി
എറണാകുളം കരയോഗം



# ബാലലോകം



പറവൂർ രാജഗോപാൽ – 9847291483

## സ്വർഗവും നരകവും

**പ്രിയപ്പെട്ട കൂട്ടുകാരേ,**

സുഖം തന്നെ?

ഇതൊന്നു വായിച്ചു നോക്കൂ–

'സ്വർഗ്ഗമെന്നും, നരകമെന്നുമൊക്കെ പറഞ്ഞു കേൾക്കുന്നുണ്ട്. എന്നാൽ ഏതാണ് സ്വർഗ്ഗം? എവിടെയാണ് നരകം?'

പണ്ടൊരു രാജാവിന്റെ പടക്കുറുപ്പിന് സംശയം വന്നു.

'ആരോട് ചോദിച്ചാൽ അറിയാൻ പറ്റും?'

പലനാളായി അയാളുടെ ഉള്ളിൽ ഈയൊരു ചിന്ത മാത്രമായി.

പിന്നീട് എന്നോ ഒരു വനാന്തരത്തിലൂടെ അയാൾ തന്റെ കുതിരയെ പായിച്ച് പോകയായിരുന്നു. അപ്പോൾ കുറച്ചകലെയായി ഒരു താപസാശ്രമം കണ്ടു. കുതിരയെ അങ്ങോട്ട് നയിച്ച് അയാൾ ആശ്രമ മുറ്റത്തെത്തി, അവിടെ താപസനൊരാൾ ഭൂമിയിലേക്കും ആകാശത്തേക്കും ഇടയ്ക്കിടെ കണ്ണയച്ചുകൊണ്ട് ഇരിക്കുന്നു.

അയാൾ താപസനെ വന്ദിച്ചു. തന്റെ സംശയം ഉന്നയിച്ചു. 'സ്വർഗ്ഗം ഏതാണ്? നരകമെന്നത് എവിടെയാണ്?'

താപസൻ അയാളെ നോക്കി.

'നിങ്ങളാരാണ്?'

'മഹാരാജാവിന്റെ കാവൽ പടയാളിയാണ് ഞാൻ. എന്തേ കണ്ടിട്ട് തോന്നുന്നില്ലേ?'

'ആരുപറഞ്ഞു നിങ്ങളൊരു പടയാളിയാണെന്ന്. നിങ്ങളെ കണ്ടിട്ട് പടയാളിയും പടക്കുറുപ്പുമൊന്നുമായിട്ട് തോന്നുന്നില്ലല്ലോ. കണ്ടിട്ട് അസ്സലൊരു കോമാളിയുടെ പോലെ തോന്നുന്നു.'–

താപസൻ പറഞ്ഞു.

അതുകേട്ട് പടക്കുറുപ്പിന് ദേഷ്യം വന്നു. അയാളുടെ കൈ വാൾ പിടിയിൽ മുറുകി.

അതുകണ്ട് താപസൻ തുടർന്നു.

'അപ്പോൾ നിങ്ങൾക്കൊരുവാളുണ്ട്. ഇതുകൊണ്ട് നിങ്ങൾ എത്രപേരെ സകുലം വധിച്ചിട്ടുണ്ട്. എത്ര പേരെ ജീവമുക്തരാക്കിയിട്ടുണ്ട്...?'

പടയാളിക്കു കോപമിരട്ടിച്ചു. ഉറയിൽനിന്ന് അയാൾ വാൾ വലിച്ചൂരി.

ഉടൻ താപസൻ പറഞ്ഞു.

'ഇവിടെ നരകത്തിന്റെ വാതിൽ തുറക്കുന്നു.'

പെട്ടെന്ന് എന്തോ ആലോചിച്ചിട്ടെന്നപോലെ പടയാളി തന്റെ വാൾ ഉറയിലേക്കിട്ടു. താപസനു മുന്നിൽ വിനയാന്വിതനായി.

'അങ്ങ് ക്ഷമിക്കണം. ഞാൻ പെട്ടന്ന് ദേഷ്യം കൊണ്ട് അവിവേകം പ്രവർത്തിക്കാൻ ഒരുങ്ങിയതാണ്. മനഃപൂർവ്വമല്ല. മാപ്പാക്കണം.'

താപസൻ ചിരിച്ചുകൊണ്ട് പറഞ്ഞു.


'ഇവിടെ തുറക്കുന്നു സ്വർഗ്ഗം.'

പടക്കുറുപ്പിന് താപസൻ പറഞ്ഞതിന്റെ പൊരുൾ മനസ്സിലായി. കോപം നരകത്തിലേക്കും. ക്ഷമ സ്വർഗത്തിലേക്കുമുള്ള കവാടങ്ങളാണെന്ന് അയാൾ തിരിച്ചറിഞ്ഞു.

താപസനെ വന്ദിച്ചുകുപ്പി പടക്കുറുപ്പ് മടങ്ങി.

കുട്ടികളായ നിങ്ങൾ ക്ഷമ ജീവിതത്തിൽ വളർത്തിയെടുക്കണം. പെട്ടന്നുള്ള കോപം പല അനർഥങ്ങളും വരുത്തിവെയ്ക്കും. ക്ഷമിക്കാനും, സഹിക്കാനും കാര്യങ്ങൾ കണ്ടറിഞ്ഞ് പ്രവർത്തിക്കാനും തുടങ്ങുമ്പോൾ ജീവിതം തന്നെ മാറിമറിയും. പ്രതികൂലതകൾ അനുകൂലമായിവരും. ജീവിതം ആയാസലളിതമാവും. അതോടെ നാം ജീവിതത്തെ ഇഷ്ടപ്പെട്ടുതുടങ്ങും. പരമ പ്രേമത്തോടെ ജീവിതത്തെ കണ്ടറിഞ്ഞുതുടങ്ങുമ്പോൾ എത്രയോ സുന്ദരമാകും കാര്യങ്ങൾ എന്നോ...?!

ക്ഷമ ശീലമാക്കി വളർത്തിയാലും! ശുഭ ദിനങ്ങൾ നിങ്ങൾക്കായി കാത്തിരിക്കുന്നു. ■



# വാസ്തു ശാസ്ത്രം



ശ്രീ. പ്രഭാകരമേനോൻ പര്യാടത്ത്, റിട്ടയേർഡ് എഞ്ചിനീയർ, വാസ്തു വിദഗ്ദ്ധൻ - 9447032434

കഴിഞ്ഞ ദിവസംപോയ വീട്ടിലെ കാര്യങ്ങൾ കേട്ടപ്പോൾ വളരെ വിഷമം തോന്നി. വാസ്തുശാസ്ത്രത്തിന്റെ പേരിൽ ആളുകളെ ഭയപ്പെടുത്തുകയും, കബളിപ്പിക്കുകയും ചെയ്യുന്നു കഴിഞ്ഞ ആറ് മാസത്തിനിടയിൽ മൂന്ന് പ്രശസ്തർ അവിടെ വന്നു വാസ്തു നോക്കി. ആദ്യം വന്ന ആൾ വീട്ടിലെ എല്ലാമുറികളുടെ അകവും, വീടിന്റെ ചുറ്റും അളന്നശേഷം എല്ലാമുറികളുടെയും കണക്കുകൾ തെറ്റാണെന്നും അതുകൊണ്ട് വീട് മാറുന്നതാണ് നല്ലതെന്നും അഭിപ്രായപ്പെട്ടു. രണ്ടാമത് വന്നയാൾ വീടിനു ചുറ്റും, പറമ്പും മുഴുവനായി അളന്നതിനു ശേഷം ഗന്ധർവ്വൻ പോകുന്ന വഴിയിലാണ് വീടെന്നും അതുകൊണ്ട് താമസിക്കുവാൻ പറ്റില്ലെന്നും പറഞ്ഞു. മൂന്നാമത് വന്നയാളുടെ അഭിപ്രായത്തിൽ അടുക്കള ബെഡ്റൂമിനെക്കാൾ വലുതാണ്, മരണചുറ്റുമാകുന്നു. മൂന്നുമാസത്തിനകം വലിയ അപകടം സംഭവിക്കാം. അതുകൊണ്ട് വീട് ഉടനെ മാറണമെന്ന് പറഞ്ഞു. അവിടെ താമസിക്കുന്നവർക്ക് ചില്ലറ ആരോഗ്യപ്രശ്നങ്ങളും അനാവശ്യചിലവുകളുമുണ്ട്. വീട് മാറുവാൻ തീരുമാനിച്ച് വീട് കണ്ടുപിടിച്ച് മൂന്ന് മാസത്തെ അഡ്വാൻസും കൊടുത്തു ആ സമയത്താണ് അവരുടെ ഒരു ബന്ധുവഴി ഞാൻ അവിടെ എത്തുന്നത്. പരിശോധിച്ചപ്പോൾ അടുക്കള കിഴക്ക്തെക്ക്, കിഴക്കോട്ടു നോക്കി പാചകം ചെയ്യുന്നു, കിഴക്ക്ഭാഗത്ത് നാലുപാളി ജനലുണ്ട്. Stove ഇരിക്കുന്നത് കിഴക്ക്തെക്കാണ്. പാത്രം കഴുകുന്നതിനുള്ള സിങ്ക് വടക്കുകിഴക്കേ മൂലയിലും. പൂജാമുറി ഊണുമുറിയുടെ തെക്കുപടിഞ്ഞാറ് ഭാഗത്ത് കിഴക്കോട്ട് തിരിഞ്ഞ് Staircase ന് താഴെയാണ്. പൂജാമുറിയുടെ കിഴക്ക് നല്ല ജന്നൽ ഉള്ളതുകൊണ്ട് ഉദയം നേരെ പൂജാമുറിയിലേക്കു വരുന്നു. പടിഞ്ഞാറുഭാഗത്ത് തെക്കും, വടക്കും കിടപ്പുമുറികളാണ്. ഡൈനിങ് റൂമിൽ നിന്നും സ്റ്റെയർകേസ് കിഴക്കുനിന്നും പടിഞ്ഞാറോട്ടു കയറി തെക്കോട്ട് തിരിഞ്ഞുവരുന്നു. വീടിന് യാതൊരുവക കുഴപ്പങ്ങളുമില്ല. അടുക്കള മറ്റുമുറിയെക്കാൾ വലുതായിരുന്നാൽ ശാസ്ത്രീയമായി ഒരു കുഴപ്പവുമില്ല.

**അവിടുത്തെ പ്രശ്നങ്ങൾ**

1) വീടിന്റെ വടക്കുവശം ഒഴിഞ്ഞ സ്ഥലം 2 മീറ്ററും, തെക്കുവശം 2.5 മീറ്ററുമാണ്
2) കിഴക്കുവശം ഒഴിഞ്ഞ സ്ഥലം 1.50 മീറ്ററും, പടിഞ്ഞാറുവശം 2.50 മീറ്ററുമാണ്
3) പടിഞ്ഞാറുവശത്തെ പ്ലോട്ട് ഉദ്ദേശം 2 മീറ്റർ താഴ്ന്നാണിരിക്കുന്നത്.
4) വീട്ടിലെ ജനലുകൾ കഴിഞ്ഞ നാലുകൊല്ലമായി തുറക്കാറില്ല. കർട്ടൻ ഇട്ടു മുടിയിരിക്കുകയാണ്.

**പ്രതിവിധികൾ**

1) വടക്കുള്ളതിനേക്കാൾ കുറച്ച് തെക്കുവശത്ത് വീടിന് അതിരിടണം 18 മുതൽ 24 cm വരെ ചെറിയ മതിൽ മതി.
2) കിഴക്കിനേക്കാൾ കൂടുതൽ സ്ഥലം പടിഞ്ഞാറുള്ളതുകൊണ്ട് കിഴക്കിനേക്കാൾ കുറഞ്ഞ് പടിഞ്ഞാറുവശത്ത് വീടിനു സമാന്തരമായി അതിരിടണം. ഇപ്പോൾ പടിഞ്ഞാറെ പറമ്പ് വീടിന്റെ മതിലിനും, പുതിയതായി ഇട്ട അതിരിനും ഇടയിലുള്ള സ്ഥലമാണ്.
3) വീടിനകത്തെ എല്ലാവാതിലുകളും, ജന്നലുകളും രാവിലെയും വൈകുന്നേരവും 10 മിനിറ്റെങ്കിലും തുറന്നിടണം. രാവിലെ തുറന്നിട്ടാൽ തെക്കുപടിഞ്ഞാറൻ കാറ്റ് വീട് മുഴുവൻ എത്തുന്നതാണ്. പ്രത്യേകിച്ച് കിടപ്പുമുറികളിൽ.
4) വൈകുന്നേരം 4.30 മുതൽ 6 വരെ ജന്നലുകൾ തുറന്നിട്ടാൽ പോക്കുവെയിൽ വീടുമുഴുവൻ എത്തുന്നതാണ്.

വീടിനു കുറ്റിയടിക്കുമ്പോൾ കിഴക്കും, വടക്കും കഴിയുന്നത്ര സ്ഥലം വിടാൻ ശ്രദ്ധിക്കണം. മുറിയുടെ അളവുകളും, ചുറ്റും നോക്കുന്നത് വാസ്തുശാസ്ത്രമല്ല അത് തച്ചന്റെ അഥവാ തച്ചുശാസ്ത്രമാണ്. വാസ്തു ശാസ്ത്രത്തിൽ ഒരു സ്ഥലത്തും അളവുകൾക്ക് സ്ഥാനമില്ല. പഞ്ചഭൂതങ്ങളായ ഭൂമി, ആകാശം, അഗ്നി, വായു, ജലം എന്നിവ താമസിക്കുന്ന വീട്ടിൽ അവിടെ താമസിക്കുന്നവരുടെ ആരോഗ്യത്തിനായി എങ്ങനെ ഉപയോഗിക്കാം എന്നുള്ളതിന്റെ പരിശ്രമമാണ്. ■

**എറണാകുളം കരയോഗം**
**ടി.ഡി.എം ഹാളിൽ നടത്തുന്ന പ്രതിമാസ**
**കലാ-സാഹിത്യ-സാംസ്കാരിക പരിപാടികൾ**




**2025 മാർച്ച് 10 മുതൽ ഏപ്രിൽ 10 വരെ**

| | | | | |
|---|---|---|---|---|
| 1. | 12-03-2025<br>19-03-2025<br>26-03-2025<br>02-04-2025<br>09-04-2025 | ബുധൻ | ദേവിഭാഗവത ക്ലാസ്സ് – വത്സല.പി.പി | 3.00 p.m - 4.30 p.m. |
| 2. | 13-03-2025<br>20-03-2025<br>27-03-2025<br>03-04-2025<br>10-04-2025 | വ്യാഴം | എറണാകുളം കരയോഗം<br>എൽഡർ സിറ്റിസൺസ് ഫോറം | 4.00 p.m. - 6.00 p.m. |
| 3. | 15-03-2025 | ശനി | എറണാകുളം കരയോഗം ഹെറിറ്റേജ് ഗ്രൂപ്പിന്റെ ആഭിമുഖ്യത്തിൽ **കേരളത്തിന്റെ തനതായ പാചക പൈതൃകം** എന്ന വിഷയത്തെ കുറിച്ച് ഡോ. തന്യ എബ്രഹാമിന്റെ പ്രഭാഷണം. | 5.00 p.m. - 6.00 p.m. |
| 4. | 16-03-2025 | ഞായർ | എറണാകുളം കരയോഗം സാംസ്കാരികവേദി<br>**അകായിലെ സംഗീതം**<br>എം. എസ്. ബാബുരാജിന്റെ പാട്ടുകൾ | 4.00 p.m |
| 5. | 21-03-2025 | വെള്ളി | ബീം – മഹാലക്ഷ്മി സർവേശ്വരത്തിന്റെ **ഭരതനാട്യം** | 6.30 p.m. |
| 6. | 23-03-2025 | ഞായർ | സാഹിതീ യോഗം പരിപാടി – **ലളിതാംബിക അന്തർജ്ജനം എഴുതിയ അഗ്നിസാക്ഷി**<br>അവതരണം: ഹേമ. ടി. തൃക്കാക്കര | 10.30 a.m |
| 7. | 14-04-2025 | തിങ്കൾ | വിമൻസ് ഫോറം | 3.00 p.m - 5.00 p.m. |

# ലഹരി മുക്ത കേരളം

**NO**

**മാനവരാശിയെ നശിപ്പിക്കുന്ന മാരക വിപത്താണ് മയക്കു മരുന്ന്. ലഹരി വസ്തുക്കളുടെ ഉപയോഗം അതുപയോഗിക്കുന്ന വ്യക്തിയോടൊപ്പം കുടുംബത്തേയും, സമൂഹത്തേയും പൂർണ്ണമായും നശിപ്പിക്കും. സമൂഹത്തിൽ നിന്നും ലഹരി ഉപയോഗം അപ്പാടെ ഇല്ലാതാക്കാനായി കരയോഗാംഗങ്ങളായ നമുക്ക് കൂട്ടായ് പ്രയത്നിക്കാം.**

**ജീവിതമാണ് ലഹരി എന്നെ ആശയം സ്വന്തം ജീവിതത്തിലും, മറ്റുള്ളവരുടെ ജീവിതത്തിലും പകർത്തുക. കേരളം ദൈവത്തിന്റെ സ്വന്തം നാട് ആകണമെങ്കിൽ ലഹരിമുക്തമാകണം അതിനായി നമുക്ക് ഒത്തൊരുമിച്ച് കൈകോർക്കാം...**

**DRUGS**

ക്ഷേത്രങ്ങളിലൂടെ

# നെറുങ്കൈതക്കോട്ട ശാസ്താക്ഷേത്രവും മേക്കോട്ട ഭഗവതിക്ഷേത്രവും

ഇന്ദിരാഭായി - 8078552892

(തുടർച്ച.....)

ഇന്നും തിരുവിതാംകൂർ രാജകുടുംബാംഗങ്ങൾ നെറുങ്കൈതക്കോട്ടക്ഷേത്രത്തിൽ ദർശനം നടത്താൻ എത്താറുമുണ്ട്.

പരപ്പനാട് പ്രകൃതിഭംഗി നിറഞ്ഞ പ്രദേശമാണ്. പരപ്പനാടിന്റെ കിഴക്കുഭാഗം തലയുയർത്തി നിൽക്കുന്ന കുന്നിൻനിരകളും, തെക്കുഭാഗം കുതിച്ചൊഴുകുന്ന കോരപ്പുഴയും, വടക്കുഭാഗം വിലാസവതിയായ കോട്ടപ്പുഴയും, പടിഞ്ഞാറുഭാഗം ആർത്തിരമ്പുന്ന അറബിക്കടലുമാണ്. ഇവർക്കിടയിലെ വള്ളിക്കുന്നിലെ ഏറ്റവും വലിയ കോട്ടക്കുന്നിന്റെ നിറുകയിലെ നെറുങ്കൈതക്കോട്ടയിലാണ് മേക്കോട്ട ഭഗവതിക്ഷേത്രം സ്ഥിതിചെയ്യുന്നത്. ചുറ്റും കോട്ടക്കിടങ്ങുകളാൽ ചുറ്റപ്പെട്ട് സുരക്ഷിതമായി കിടക്കുന്ന ഈ സ്ഥലം പരപ്പനാട് രാജവംശത്തിന്റെ പട്ടാളപരിശീലനകേന്ദ്രവും, ആയുധപരിശീലനകേന്ദ്രവുമായിരുന്നു എന്നതിന്റെ പല അടയാളങ്ങളും ഇന്നും ഇവിടെ അവശേഷിക്കുന്നുണ്ട്. ശത്രുക്കൾക്ക് അപ്രാപ്യമായ ഈ സ്ഥലത്തിരുന്നുകൊണ്ട് എതിരാളികളെ വീക്ഷിക്കുവാനും എതിർക്കുവാനും പടനായകന്മാർക്ക് സാധിച്ചിരുന്നു. പ്രകൃതി തന്നെ രൂപപ്പെടുത്തിയ ഒരു അപൂർവ്വ സൈനികത്താവളമായാണ് ഈ പ്രദേശം അറിയപ്പെട്ടിരുന്നത്. ചരിത്രമുറങ്ങുന്ന മേക്കോട്ടയിലെ ഭഗവതിക്ഷേത്രവും പരിസരങ്ങളും ഒന്നു കാണേണ്ടത് തന്നെ. നാനാവിധ വൃക്ഷലതാദികൾ നിറഞ്ഞതും പലതരം ജീവജാലങ്ങളും പക്ഷികളും യഥേഷ്ടം വിഹരിക്കുന്നതുമായ ഈ ക്ഷേത്രപരിസരം 48 ഏക്കർ വിസ്തൃതിയിലാണ് കാണപ്പെടുന്നത്. 1100 ലേറെ വർഷങ്ങളുടെ പഴക്കമുള്ള ഈ ക്ഷേത്രത്തിൽ രാജ്യത്തെ ശത്രുക്കളിൽനിന്നും രക്ഷിക്കുന്ന യോദ്ധാക്കൾക്ക് ധൈര്യവും വീര്യവും വിജയവും പ്രദാനം ചെയ്യുന്ന സർവ്വാഭിഷ്ടവരദായിനിയും ശക്തിസ്വരൂപിണിയുമായ ദേവിയെ രാജകുടുംബം അവരുടെ പരദേവതയായി ഇവിടെ പ്രതിഷ്ഠിച്ചിരിക്കുന്നു.

ദാരുകവധം കഴിഞ്ഞ് വേതാളത്തിന് പുറത്തിരിക്കുന്ന ഭാവത്തിലാണ് മേക്കോട്ടയിലമ്മയുടെ പ്രതിഷ്ഠ. പടിഞ്ഞാട്ടാണ് ദേവിയുടെ ദർശനം. കിഴക്കോട്ട് ദർശനമായി ഗണപതിയും, കന്നിമൂലയിൽ നാഗദേവത പ്രതിഷ്ഠയും ഉണ്ട്. രാജവംശത്തിന്റെ ഉപാസനാമൂർത്തിയായ ഭഗവതിയെ മേക്കോട്ടയിൽ മച്ചിൽ ഭഗവതിയായി കുടിയിരുത്തിയെന്നാണ് വിശ്വാസം. ഭഗവതി മേക്കോട്ടയിൽ കുടിയിരിക്കുന്നതിനു മുമ്പ് അമ്മ സഹോദരിയോടൊപ്പം മേക്കോട്ടയിൽ നിന്നും മൂന്ന് കിലോമീറ്റർ അകലെയുള്ള തേക്കിൽ ദേവസ്ഥാനത്ത് പരമശിവനെ വന്ദിക്കുവാനായി പോയി. പരമശിവനെ വന്ദിച്ച് മടങ്ങിവരുംവഴി വിശ്രമിക്കുവാനായി അടുത്തുകണ്ട ഒരു തറയിൽ ഇരുന്നു. ഇത് കളരി അഭ്യാസം നടത്തിയിരുന്ന തറയായിരുന്നു. നടന്നു ക്ഷീണിച്ച ദേവിമാർ ദാഹശമനത്തിനായി ഇളനീരെടുത്തു. എന്നാൽ അനുജത്തിക്ക് കിട്ടിയ ഇളനീർ പൊട്ടിയതായിരുന്നു. ഇതോടെ അനുജത്തിക്ക് അശുദ്ധി ബാധിച്ചു എന്ന് മനസ്സിലാക്കിയ ചേച്ചി അനുജത്തിയെ കളരിത്തറയിൽ തനിച്ചാക്കി മേക്കോട്ടയിലേക്ക് യാത്രയായി. തനിച്ചിരിക്കുന്നതും തന്നെപ്പിരിഞ്ഞിരിക്കുന്നതും അനുജത്തിക്ക് സങ്കടമുണ്ടാക്കുന്നു എന്ന് മനസ്സിലാക്കിയ ദേവി എല്ലാ വർഷവും കുംഭമാസത്തിൽ ഒരു ദിവസം വന്നു കണ്ടുകൊള്ളാം എന്ന് അനുജത്തിക്ക് വാക്ക് നൽകിയ ശേഷം മേക്കോട്ടയിലേക്ക് യാത്രയാവുന്നു. വർഷത്തിലൊരിക്കൽ ദേവി പരിവാര സമേതയായി അനുജത്തിയെ കാണാൻ എത്തുന്നു എന്ന സങ്കൽപ്പത്തിലാണ് ഇന്നും ഇവിടെ മേക്കോട്ടയിലമ്മയുടെ താലപ്പൊലി മഹോത്സവം നടക്കുന്നത്. ചേച്ചിയുടെ എഴുന്നള്ളത്ത് തലപ്പൊലിപ്പറമ്പിൽ എത്തുന്നതോടെ ദീപം കൊളുത്തിയ താലങ്ങളുമായി സ്ത്രീകൾ ദേവിയെ വരവേൽക്കാനായി നിരനിരയായി നിൽക്കും. എഴുന്നള്ളത്ത് താലപ്പൊലിപറമ്പിലെത്തിയാൽ (അനുജത്തിയിരിക്കുന്ന കളരിത്തറയിൽ) വെളി

➜

ച്ചപ്പാടും അവിടെയെത്തും. താലത്തിൽ നിന്നും അരിയെടുത്ത് സ്ത്രീകൾ വെളിച്ചപ്പാടിനുനേരെ 3 തവണ തൂവും. അതിനുശേഷം വെളിച്ചപ്പാട് മൂന്നുവെട്ടം അരിയെടുത്ത് മേലേക്കെറിയും. ഇങ്ങനെ അരിതൂവിക്കഴിയുന്നതോടെ ചേച്ചി അനുജത്തി സമാഗമം സമാപിച്ചു എന്നാണ് സങ്കല്പം. ഈ അരിതൂവൽ ദർശിക്കുന്നത് സർവ്വ ഐശ്വര്യങ്ങൾക്കും ഉത്തമം എന്ന് വിശ്വസിക്കുന്നു. ചേച്ചി അനുജത്തി ദർശനം കഴിഞ്ഞാൽ താലപ്പൊലി മേക്കോട്ടയിലേക്ക് മടങ്ങും.

മേക്കോട്ടയിലമ്മക്ക് രണ്ടു നേരമാണ് പൂജകൾ നടക്കുന്നത്. രാവിലെ സൂര്യോദയത്തിന് ശേഷവും വൈകുന്നേരം സൂര്യാസ്തമയത്തിന് മുമ്പുമാണ് പൂജകൾ നടത്തുന്നത്. വൈകുന്നേരം പൂജകൾ കഴിഞ്ഞ് 5 മണിയോടുകൂടി പൂജാരി ശാസ്താക്ഷേത്രത്തിലേക്ക് മടങ്ങും. 48 ഏക്കർ വിസ്തൃതിയിൽ കിടക്കുന്ന കുന്നിൻനെറുകയിലെ ഈ ക്ഷേത്രങ്ങളിൽ 5 മണിക്ക് മുമ്പ് പൂജകൾ കഴിഞ്ഞില്ലായെങ്കിൽ ഇരുവശവുമുള്ള കാടിനുള്ളിലൂടെ പടിക്കെട്ടുകൾ കടന്നു വരുവാൻ വെളിച്ചമുണ്ടാവില്ല, ഇഴജന്തുക്കളും ഉണ്ടാകും. കുത്തുവിളക്കിന്റെ പ്രകാശവുമായി കാറ്റ് വീശിക്കൊണ്ടിരിക്കുന്ന മലമുകളിൽ നിന്ന് 100 ലേറെ പടിക്കെട്ടുകൾ താണ്ടി താഴ്‌വാരത്തിലുള്ള ക്ഷേത്രത്തിലെത്തുക എന്നത് ഏറെ പ്രയാസമുള്ള കാര്യമാണ്. ഇവിടെ ക്ഷേത്രപരിസരങ്ങളിൽ വേണ്ടത്ര വിളക്കുകളോ, വെളിച്ചമോ, മറ്റു കെട്ടിടങ്ങളോ, മനുഷ്യരോ ഒന്നുംതന്നെ ഇല്ല. പരിസരങ്ങളെല്ലാം കുറ്റിക്കാടുകൾ നിറഞ്ഞു നിൽക്കുന്ന കുന്നിൻമുകളിൽ ക്ഷേത്രത്തിലെ ദേവിയും പ്രകൃതിദേവിയും മാത്രമാണുള്ളത്. അതിനാൽ രാവിലെ സൂര്യോദയത്തിനുശേഷം നടതുറക്കലും വൈകിട്ട് സൂര്യാസ്തമയത്തിനുമുമ്പ് അതായത് വൈകിട്ട് 5 മണിക്ക് പുജകഴിഞ്ഞ് നടയടക്കുന്നു. ഇവിടെ ഗുരുതി പൂജയും, ത്രികാല പൂജയും വളരെ പ്രധാനമാണ്. ഈ ക്ഷേത്രത്തിൽവെച്ച്നിവേദ്യം ഇല്ല. ദേവിക്ക് മലര്, കടുംത്രിമധുരം തുടങ്ങിയ നിവേദ്യങ്ങളാണ് പതിവ്. ഈ ക്ഷേത്രവും ഇവിടുത്തെ ഉത്സവാഘോഷങ്ങളും എന്ന് തുടങ്ങി എന്നതിന് യാതൊരു രേഖകളും ലഭ്യമല്ല . തുടക്കത്തിന് രേഖകളൊന്നുമില്ലെങ്കിലും ഈ പ്രപഞ്ചത്തിലെ ചഞ്ചലചിത്തരായ മനുഷ്യരാശിക്ക് അവരുടെ മനസ്സിന് ഭക്തിയും ധൈര്യവും പ്രധാനം ചെയ്ത് ദൃഢചിത്തരായി ജീവിതവിജയം നേടുവാൻ ദേവി താങ്ങും തണലും ഏകുന്നു. മേക്കോട്ടയിലമ്മയുടെ തിരുമുറ്റത്തുനിന്നുള്ള കാഴ്ചകൾ, അറബിക്കടലും, ദൂരത്തായി സഹ്യപർവ്വത നിരകളും, കോട്ടപ്പുഴയും, കോരപ്പുഴയും, കുന്നും മരങ്ങളും താഴ്‌വാരങ്ങളും എല്ലാം ചേർന്നുള്ള അതിമനോഹരമായ ഒരു കാഴ്ച അത് അവർണ്ണനീയമാണ് . ദൃശ്യമനോഹാരിതയോടെ മേക്കോട്ടയിലമ്മ ശാന്തിയുടെയും സമാധാനത്തിന്റെയും സുരക്ഷയുടെയും അഭയകേന്ദ്രമായി എന്നെന്നും നിലനിൽക്കട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട് മേക്കോട്ടയിലമ്മയുടെ തിരുനടയിലും, പഴയകാല പ്രൗഢിയുടെയും, പ്രതാപത്തിന്റെയും വീരചരിത്ര കഥകളുറങ്ങുന്ന മണ്ണിൽ ഐശ്വര്യത്തിന്റെ നിറദീപമായി തെളിയുന്ന ശാസ്താവിന്റെ തിരുനടയിലും ഭക്തിപൂർവ്വം ശിരസ്സ് നമിക്കുന്നു. ■

## എറണാകുളം കരയോഗം ചാരിറ്റി പ്രവർത്തനങ്ങൾക്ക് 2025 ഫെബ്രുവരി മാസം സംഭാവന നൽകിയവർ

| | | |
|---|---|---|
| 1 | രാമചന്ദ്രൻ. എം, A1, Platinum Vista, ശാസ്താ ടെമ്പിൾ റോഡ്, എറണാകുളം | 8,000 |
| 2 | ഡോ. ഗിരിജ. വി, ശ്രീപത്മം, പൊന്നേത്ത് സൗത്ത് റോഡ്, കടവന്ത്ര | 10,807 |

**ചെറുപ്പകാലങ്ങളിലുള്ള ശീലം**
**മറക്കുമോ മാനുഷനുള്ള കാലം**
**കാരസ്കരത്തിൻ കുരു പാലിലിട്ടാൽ**
**കാലാന്തരേ കയ്പു ശമിപ്പതുണ്ടോ?**

ശ്രീകൃഷ്ണചരിതം മണിപ്രവാളം

**ചെറുപ്പത്തിലേ ശീലം മനുഷ്യൻ ഉള്ള കാലത്തു മറക്കുമോ? കാഞ്ഞിരക്കുരു വളരെക്കാലം പാലിലിട്ടാലും അതിന്റെ കയ്പ് കുറയുമോ?**

# എറണാകുളം കരയോഗം

# വിഷു വിപണന മേള 2025

**05-04-2025 ശനിയാഴ്ച മുതൽ 14-04-2025 തിങ്കളാഴ്ച വരെ**
**ടി.ഡി.എം ഹാളിൽ**

ഏപ്രിൽ മാസം 5-ാം തീയതി രാവിലെ 10.00 ന് വിഷു വിപണന മേള ആരംഭിക്കുന്നു. ഉപ്പേരികൾ, കൊണ്ടാട്ടങ്ങൾ, പാലട, വിവിധയിനം പ്രഥമനുകൾ എന്നിവ ടി.ഡി.എം ഹാൾ വിഷു വിപണനമേളയിൽ നിന്നും ലഭിക്കുന്നതാണ്. എല്ലാ ദിവസവും രാവിലെ 10.30 മുതൽ വൈകുന്നേരം 7.00 മണി വരെയായിരിക്കും വിപണനമേളയുടെ കൗണ്ടർ പ്രവർത്തിക്കുന്നത്.

## വിഷു പ്രഥമനുകൾ

ഏപ്രിൽ 5 മുതൽ 12 വരെ രാവിലെ 11.00 മണി മുതൽ വൈകുന്നേരം 4.00 മണി വരെ പ്രഥമനുകൾ മുൻകൂട്ടി ബുക്കു ചെയ്യാൻ ടി.ഡി.എം. ഹാളിൽ സൗകര്യം ഉണ്ടായിരിക്കുന്നതാണ്.

**ബുക്ക് ചെയ്യ്ത പ്രഥമനുകൾ ഏപ്രിൽ 14-ാം തീയതി വിഷുദിനത്തിൽ ലഭിക്കും.**

## വിഷു സദ്യകിറ്റ് (4 പേരുടെ കിറ്റൊന്നിന് 1500/- രൂപ)

**4 പേർക്കുള്ള വിഭവങ്ങൾ:-** ചോറ്, 2 ഇനം പ്രഥമനുകൾ, സാമ്പാർ, അവിയൽ, കാളൻ, ഓലൻ, പച്ചടി, കിച്ചടി, എരിശ്ശേരി, തോരൻ, അച്ചാർ (3 തരം), ഉപ്പേരി (2 തരം), പരിപ്പ്, നെയ്യ്, മോര്, രസം, പപ്പടം, പഴം, ഇല എന്നിവ

**വിഷു ദിവസം രാവിലെ 9 നും 10.30 നും ഇടയ്ക്ക് മാത്രമേ സദ്യകിറ്റ് വിതരണം ഉണ്ടായി രിക്കയുള്ളു, കിറ്റ് ബുക്ക് ചെയ്തവർ കൃത്യസമയത്ത് എത്തിച്ചേരേണ്ടതാണ്.**

എറണാകുളം കരയോഗം മാംഗല്യ ട്രസ്റ്റ്

**N.B: വിപണനമേളയിൽ നിന്ന് ഉൽപന്നങ്ങൾ വാങ്ങുവാൻ വരുന്നവർ ക്യാരീബാഗ് കൊണ്ടുവരേണ്ടതാണ്.**

# സുഭാഷിതം

വിദ്വൽപ്രഭ . ജെ. എസ് – 9847537007

ജനഹൃദയങ്ങളിൽ സ്ഥാനം നേടുന്നവർ അവരുടെ അറിവുകൊണ്ടോ, സാഹസികതകൊണ്ടോ അല്ല, മനസ്സിലെ നന്മയാണ് – ആ മാന്ത്രിക ശക്തി. ആകാര സൗഷ്ഠവമോ, ബൗദ്ധികസിദ്ധികളോ, ഒന്നുമല്ല ആർഭാടത്തിന്റെയും ഒച്ചപ്പാടിന്റെയും കാലത്ത് മറ്റുള്ളവരുടെ മനസ്സ് മനസ്സിലാക്കി പ്രവർത്തിക്കുന്ന സുമനസ്സുകളാണ് ജനപ്രീതി നേടുന്നവർ.

ഐസക് ന്യൂട്ടൻ എന്ന ശാസ്ത്രജ്ഞന്റെ ജീവിതാനുഭവത്തിന്റെ ഒരു ചെറിയ സംഭവം നമ്മെ വല്ലാതെ ചിന്തിപ്പിക്കുകയും അത്ഭുതപ്പെടുത്തുകയും ചെയ്യുന്നു. ഇരുപതുവർഷത്തെ ഭഗീരഥപ്രയ്തനത്തിന്റെ ഫലമടങ്ങിയ കുറെ പേപ്പറുകൾ അദ്ദേഹം മേശപ്പുറത്ത് വെച്ചിരുന്നു. ഒരു ദിവസം അദ്ദേഹം പുറത്തുപോയി വന്നപ്പോൾ കത്തി ചാമ്പലായ പേപ്പറുകൾ കണ്ട് ഞെട്ടി. തീരാനഷ്ടം എങ്ങനെ സംഭവിച്ചുവെന്ന് കണ്ടെത്തി. സ്വന്തം നായ 'ഡയമണ്ട്' കത്തിക്കൊണ്ടിരുന്ന മെഴുകുതിരി തട്ടിമറിച്ചതിന്റെ പരിണിതഫലം. ദീർഘകാല പരീക്ഷണത്തിന്റെ ആകെത്തുക ഒരുപിടി ചാമ്പൽ.

അദ്ദേഹം അത് കണ്ടിട്ട് പറഞ്ഞത്. "Oh, diamond, thou little knowest what mischief thou has done" – (ഡയമണ്ടേ, നീ വരുത്തിയ അനർത്ഥം നീ തിരിച്ചറിയുന്നില്ല) എത്ര ആത്മസംയമനത്തോടെയാണ് ആ തീരാനഷ്ടത്തെ നേരിട്ടത്. നമ്മിൽ എത്രപേർക്ക് അതിനു സാധിക്കും. ചിലപ്പോൾ ആ നായയുടെ കഥ തന്നെ കഴിച്ചിരിക്കും. അവിടെയാണ് ആ മനസ്സിന്റെ വലിപ്പം. വിവരമില്ലാത്ത മൃഗത്തോട് എത്ര ലാഘവത്തോടെ സംസാരിക്കുന്നു. സാധാരണ മനുഷ്യന് അത് സാദ്ധ്യമല്ല. ഗർജ്ജനവും, ഹിംസിക്കലും അല്ലേ നടക്കുക. പല മഹാന്മാരുടെയും ജീവിതചരിത്രത്തിൽ ഇത്തരം സംഭവങ്ങൾ ധാരാളം കാണാം. അതാണ് മാന്ത്രികശക്തി. കാലങ്ങൾകൊണ്ട് നേടിയെടുക്കുന്ന ശക്തിയാണ്.

ഇന്ന് സമൂഹത്തെ അസ്വസ്ഥമാക്കുന്ന പല ഘടകങ്ങൾ മനുഷ്യമനസ്സിൽ കൂടുകൂട്ടുന്നു. സ്വാർത്ഥലാഭത്തിനായി ബന്ധങ്ങൾ മറന്ന് വെല്ലുവിളിക്കുന്നു. കൊലപാതകങ്ങൾ സാധാരണ സംഭവമായി മാറുന്നു. സഹായമാവശ്യമുള്ളവർക്ക് സഹായമെത്തിക്കാൻ സുമനസ്സുകൾ കുറയുന്നു. അതിർവരമ്പുകൾ ഭേദിക്കാൻ സൗമനസ്യമുണ്ടാകണം.

സ്വന്തം ദുരാഗ്രഹത്തിനായി എന്ത് ക്രൂരകൃത്യവും ചെയ്യും. സ്വന്തം മോഹം നിറവേറ്റുകമാത്രമാണ് ലക്ഷ്യം. ധനമോഹം സകലവിപത്തുകളെയും ക്ഷണിച്ചുവരുത്തുന്ന കാഴ്ച നാം നിത്യേന കാണുകയല്ലേ. ദുര ബാധിച്ചാൽ മൂല്യങ്ങൾ മിന്നിമായും. പിന്നെ സകല വിശ്വാസങ്ങളെയും മറികടക്കാനുള്ള ഊർജ്ജം നേടും. കലാപങ്ങൾക്ക് തിരികൊളുത്താൻ മറ്റെന്താണ് വേണ്ടത്. ആത്മസംയമനം പാലിക്കാൻ നമുക്ക് ന്യൂട്ടനെ മാതൃകയാക്കാം. ■

മിനിക്കഥ

ഉണ്ണി വാരിയത്ത് – 9867179480

## ഒരു വാതിൽ

തന്റെ മുമ്പിൽ എല്ലാ വാതിലുകളും അടഞ്ഞിരിക്കുന്നതായി അവനു തോന്നി. അത് അവനെ വല്ലാതെ അസ്വസ്ഥനാക്കി.

തോന്നലുകൾ എപ്പോഴും ശരിയാകണമെന്നില്ല എന്ന് പുതിയ ഒരു തോന്നലുണ്ടായി ഒരു ദിവസം അവന്. അടഞ്ഞുകിടക്കുകയാണെങ്കിലും ഏതെങ്കിലും ഒരു വാതിൽ വെറുതെ ചാരിവെച്ചതാകാം. ഒരു തള്ളിനോ മുട്ടിവിളിക്കോ കാത്തിരിക്കുകയാകാം അത്!

തുടർന്നുള്ള പരിശോധന ഫലം കണ്ടു. ഇപ്പോൾ അവൻ സ്വസ്ഥനാണ്.

# നിശീഥിനിയിലെ മിന്നാമിനുങ്ങ്

പത്മജ മേനോൻ – 8289887472

(തുടർച്ച.....)

എന്നും സിദ്ധാർത്ഥ് അമ്മയെ വിളിക്കും അപ്പോഴെല്ലാം തന്നോടും സംസാരിക്കും വളരെ ഭംഗിയായി ഞങ്ങൾ അഭിനയിച്ചു കൊണ്ടിരുന്നു. താൻ ഒരിക്കൽ പോലും വീട്ടിലേക്ക് പോയില്ല അച്ഛൻ ഇടയ്ക്ക് വിളിക്കും മോൾ രണ്ടു ദിവസം ഇവിടെ വന്നുനിൽക്ക് എന്ന് പറഞ്ഞ് എന്തുകൊണ്ടോ തനിക്ക് പോകാൻ തോന്നിയില്ല. എന്റെ വിശേഷങ്ങൾ അറിയാൻ വീട്ടുകാരും, കുട്ടുകാരുമെല്ലാം കാത്തിരിക്കുകയായിരിക്കും തനിക്ക് അവരോട് ഒന്നും പറയാനില്ല. ഒരു ദിവസം അമ്മ പറഞ്ഞു നമ്മൾക്ക് കുറച്ച് ക്ഷേത്ര ദർശനം നടത്താം. വയ്യെങ്കിലും പോയി പ്രാർത്ഥിക്കണം. എന്ന് പറഞ്ഞു ക്ഷേത്രദർശനം നടത്തി അപ്പോഴെല്ലാം അമ്മ ഓരോ വഴിപാട് നേർന്നുകൊണ്ടിരുന്നു. മകന് എത്രയും വേഗം കുട്ടി ആകുവാനായി, നിഷ്കളങ്കയായ അമ്മയെ താൻ നിസ്സഹായതയോടെ നോക്കിനിന്നു. അച്ഛൻ ഒരിക്കൽ വിളിച്ചപ്പോൾ പറഞ്ഞു രണ്ടു അനുജത്തിമ്മാർക്കും കല്യാണം ശരിയായിട്ടുണ്ടെന്ന്, അവരുടെ കല്യാണത്തിന് അമ്മ നല്ലൊരു തുക സംഭാവന ചെയ്തു. കല്യാണത്തിന് സിദ്ധാർത്ഥ് വന്നിരുന്നു. കല്യാണത്തിന് പോയപ്പോൾ താൻ വലിയ പണക്കാരിയായതിന്റെ ഗമയാണെന്ന് പറഞ്ഞ് പലരും കുറ്റപ്പെടുത്തി. ഒരു പുഞ്ചിരിയിൽ താൻ എല്ലാം ഒതുക്കി നിറുത്തി.

സിദ്ധാർത്ഥിന് തന്നെ ഓർത്തു വലിയ വേവലാതിയായിരുന്നു. തനിക്ക് എങ്ങനെയാ ഇത്ര നന്നായി അഭിനയിക്കാൻ കഴിയുന്നത് എന്ന് ചോദിച്ചപ്പോൾ താൻ പറഞ്ഞു ഞാൻ അഭിനയിക്കുകയല്ല ജീവിക്കുകയാണെന്ന് എനിക്ക് ഈ ജീവിതം നൽകിയ വിധിയുമായി ഞാൻ പൊരുത്തപ്പെട്ടുകഴിഞ്ഞുയെന്ന് ... മോളെ നന്ദമോളെ എന്ന് പറഞ്ഞ് 'ജാനു' ഉറക്കെ വിളിക്കുന്നുണ്ട്. ഒന്ന് വേഗം വരൂ എന്ന് പറഞ്ഞപ്പോൾ ഞങ്ങൾ പെട്ടെന്ന് ഇറങ്ങി പോയി അമ്മ അനങ്ങുന്നില്ല വിളിച്ചിട്ട് എഴുന്നേൽക്കുന്നില്ല.... സിദ്ധാർത്ഥ് ഓടിപോയി നോക്കിയപ്പോൾ ഒരു യാത്രമൊഴിപോലും പറയാതെ അമ്മ നിതാന്ത നിദ്രയിലേക്ക് ആണ്ട് പോയിരിക്കുന്നു. പിന്നെയുള്ള ദിവസങ്ങളിലെല്ലാം മരണാന്തര ചടങ്ങുകൾ ചെയ്തുകൊണ്ടിരുന്നു. ഒടുവിൽ സിദ്ധാർത്ഥ് കുറച്ച് റെക്കാർഡുകൾ തന്നെ ഏൽപ്പിച്ചു ഞാൻ പറഞ്ഞപോലെ എല്ലാ അവകാശവും തന്റെ പേരിലാക്കിയിട്ടുണ്ട്. തന്നോട് എങ്ങനെ നന്ദി പറയണമെന്നറിയില്ല. അമ്മയ്ക്ക് മനഃശാന്തിയോടെ മരിക്കാൻ കഴിഞ്ഞു. ദേവനന്ദ ഈ മാസങ്ങളത്രയും ഒരു ദേവതയായി മാറുകയായിരുന്നു. എന്റെ അമ്മ എനിക്ക് കണ്ടുപിടിച്ച പെണ്ണ് ഏറ്റവും മികച്ചതായിരുന്നു. പക്ഷെ ഒന്നിനും യോഗമില്ലാത്തവനാണ് ഞാൻ. ഞാൻ പോയാലും ഇടയ്ക്ക് വിളിക്കും മറക്കാൻ പറ്റുന്ന ബന്ധമല്ലല്ലോ നമ്മുടെത്. നല്ലൊരു സൗഹൃദം നമ്മൾ തമ്മിൽ എന്നും ഉണ്ടാവണം. പിന്നെ ദേവനന്ദക്ക് യോജിച്ച ഒരാളെ കണ്ടെത്തി വിവാഹം ചെയ്യണം. ഇനി കാര്യങ്ങൾ തുറന്നു പറഞ്ഞു കൊള്ളൂ... ഒരു കാര്യം ചെയ്യാൻ ദേവനന്ദ മറക്കരുത് അമ്മയുടെ കുഴിമാടത്തിൽ തിരികത്തിക്കുവാൻ. താടിയെല്ലാം വളർന്ന സിദ്ധാർത്ഥിന്റെ മുഖം ശോക ഭാവത്താൽ നിരാശ ഉളവാക്കിയിരുന്നു. ദേവനന്ദ പതിയെ ചോദിച്ചു– റീത്തയുമായി ഇപ്പോഴും... അതെ ഞാൻ നല്ലൊരു രക്ഷാകർത്താവാണ് റീത്തക്കും മകനും.... ജീവിതത്തിൽ നമ്മൾക്ക് ഓരോ വേഷങ്ങളാണല്ലോ അത് നന്നായി തിമർത്താടുക... അപ്പോൾ ശരി ഞാൻ ഇറങ്ങുകയാണ്... ഒരു പ്രത്യേക സാഹചര്യത്തിലാണെങ്കിലും കാണാനും, പരിചയപ്പെടാനും, മനസ്സിലാക്കാനും കഴിഞ്ഞതിൽ ദൈവത്തോട് ഒരായിരം നന്ദി എന്ന് പറഞ്ഞ് സിദ്ധാർത്ഥ് തന്റെ നേരെ കൈകൾ നീട്ടി... യാന്ത്രികതയോടെ താനും കൈകൾ നീട്ടി...

നിശബ്ദതയുടെ കേളീരംഗമായ ആ ബംഗ്ലാവിൽ താനും ജാനുവും പരസ്പരം ഒന്നും ഉരിയാടാൻ ഇല്ലാതെ ജീവിച്ചു. ഇടക്കിടെ അച്ഛന്റെ വിശേഷങ്ങൾ അന്വേഷിച്ചുകൊണ്ടുള്ള ഫോൺകോൾ വരും പ്രാരാബ്ധങ്ങൾ ഒഴിഞ്ഞ ആശ്വാസം അച്ഛന്റെ ശബ്ദത്തിൽ നിന്ന് നന്നായി മനസ്സിലാക്കാൻ കഴിഞ്ഞു. അമ്മയുടെ കുഴിമാടത്തിൽ വിളക്കുവെച്ച് പ്രാർത്ഥിക്കുമ്പോൾ അവൾ ഓർക്കും എല്ലാം തിരിച്ചറിയുവാൻ അമ്മയ്ക്ക് കഴിഞ്ഞിട്ടുണ്ടാവും.. സിദ്ധാർത്ഥിന്റെയും തന്റെയും ദുർവിധി ഓർത്ത് അമ്മ തേങ്ങുന്നുണ്ടാവുമോ..? കണ്ണീർ കണങ്ങൾ മിഴിതുമ്പിൽ ഉരുണ്ടുകൂടി... അപ്പോൾ ചന്ദനമണമുള്ള കാറ്റ് തന്നെ പുൽകി കടന്നു പോയി... മോളെ നന്ദേ വരൂ സന്ധ്യാസമയത്ത് പറമ്പിൽ അങ്ങനെ നിൽക്കണ്ട എന്ന് പറഞ്ഞ് ജാനു വിളിക്കാൻ തുടങ്ങി. വിവാഹത്തിന് മുൻപ് സർപ്പക്കാവിൽ വിളക്ക് വെയ്ക്കുമ്പോൾ 'നാഗത്തമ്മ' വിളിച്ചു പറയുമായിരുന്നു മതി, മതി, സന്ധ്യയായി എന്ന് ത്രിസന്ധ്യക്ക് തന്റെ ജീവിതവുമായി അദമ്യമായ ബന്ധം ഉള്ളതുപോലെ.... പകൽ രാത്രിയോട് യാത്ര പറയാൻ മാത്രം കണ്ടുമുട്ടുന്ന സന്ധ്യാവേളകൾ, സിദ്ധാർത്ഥ് ജീവിതത്തിൽ തന്നോട് യാത്ര പറയാൻ കണ്ടുമുട്ടിയതിനും സന്ധ്യാവേളയുടെ ദൈർഘ്യമേയുണ്ടായിരുന്നുള്ളു... മധു ചിന്തകൾ ഉള്ള ഇന്നലെകൾ ഒന്നും സമ്മാനിച്ചില്ലങ്കിലും... എന്തോ ഒരു നഷ്ടബോധം... ആ കാലയളവ് തന്നിൽ ഒരുപാട് പരിവർത്തനങ്ങൾ സൃഷ്ടിച്ചിരിക്കുന്നു... ഒരിക്കലും ആരും അന്വേഷിച്ച് വരില്ലായെന്നറിയാമായിരുന്നിട്ടും... ആർക്കോ വേണ്ടി ഈ വലിയ ബംഗ്ലാവിൽ താൻ കാത്തിരിക്കുകയാണ്. സിദ്ധാർത്ഥ് ഇടയ്ക്ക് വിളിക്കും സംസാരത്തിനൊടുവിൽ തന്റെ വിവാഹകാര്യത്തെപ്പറ്റി ചോദിക്കും. താൻ ആ ചോദ്യത്തിന് ഉത്തരം നൽകാറില്ല... സിദ്ധാർത്ഥിന്റെ ഓരോ വിളികൾക്കും കാതോർത്ത് കൊണ്ട്... ഏകാകിനിയായ പുഴ പോലെ തന്റെ ജീവിതം അനുസ്യൂതം ഒഴുകിക്കൊണ്ടിരുന്നു...

നിദ്ര പുൽകാൻ മടികാണിച്ച രാവുകൾ.. ചിന്തകൾ അവളെ വേട്ടയാടിക്കൊണ്ടിരുന്നു. ലക്ഷ്യമില്ലാതെ... അർത്ഥശൂന്യമായ ദിനങ്ങൾ കടന്നുപോകുന്നത് ദ്രുതഗതിയിലായിരുന്നു. പതിവുപോലെ പത്രം വായിച്ചുകൊണ്ടിരിക്കുമ്പോഴാണ് അച്ഛന്റെ ഫോൺകോൾ വന്നത് മോള് ഇത്രയിടം വരണം നമ്മുടെ നാഗത്തമ്മ മരിച്ചുപോയി എന്ന് പറഞ്ഞു.. രാവിലെ ഭജിക്കാൻ ഇരിക്കുമ്പോഴാണ് മരിച്ചിരിക്കുന്നത്. അമ്മ നാഗത്തറയിൽ വിളക്ക് വെയ്ക്കുവാൻ പോയപ്പോൾ കണ്ടതാണ്. അവൾക്ക് ശബ്ദം പുറത്തേക്ക് വന്നില്ല.. ഞാൻ വരാം എന്ന് പറഞ്ഞ് അവൾ തളർന്ന് ഇരുന്നു. തനിക്ക് ഏറെ പ്രിയപ്പെട്ട ഒരാളായിരുന്നു നാഗത്തമ്മ. തന്നോട് പ്രത്യേക വാത്സല്യമായിരുന്നു. അനുജത്തിമ്മാരുടെ കല്യാണത്തിനു പോയപ്പോഴാണ് അവസാനമായി കണ്ടത്. നാഗത്തമ്മയുടെ അടുത്ത് കുറച്ചു സമയം ഇരുന്നാൽ തന്റെ സങ്കടങ്ങൾ അണപൊട്ടി ഒഴുകുമായിരുന്നു. അത് ഉണ്ടാവാതിരിക്കാനാണ് അന്ന് താൻ പെട്ടന്ന് മടങ്ങിയത്. എന്താ മോളെ വിഷമിച്ചിരിക്കുന്നത് എന്ന് ചോദിച്ചപ്പോഴാണ് അവൾ ചിന്തയിൽ നിന്ന് ഉണർന്നത്. കാര്യം പറഞ്ഞ് അവർ പെട്ടന്ന് വീട്ടിലേക്ക് തിരിച്ചു. അവിടമാകെ ജനങ്ങൾ തിങ്ങി നിൽക്കുന്നുണ്ട്. താൻ നാഗത്തമ്മയെ തൊഴുത് നമസ്കരിച്ചു. തന്റെ കണ്ണുകളിൽ നിന്ന് ഗംഗാപ്രവാഹം പോലെ കണ്ണുനീർ ഒഴുകിക്കൊണ്ടിരുന്നു. തന്നെ ഇഷ്ടപ്പെടുന്നവർ തന്നിൽ നിന്ന് അകന്നു പോകുകയാണല്ലോ... തെക്കേ തൊടിയിൽ നാഗത്തമ്മയെ 'സമാധി' ഇരുത്തുവാനുള്ള ഒരുക്കങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. മറ്റൊരു നാഗത്തമ്മ വരുന്നതുവരെ നാഗങ്ങൾ അവിടെയെല്ലാം ഇഴഞ്ഞു നടക്കും എന്നാണ് പറയാറുള്ളത്. ചടങ്ങുകൾ എല്ലാം കഴിഞ്ഞ് നാഗപ്പുരയും പൂട്ടി എല്ലാവരും പിരിഞ്ഞു തെക്കേ വീട്ടുകാർ പറയുന്നുണ്ടായിരുന്നു ഇനി വടക്കേ വീട്ടുകാരുടെ ഊഴമാണ് നിങ്ങളുടെ കുടുംബത്തിൽ നിന്ന് ഒരാളെ തിരഞ്ഞെടുക്കൂ എന്ന് പറഞ്ഞ് എല്ലാവരും പോയി. വടക്കെവീട്ടുകാർ കൂടിയാലോചന തുടങ്ങി ആരാവും..? പലരും പല ഒഴിവുകൾ പറഞ്ഞു. എന്റെ ഭർത്താവിന് സുഖമില്ല, മക്കൾ വലുതായിട്ടില്ല, അമ്മായിയമ്മയെ നോക്കണം എന്നെല്ലാം പറഞ്ഞു ഒഴിഞ്ഞു മാറി, നാഗത്തമ്മ കല്യാണം കഴിക്കാത്തവർക്കും, കഴിച്ചവർക്കും ആകാം. 41 ദിവസത്തെ വൃതം അതിനുള്ളിൽ ഭർത്താവിനെയും മക്കളെയുമെല്ലാം മറന്നു സർവ്വാത്മന ഒരു 'യോഗിനി' യായി മാറുവാനുള്ള സമയമാണ് ഈ നാല്പത്തൊന്നു ദിവസത്തെ വൃതം. നേരത്തെയുള്ള നാ

ഗത്തമ്മ വിവാഹം കഴിച്ചിട്ടില്ല പത്തൊൻപതു വയസ്സിൽ അവർ നാഗത്തമ്മയായതാണ്.അപ്പോഴാണ് ഒരാൾ വിളിച്ച് പറഞ്ഞത് പൂർണ്ണിമയാവട്ടെ 'നാഗത്തമ്മ' അവൾക്കാണെങ്കിൽ കല്യാണം കഴിയാത്തകാരണം മാനസികമായി പെട്ടെന്ന് 'നാഗത്തമ്മയായി' മാറാൻ കഴിയും എന്ന് പറഞ്ഞപ്പോൾ അത് ശരിയാണ്, അത് ശരിയാണ് എന്ന് എല്ലാവരും ഉറക്കെ വിളിച്ച് പറഞ്ഞു താൻ പൂർണ്ണിമയെ നോക്കിയപ്പോൾ കണ്ടത് മുഖമെല്ലാം വിവർണ്ണമായി അമ്പരപ്പോടെ നിൽക്കുന്ന പൂർണ്ണിമയെയാണ്.

എല്ലാവരും പിരിഞ്ഞുപോയി താനും അന്നു തന്നെ വീട്ടിലേക്ക് മടങ്ങി. കുറച്ചു ദിവസമായി സിദ്ധാർത്ഥ് വിളിച്ചിട്ട് തിരക്കുകൾക്കിടയിൽ താൻ വെറും ഓർമ്മച്ചിത്രമായി മാറിയിട്ടുണ്ടാകും... നാഗത്തമ്മ ആകുവാൻ 41 ദിവസത്തെ വൃതം എടുക്കണം പൂർണ്ണിമ മാനസികമായി തയ്യാറായിട്ടുണ്ടാകുമോ... അവൾ ലൗകിക ജീവിതത്തോട് വിടപറയണം അവളായിരുന്നു മനസ്സ് നിറയെ ... അൽഭുതമെന്നവണ്ണം അപ്പോൾ പൂർണ്ണിമ തന്നെ വിളിച്ചു ചേച്ചി എന്നെ സഹായിക്കണം എന്ന് പറഞ്ഞ് ഒറ്റ പൊട്ടിക്കരച്ചിൽ കാര്യം അന്വേഷിച്ചപ്പോൾ അവൾക്ക് 'നാഗത്തമ്മ' ആകുവാൻ വയ്യ. അവൾ ഒരാളെ ഇഷ്ടപ്പെടുന്നു, അയാളെ അവൾക്ക് കല്യാണം കഴിച്ച് കൊടുക്കണം, അച്ഛനോട് പറയണം, ചേച്ചി പറഞ്ഞാൽ അച്ഛൻ അനുസരിക്കും എന്നെല്ലാം പറഞ്ഞു. വിഷമിക്കണ്ട ഞാൻ അച്ഛനെ വിളിച്ച് സംസാരിക്കാം എന്ന് പറഞ്ഞു. അപ്പോഴാണ് സിദ്ധാർത്ഥ് പറഞ്ഞ കാര്യം ഓർത്തത് തന്നെ വിളിക്കാൻ സിദ്ധാർത്ഥ് പലപ്രാവശ്യം ശ്രമിച്ചപ്പോഴെല്ലാം ഫോൺ എടുത്തത് പൂർണ്ണിമയായിരുന്നു. ആ കുട്ടി ആരുടെയോ ഫോൺകോൾ പ്രതീക്ഷിക്കുന്നതുപോലെയെന്ന്. അപ്പോൾ അവളുടെ പ്രണയം അന്നേ തുടങ്ങിയിട്ടുണ്ട്. അന്ന് തന്നെ അച്ഛനെ വിളിച്ച് കാര്യങ്ങൾ പറഞ്ഞു. എല്ലാം കേട്ട് കഴിഞ്ഞപ്പോൾ അച്ഛൻ പറഞ്ഞു ഇനി ആര് നാഗത്തമ്മയാവും കുടുംബത്തിൽ ദോഷം സംഭവിക്കും. ആരെയാണ് ഇനി കണ്ടുപിടിക്കുക. പെട്ടന്ന് താൻ പറഞ്ഞു ഞാൻ നാഗത്തമ്മയാകുവാൻ തയ്യാറാണ് അതുകേട്ട് അച്ഛൻ പറഞ്ഞു മോള് എന്തായിപറയുന്നതെന്ന്, അത് ശരിയാവില്ല....സിദ്ധാർത്ഥ് ഇതിന് സമ്മതിക്കുമെന്ന് തോന്നുന്നുണ്ടോ... ? ദൈവം തന്ന മഹാഭാഗ്യം അത് നീ മറക്കുകയാണോ... 'കുറച്ചെങ്കിലും സിദ്ധാർത്ഥിനെ കുറ്റം പറഞ്ഞേ പറ്റുകയുള്ളു' അച്ഛൻ ഒന്ന് മനസ്സിലാക്കു അമ്മ മരിച്ചതിൽപ്പിന്നെ സിദ്ധാർത്ഥ് വന്നിട്ടെയില്ല അമ്മക്ക് വേണ്ടിയിട്ടാണ് എന്നെ കല്യാണം കഴിച്ചത്. ജർമ്മനിയിലൊക്കെയുള്ള സിദ്ധാർത്ഥിന് എന്നെ ഇഷ്ടമാകുകയില്ല തീർച്ചയാണ്. 'പണം' എന്ന രണ്ടക്ഷരത്തിന്റെ അപര്യാപ്തത കുറെ അനുഭവിച്ചതാണ്. ഇന്ന് എന്റെ കൈയ്യിൽ ധാരാളം പണം ഉണ്ട്. ഒരു കാര്യവുമില്ല വലിയൊരു ബംഗ്ലാവിൽ കഴുത്തിൽ ഒരു താലിയുള്ളതുകൊണ്ടു മാത്രം ദാമ്പത്യം ഉണ്ടാകുമോ.? രണ്ടുപേരും ഒന്നിച്ച് താമസിച്ച് കുട്ടികളൊക്കെയായി ജീവിക്കുമ്പോഴല്ലേ ദാമ്പത്യം വിജയിക്കുന്നത്. മുത്തമകളായി പിറന്നതുകൊണ്ട് എവിടെയും ഞാൻ വിട്ടുകൊടുത്തിട്ടെയുള്ളു മറ്റുള്ളവരുടെ സന്തോഷത്തിനുവേണ്ടി ഈ പദവി ഞാൻ സർവ്വത്മന ഏറ്റെടുക്കാം. താൽപര്യമില്ലാത്തവരെ നിർബന്ധിച്ച് 'നാഗത്തമ്മ' ആക്കുന്നത് ശരിയല്ല. അടുത്ത ദിവസം തന്നെ ഞാൻ വന്ന് വൃതം തുടങ്ങും എന്ന് പറഞ്ഞ് ഫോൺ വെച്ചു.

(തുടരും.....)


# തെക്കേമാരിയമ്മൻ കോവിൽ



**മീനഭരണി ഗുരുതി ഉത്സവം**

**2025 മാർച്ച് 30 മുതൽ ഏപ്രിൽ 1 വരെ**

**2025 ഏപ്രിൽ 1-ാം തീയതി ചൊവ്വാഴ്ച ക്ഷേത്രം തന്ത്രി ബ്രഹ്മശ്രീ പുലിയന്നൂർ ശശി നമ്പൂതിരിപ്പാടിന്റെ കാർമ്മികത്വത്തിൽ**

**വിശേഷാൽ വലിയ ഗുരുതി**

**നടത്തുന്നതാണ്.**

# അലർജികൊണ്ടുള്ള ചുമ

ഡോ. ദേവദാസ് വെള്ളോടി - 9747480903

അലർജിയുമായുള്ള സമ്പർക്കം മൂലമുണ്ടാകുന്ന വരണ്ടതോ നനഞ്ഞതോ ആയ ചുമയാണ് അലർജി ചുമ. തുമ്മൽ, മൂക്കൊലിപ്പ്, കണ്ണുകൾ ചൊറിച്ചിൽ തുടങ്ങിയ മറ്റ് അലർജി ലക്ഷണങ്ങളോടൊപ്പം ഇത് പലപ്പോഴും ഉണ്ടാകാറുണ്ട്.

മിക്ക ആളുകളും ജലദോഷമോ പനിയോ മൂലമുണ്ടാകുന്ന ചുമ അനുഭവിച്ചിട്ടുണ്ട് അസുഖ സമയത്ത് കുറച്ച് ദിവസത്തേക്ക് ശക്തമായി വരുന്ന ചുമ, തുടർന്ന് നിങ്ങൾക്ക് സുഖം തോന്നാൻ തുടങ്ങുമ്പോൾ കുറയുന്നു. എന്നാൽ നിങ്ങൾക്ക് വിട്ടുമാറാത്ത ചുമ ഉണ്ടെങ്കിൽ എന്തുചെയ്യും? നിങ്ങൾക്ക് വിട്ടുമാറാത്ത വരണ്ട ചുമയുണ്ടെങ്കിൽ (മൂന്നാഴ്ചയിൽ കൂടുതൽ നീണ്ടുനിൽക്കുന്ന ചുമ), അത് അലർജിയുടെയോ ആസ്മയുടെയോ ലക്ഷണമാകാം. നിങ്ങളുടെ ചുമ അലർജിയുമായി ബന്ധപ്പെട്ടതാണെങ്കിൽ, ചില സീസണുകളിലോ ചില ചുറ്റുപാടുകളിലോ നിങ്ങൾ കൂടുതൽ ചുമക്കുന്നത് നിങ്ങളെ ബാധിച്ചേക്കാവുന്ന അലർജിയുടെ സാന്നിധ്യം മൂലമാകാം. നിങ്ങൾക്ക് അലർജിയുടെ മറ്റ് ലക്ഷണങ്ങളും ഉണ്ടാകാം. ഹേ ഫീവർ (അലർജിക് റിനിറ്റിസ്) തുമ്മൽ, തിരക്ക്, ചർമ്മം, കണ്ണുകൾ, മൂക്ക് എന്നിവ ചൊറിച്ചിൽ, അതുപോലെ ചുമ എന്നിവയ്ക്ക് കാരണമാകും. അലർജിയിൽ നിന്നുള്ള തിരക്ക് നിങ്ങളുടെ കണ്ണുകൾക്ക് താഴെ പ്രത്യക്ഷപ്പെടുന്നതിന് അലർജിക് ഷൈനറുകൾ എന്നറിയപ്പെടുന്ന ഇരുണ്ട വൃത്തങ്ങൾക്ക് കാരണമാകും. പനി അല്ലെങ്കിൽ ജലദോഷം പോലുള്ള അണുബാധ മൂലമല്ല, അലർജിയോടുള്ള നിങ്ങളുടെ രോഗപ്രതിരോധ സംവിധാനത്തിന്റെ പ്രതികരണം മൂലമാണ് അലർജി ചുമ ഉണ്ടാകുന്നത്. ആസ്മയും ചുമയ്ക്ക് കാരണമാകും. നിങ്ങൾക്ക് ശ്വാസംമുട്ടൽ അനുഭവപ്പെടുകയോ നെഞ്ചിൽ ഇറുകിയതോ ശ്വാസതടസ്സമോ ഉണ്ടെങ്കിലോ നിങ്ങൾക്ക് ആസ്മ ചുമ ഉണ്ടാകാം.

ചിലപ്പോൾ കൂടുതൽ ആകാൻ കാരണം: ആസ്മയും അലർജി ചുമയും സാധാരണയായി ശ്വാസനാളത്തിന്റെ വീക്കം അല്ലെങ്കിൽ ഇറിറ്റേഷൻ മൂലമാണ് ഉണ്ടാകുന്നത്. ഹേ ഫീവർ പോലുള്ള അലർജികൾ വിട്ടുമാറാത്ത വരണ്ട ചുമയ്ക്ക് കാരണമാകും. നിങ്ങൾ പൊടി, വളർത്തുമൃഗങ്ങളുടെ രോമങ്ങൾ, പൂമ്പൊടി, പൂപ്പൽ അല്ലെങ്കിൽ മറ്റ് സാധാരണ അലർജികളോട് സെൻസിറ്റീവ് ആണെങ്കിൽ, നിങ്ങളുടെ അലർജി ലക്ഷണങ്ങളിൽ ചുമ ഉൾപ്പെട്ടേക്കാം. അലർജികൾ നിങ്ങളുടെ ആസ്മ ലക്ഷണങ്ങളെ കൂടുതൽ വഷളാക്കുകയും അവ ഗുരുതരമാകുകയും ചെയ്യും.

ചില സാധാരണ അലർജി ട്രിഗറുകളെക്കുറിച്ചും അവ എങ്ങനെ ഒഴിവാക്കാമെന്നതിനെക്കുറിച്ചും അറിയുക:

**ഹേ ഫീവർ**

പൊടി, വളർത്തുമൃഗങ്ങൾ, പൂപ്പൽ, പാറ്റ

**എങ്ങനെ പരിശോധിക്കാം:**

അലർജിയുമായോ ആസ്മയുമായോ ബന്ധപ്പെട്ടേക്കാവുന്ന വിട്ടുമാറാത്ത ചുമയാണ് നിങ്ങൾ അനുഭവിക്കുന്നതെങ്കിൽ, പരിശോധനയ്ക്ക് വിധേയമാകേണ്ടത് പ്രധാനമാണ്. നിങ്ങളുടെ ഡോക്ടർ നിങ്ങളുടെ ലക്ഷണങ്ങൾ അവലോകനം ചെയ്യും, നിങ്ങളുടെ വിശദമായ മെഡിക്കൽ ചരിത്രം എടുക്കുകയും രോഗനിർണ്ണയം പൂർത്തിയാക്കാൻ പരിശോധന നടത്തുകയും ചെയ്യും.

അലർജി പരിശോധനയുടെ ഏറ്റവും സാധാരണയായി ഉപയോഗിക്കുന്ന രൂപമാണ് ചർമ്മ പരിശോധന, ഇത് വേഗതയേറിയതും കൃത്യവുമാണ്. ചില സാഹചര്യങ്ങളിൽ, നിങ്ങളുടെ അലർജിസ്റ്റ് ചർമ്മ പരിശോധനയ്ക്ക് പുറമേ അല്ലെങ്കിൽ പകരം രക്തപരിശോധന നടത്തിയേക്കാം. നിങ്ങൾക്ക് ഒരു ശ്വസന പരിശോധനയും നടത്താം, ഇത് ആസ്മ നിർണ്ണയിക്കാൻ സഹായിക്കും.

നിങ്ങളുടെ പരിശോധനാ ഫലങ്ങൾ, നിങ്ങളുടെ

(ശേഷം 26-ാം പേജിൽ)

രവിപുരം ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിലെ 2025-ാ (1200)മാണ്ടത്തെ

# ഉത്സവപരിപാടികൾ

കൊടിയേറ്റ്
31.03.2025
തിങ്കൾ



ആറാട്ട്
05.04.2025
ശനി

**ഒന്നാം ദിവസം (31-03-2025) തിങ്കൾ**

വൈകുന്നേരം-7.30ന് : കൊടികയറ്റം
7.45 ന് : നൃത്തകൈരളി അവതരിപ്പിക്കുന്ന മോഹിനിയാട്ടം, ഭരതനാട്യം
രാത്രി-10.00ന് : വിളക്ക്

**രണ്ടാം ദിവസം (01-04-2025) ചൊവ്വ**

രാവിലെ 7.30ന് : ശീവേലി
വൈകുന്നേരം 4.30ന് : കാഴ്ചശീവേലി
7.00 ന് : നൃത്തനൃത്യങ്ങൾ
8.30 ന് : കരോക്കെ ഭക്തിഗാനമേള

**മൂന്നാം ദിവസം (02-04-2025) ബുധൻ**

രാവിലെ 7.30 മുതൽ : ശീവേലി
വൈകുന്നേരം 4.30ന് : കാഴ്ചശീവേലി
7.45 ന് : ശ്രീ ശാരദ നൃത്യകലാമന്ദിർ അവതരിപ്പിക്കുന്ന നൃത്തനൃത്യങ്ങൾ
രാത്രി 10.30ന് : വിളക്ക്

**നാലാം ദിവസം (03-04-2025) വ്യാഴം**

രാവിലെ 10.00 ന്: ഉത്സവബലിദർശനം
8.15 ന് : കഥകളി - രുഗ്മിണി സ്വയംവരം
അവതരണം : കൊച്ചിൻ ഫോക്‌ലോർ ഓഡിയം

**അഞ്ചാം ദിവസം (04-04-2025) വെള്ളി**

രാവിലെ 8 മുതൽ 11 വരെ: ശീവേലി, പഞ്ചാരിമേളം
വൈകുന്നേരം 4.30ന്: കാഴ്ചശീവേലി
7.30ന് : തായമ്പക (ചെറുതാഴം വിഷ്ണുരാജ്)
രാത്രി 10.00ന് : വലിയവിളക്ക്

**ആറാം ദിവസം (05-04-2025) ശനി (ആറാട്ട്)**

രാവിലെ 8 മുതൽ 11 വരെ : ശീവേലി
വൈകുന്നേരം 4.00ന് : പകൽപ്പൂരം, മേജർസെറ്റ് പഞ്ചവാദ്യം
6.30 മുതൽ 8.00 വരെ : പാണ്ടിമേളം
**തുടർന്ന്** : കൊടിയിറക്കം, ആറാട്ട്, കൊടിക്കൽപറ

## എറണാകുളം കരയോഗം ടെമ്പിൾ ട്രസ്റ്റിന്റെ കീഴിലുള്ള ചെറായി തൃക്കടക്കാപ്പിള്ളി ശ്രീ ദുർഗ്ഗാ ഭഗവതിക്ഷേത്രത്തിലെ 2025-ാമാണ്ട് പ്രതിഷ്ഠാദിന താലപ്പൊലി മഹോത്സവം

തന്ത്രിമുഖ്യൻ ബ്രഹ്മശ്രീ പുലിയന്നൂർ ശശി നമ്പൂതിരിപ്പാടിന്റെ മുഖ്യ കാർമ്മികത്വത്തിൽ 2025 മാർച്ച് 24, 25 തിയതികളിൽ നടത്തപ്പെടുന്നു.

**25-3-2025 ചൊവ്വാഴ്ച : ശുദ്ധികലശം**

രാവിലെ 5ന് - നടതുറപ്പ്, 5.30ന് - അഭിഷേകം, 6.00 ന് - ഗണപതിഹവനം
9ന് - നവകം, പഞ്ചഗവ്യം, കലശാഭിഷേകം, 11.30ന് - ഉച്ചപൂജ
വൈകിട്ട് 6.00ന് - ദീപാരാധന, 6.30ന് - താലം എഴുന്നള്ളിപ്പ്

**രാവിലെ മുതൽ നടക്കൽ പറ ഉണ്ടായിരിക്കുന്നതാണ്.**

# ചൈത്രം

മനുഷ്യർ വൈകാരിക പ്രതിസന്ധികളിൽപെട്ടുപോകുന്ന സാഹചര്യങ്ങളുടെയും രീതികളുടെയും വൈവിധ്യം നമ്മെ അമ്പരപ്പിക്കുന്നതാണ്. അങ്ങിനെയുള്ളവർക്ക് സാന്ത്വനത്തിന്റെ ഒരു കൈത്താങ്ങാകാൻ കഴിയുന്നതിലുള്ള സംതൃപ്തി ആണ് ചൈത്രം പ്രവർത്തകരുടെ ഊർജ്ജവും പ്രചോദനവും.



അത്തരത്തിൽ ഉള്ള മറ്റൊരു കേസ് ഇതാ. ഏകദേശം 32 വയസ്സുള്ള ആൺകുട്ടിയാണ് ഇത്തവണത്തെ കഥാപാത്രം. ഇയാളുടെ ആദ്യ വിവാഹം പ്രണയമോ സ്നേഹമോ ഇല്ലാത്ത വെറും സഹവാസം മാത്രമായിരുന്നു എന്നാണ് അയാൾ പറഞ്ഞത്. അത് വിവാഹമോചനത്തിൽ കലാശിക്കുകയും ചെയ്തു.

പിന്നീട് അയാളുടെ രണ്ടാമത്തെ വിവാഹത്തിന് നാലുദിവസം മുമ്പാണ് അത്യധികം മാനസിക സംഘർഷത്തോടെ ചൈത്രത്തിലേക്ക് ഫോൺ വിളിച്ചത്. അപ്പോൾ പിന്നെ എന്തായിരിക്കും കാരണം എന്നല്ലേ? പറയാം.

രണ്ടാമത്തെ വിവാഹം നിശ്ചയിച്ച പെൺകുട്ടി രണ്ടു കുട്ടികളുടെ അമ്മ ആണ്. വിവാഹനിശ്ചയശേഷം അവർ തമ്മിൽ വിവാഹിതരെ പോലെ തന്നെ ശാരീരികവും മാനസികവുമായി അടുത്തു, പ്രേമം ഉടലെടുത്തു, ശാരീരിക ബന്ധവും ഉണ്ടായി. എന്നാൽ പെട്ടെന്ന് ഒരു ദിവസം അവൾ വിവാഹത്തിന് താല്പര്യമില്ലെന്നും ഇനി അവളെ വിളിക്കരുതെന്നും സംസാരിക്കരുതെന്നും പറഞ്ഞു. അതിനു ശേഷം ആ സ്ത്രീ അയാളുമായി സംസാരിക്കുകയോ ഫോൺ വിളിച്ചാൽ എടുക്കുകയോ ചെയ്യാതായി. ഇതാണ് അയാളെ താങ്ങാൻ വയ്യാത്ത മാനസിക സംഘർഷത്തിലേക്ക് തള്ളിയിട്ടതും അയാൾ ചൈത്രത്തിലേക്ക് വിളിക്കാൻ ഇടയാക്കിയതും.

നാലുദിവസത്തിനുശേഷം നടക്കാനിരുന്ന വിവാഹം മുടങ്ങുന്ന കാര്യം അയാൾക്ക് താങ്ങാവുന്നതിലും അപ്പുറമായിരുന്നു.

എന്തായിരിക്കും ആ സ്ത്രീയുടെ പെട്ടെന്നുള്ള മനം മാറ്റത്തിന് കാരണം? അതായി ചൈത്രം പ്രവർത്തകന്റെ പിന്നീടുള്ള അന്വേഷണം. ചോദ്യങ്ങൾ അത് കണ്ടുപിടിക്കാൻ വേണ്ടി ആയി. വിവാഹനിശ്ചയശേഷം എപ്പോഴോ അയാൾ ആ സ്ത്രീയുടെ ആദ്യ വിവാഹത്തിലെ കുട്ടികളെ കാണാൻ ആഴ്ചയിൽ ഒരിക്കൽ മാത്രമേ പോകാവൂ എന്ന് ഒരു നിബന്ധന പറഞ്ഞതോടെയാണ് അവൾ പരിപൂർണ്ണമായും ഈ ബന്ധം മുറിച്ചത് എന്ന് മനസ്സിലായി.

സഹജമായ മാതൃത്വബോധമാണ് മറ്റെല്ലാ വികാരവിചാരങ്ങളെക്കാൾ ഒരു സ്ത്രീക്ക് പരമപ്രധാനമായിട്ടുള്ളത്. അതിനു വിഘാതമാകാവുന്ന ഒന്നും തന്നെ അവൾ സ്വീകരിക്കുകയില്ല. ഈ വിവാഹം നടന്നാൽ മാതാവ് എന്ന നിലയിലുള്ള കടമകൾ നിറവേറ്റാൻ അതൊരു തടസ്സം ആകും എന്ന് അവൾക്ക് പെട്ടെന്ന് ഒരു വെളിപാട് ഉണ്ടായപ്പോഴാണ് അവൾ പെട്ടെന്ന് ഇതിൽ നിന്നും പിന്മാറിയത്. അയാൾ ഇനി എന്തൊക്കെ പറഞ്ഞാലും ഒരു തിരിച്ചുവരവ് അവളിൽ നിന്നും ഉണ്ടാകുവാൻ സാധ്യതയും വളരെ കുറവാണ്.

ഇപ്പോൾ ചൈത്രം പ്രവർത്തകന്റെ ജോലി എന്താണെന്ന്, ഇനി എന്താണ് ചെയ്യേണ്ടത് എന്ന് വ്യക്തമായി. അയാൾ എന്തെങ്കിലും പറഞ്ഞതിന്റെ ഫലമായിട്ട് അല്ല അവൾ വിട്ടുപോയത് എന്ന് അസ്സേർട്ടീവ് ആയിട്ട് പറഞ്ഞതോടെ അയാളുടെ കുറ്റബോധം ഒരു പരിധി വരെ കുറഞ്ഞു. പിന്നീട് യാഥാർത്ഥ്യത്തെ അഭിമുഖീകരിക്കാനും പരിഹാരം തേടാനും അയാളെ പ്രാപ്തനാക്കുകയാണ് ഇനി ചൈത്രം പ്രവർത്തകൻ ചെയ്യാനുള്ളത്. ഇപ്പോഴത്തെ അസഹനീയമായ വേദനയും നിരാശയും കുറ്റബോധവും ക്രമേണ മാറും എന്നും ജീവിതം നോർമൽ എന്നപോലെ മുമ്പോട്ട് പോകാൻ തുടങ്ങും എന്ന് ചൈത്രം പ്രവർത്തകൻ ഉറപ്പു കൊടുത്തു. അതിനായി ഇപ്പോഴുള്ള പ്രതിസന്ധിയെ അതിജീവിക്കാനും കരുത്ത് ആർജിക്കാനുമുള്ള മാർഗങ്ങളും പറഞ്ഞു കൊടുത്തു. മനസ്സിന്റെ ഇപ്പോഴുള്ള പ്രയാസങ്ങളും സാഹചര്യങ്ങളും മാറും എന്നുള്ള ഉറപ്പിൽ, കരുത്ത് ആർജിക്കാനുള്ള ശ്രമങ്ങൾ നടത്താം എന്ന് സമ്മതിച്ച് ആ ഫോൺകോൾ അവസാനിച്ചു. ■

# നമഃശിവായ

ഡോ. കെ. ഹരിഹരൻ – 9847313322

വേദാന്തത്തിലെ മുഖ്യ മഹാവാക്യം തത്ത്വമസിയാണ്. താത്പത വാച്യാർത്ഥം സർവ്വജ്ഞത. വിശിഷ്ടമായ ചൈതന്യം എന്നാണ് 'ത്വം'പദത്തിന് അൽപജ്ഞതയും, അൽപ ശക്തിയുമുള്ള വിശിഷ്ട ചൈതന്യം എന്നർത്ഥം. രണ്ടിന്റേയും ലക്ഷ്യാർത്ഥം ശുദ്ധ ചൈതന്യമാണ്. ഇവ രണ്ടിന്റേയും ഏകതയാണ് തത്ത്വമസിയിൽ പറയപ്പെടുന്നത്. ആദ്യം പദാർത്ഥ ജ്ഞാനമുണ്ടാവുകയും ശേഷം വാക്യാൽത്ഥബോധമുണ്ടാവുകയും ചെയ്യും എന്നതാണ് നിയമം. നിർവിശേഷണ ശുദ്ധ ചൈതന്യമെന്നാണ് രണ്ടു പദങ്ങളുടെ അർത്ഥം. അത് തിരിച്ചറിഞ്ഞാൽ രണ്ടിന്റെയും അഭിന്നത മനസ്സിലാവും. പക്ഷെ, ശുദ്ധ ചൈതന്യത്തിന്റെ ബോധം ഒരിക്കലും ഉണ്ടായിട്ടില്ല. ശുദ്ധ ചൈതന്യ ബോധമെന്നാൽ ബ്രഹ്മജ്ഞാനം തന്നെയാണ്–അത് തന്നെ മോക്ഷം.

സുഷുപ്തിയുണ്ടാകുമ്പോൾ ഈ ജീവാത്മാവ് തന്റെ ഉപാധിക്ക് മുകളിൽ വന്നു പരമാത്മാവിൽ ചേരുന്നു. തന്റെ സ്വരൂപത്തിൽ ലയിക്കുന്നു. ആ സമയത്ത് നിർവ്വികല്പക ജ്ഞാനമാണുണ്ടാകുക. തത്ത്വമസിയെന്നു പറഞ്ഞാൽ ആ നിർവ്വികൽപക മായ ആത്മാവിന്റെ സ്മരണയാണാദ്യം വരുന്നത് പിന്നെ ആത്മഭേദനിവൃത്തി ഉണ്ടാകും. സുഷുപ്തിയിൽ ജീവൻ ബ്രഹ്മത്തിൽ ലയിച്ച് ബ്രഹ്മസമ്പന്നനാകും. വാസനയാൽ! ഇതുപോലെ സമാധിയിലും നിർവ്വികല്പകജ്ഞാനം ഉണ്ടാകുന്നുണ്ട്. ആ സമയത്തും ഈ ആത്മാവ് പരമാത്മാവിനോട് ഏകത്വം പ്രാപിക്കുന്നുണ്ട്. സുഷുപ്തിയിൽ ഗാഢമായ അജ്ഞാനം. സമാധിയിൽ വാസനയെ ആശ്രയിച്ചു നിൽക്കുന്ന ചെറിയൊരു ബാക്കി നിൽക്കും. എന്നാൽ തമസ്സെന്ന് പറയുന്ന ഗാഢ അജ്ഞാനം സമാധിയിലുണ്ടാവുകയില്ല. ആ തമസ്സിനാൽ ആവൃതമായതിനാൽ സിഷുപ്തിയിൽ ആനന്തം അനുഭവപ്പെടും. എന്നാൽ ബ്രാഹ്മാനന്ദാനുഭവം അനുഭവപ്പെടില്ല. സമാധിയിൽ ബ്രാഹ്മാനന്ദാനുഭവം ഉണ്ട്. നിദ്രാദോഷത്തിൽ നിന്നാണ് സുഷുപ്തിയുണ്ടാകുന്നത്. സമാധി ഗുണജന്യമാണ്. പ്രത്യാഹാരം, ധാരണം, ധ്യാനാദി പ്രയത്നങ്ങളിൽ നിന്നുണ്ടാകുന്നതാണ് സമാധി, ക്ഷീണത്താലാണ് സുഷുപ്തിയുണ്ടാകുന്നത്.

ജ്ഞാനം എന്നത് സത്വഗുണത്തിന്റെ വൃത്തിയാണെന്ന കാര്യം വേദാന്ത പ്രക്രിയയിൽ ഓർമ്മ വേണമെന്ന് നാം നേരത്തെ സൂചിപ്പിച്ചു. വിഷയദോഷത്താൽ തന്നെയാണ് ജ്ഞാനത്തിൽ ദോഷം കാണപ്പെടുന്നത്. രാജസ താമസഭാവങ്ങൾ വന്നുകൊണ്ടിരിക്കും. യഥാർത്ഥത്തിൽ വിഷയവും ബ്രഹ്മചൈതന്യം തന്നെയാണ്. ആ അംശത്തിൽ വിഷയവും ശുദ്ധമാണ്. അവച്ഛേദകത്തിൽ നിന്നുമാണ് അശുദ്ധി ഉണ്ടാകുന്നത്. കുടത്തെ നോക്കുമ്പോൾ ഘടാവച്ഛിന്ന ചൈതന്യത്തെ തന്നെയാണ് കാണുന്നത്. ചൈതന്യമില്ലെങ്കിൽ ഘടം സ്ഫുരിക്കുന്നില്ല. ഇരുട്ടിൽ ഘടം, വസ്ത്രം എന്നിവയൊന്നും കാണുന്നില്ല. തിരി കത്തിച്ച് വെളിച്ചം വന്നാൽ അവയെ ദർശിക്കാം. ഇതിനർത്ഥം ഘടാവച്ഛിന്നമായ പ്രകാശത്തെയാണ് നാം കാണുന്നത്. കുടമില്ലങ്കിലും പ്രകാശം നാം കാണുന്നു. പ്രകാശത്തിൽ ഘടം തന്റെ ആകൃതി വെളിവാക്കുന്നുവെന്നേയുള്ളു. ഇനിയും മുന്നോട്ടു പോയാൽ ചൈതന്യമല്ലാതെ, കുടത്തിന്റെ ആകൃതിയും കാണില്ല. പ്രകാശവും കാണില്ല. അവയൊന്നുമില്ലങ്കിൽ പോലും ആത്മചൈതന്യ പ്രകാശം പ്രകാശിതമാവുകയും ചെയ്യും. ഘടം കാണുമ്പോൾ തന്നെ ഘടാവച്ഛിന്നം അഥവ ഘടാവച്ഛിന്നപ്രകാശ ചൈതന്യമാണ് നാം കാണുന്നത്. സുഷുപ്തിയിലും ചൈതന്യം ഭാസിതമാകുന്നുണ്ട്. അവച്ഛേദക രൂപത്തിൽ തമസ്സും (അജ്ഞാനവും) ഭാസിതമാകുന്നു. ഞാൻ സുഖമായി ഒന്നും അറിയാതെ ഉറങ്ങി. എന്ന് പറയുന്നിടത്ത് ആനന്ദ സ്വരൂപമുണ്ട്. ഒന്നും അറിയാതെ എന്നത് അജ്ഞാന സ്വരൂപമാണ്.

ഈ സമസ്ത വിശ്വത്തിൽ മായാകാര്യനാമരൂപാദികളും ബ്രഹ്മസ്വരൂപ സച്ചിദാനന്ദവുമാണ് ഭാസിക്കുന്നത്. ഇവയിൽ നാമരൂപാത്മകമായ സംസാരത്തെ അവസാനിപ്പിച്ചാൽ സച്ചിദാനന്ദം മാത്രം അവശേഷിക്കും. അതിൽ, ജീവമുക്തികാലത്ത് ബാധിതമായ നാമരൂപം

ഛായാരൂപത്തിലാണ് കാണപ്പെടുന്നത്. സമാധികാലത്ത് ആരും ഭാസിക്കുകയില്ല. അത്യകാലങ്ങളിലുള്ള സമാധിയിലും നാമരൂപാ ദികൾ കാണപ്പെടുന്നില്ല. എന്തെന്നാൽ സംസ്കാര രൂപത്തിൽ നാമരൂപങ്ങൾ അവിടെ വിരാജിക്കുന്നുണ്ട്. അവയ്ക്ക് പോഷകമായി കർമ്മങ്ങളുമുണ്ട്. കർമ്മപോഷിതമായ സംസ്കാരത്താൽ ജഗത്ത് സത്യമെന്നു തോന്നും വിധം പ്രകർഷേണ ഖരരൂപത്തിൽ കാണപ്പെടുന്നു. ഇതാണ് യോഗിക്കും ജ്ഞാനിക്കും തമ്മിലുള്ള വ്യത്യാസം. യോഗിക്ക് പൂർണ്ണ അർത്ഥത്തിലുള്ള അദ്വൈത സാക്ഷാത്കാരം ഉണ്ടാകുന്നില്ല. അതിനാൽ അവരുടെ സമാധിയും ജീവമുക്തികാലീനസമാധിയല്ല. ജ്ഞാനം കൊണ്ട് കർമ്മക്ഷയമുണ്ടാകും അതിനാൽ സംസ്കാരത്താൽ ജഗത്ത് കാണപ്പെട്ടാലും സത്യമെന്നുതോ ന്നും വിധം പ്രഖരരൂപത്തിലല്ല. ജ്ഞാനത്തിന്റെ ഉൽക്കർഷം കൊണ്ട് പ്രാരാബ്ധ കർമ്മങ്ങൾ ക്രമേണ അലിഞ്ഞു പോയിട്ട്, ജഗത്ത് സ്വപ്നസമാനമായ മിഥ്യയായി കാണപ്പെടും. ജ്ഞാനം അതിന്റെ ചരമോത്കർഷ അവസ്ഥയിൽ എല്ലാ കർമ്മങ്ങളും പൂർണ്ണമായും സമാപ്തമാകും. അപ്പോൾ പോഷണമില്ലാത്തതിനാൽ സംസ്കാരവും ശിഥിലത്തിൽ നിന്നും ശിഥിലതരമായിട്ട് അവസാനം ഇല്ലാതാകും. ഇതിനെയാണ് ജ്ഞാനത്തിന്റെ ചരമോത്കർഷം അഥവാ ചരമ തത്ത്വജ്ഞാനമെന്നു പറയുന്നത്.

അന്യയോഗികൾക്ക് ജ്ഞാന ഉൽക്കർഷത്തിന്റെ അഭാവത്തിൽ സമാധികാലത്ത് ദ്വൈതം കാണുന്നില്ലെങ്കിലും കർമ്മ പോഷിതമായ സുദൃഢമായ സംസ്കാരം അവശേഷിക്കുന്നതിനാൽ വ്യുത്ഥാനകാരത്ത് ജഗത്ത് സത്യമെന്നപോലെ കാണപ്പെടുന്നു. സമാധിബലം കൊണ്ട് രാഗദ്വേഷാദികൾ ഉണരുന്നില്ലങ്കിലും, അമർത്തിവെച്ചിരിക്കുന്നതിനാൽ അവസരം ലഭിച്ചാൽ അവ ഉണർന്നു വരികയും ചെയ്യും. അതുകൊണ്ട് ഗൗരീവദനാബ്ജവൃന്ദ രൂപത്തിലുള്ള അദ്വൈതജ്ഞാനവൃത്തി പരമ്പരയെയാണ് സമ്പാദിക്കേണ്ടത്. അതുപോലെ തന്നെ അതിനെ പ്രഫുല്ലിതനാക്കുന്ന ശിവന്റെ പ്രാ ദുർഭാവത്മകമായ സൂര്യോദയത്തിനായി പ്രയത്നിക്കുന്ന യതമാന അവസ്ഥയിൽ സ്ഥിതനായിരിക്കുകയും വേണം.

'ഗൗരീവദനാബ്ജവൃന്ദസൂര്യായ ദക്ഷാധ്വരനശകായ' പരമമംഗള സ്വരൂപനായ ശിവനെന്നാണ് 'ശി' യുടെ അർത്ഥം. പരമമംഗളതയ്ക്ക് ഒരു വിശേഷണമാണ് 'ഗൗരീവദനാബ്ജവൃന്ദസൂര്യായ', ഗൃഹം മംഗളമാകുന്നതെപ്പോൾ? ഭർത്താവ്, ഭാര്യയുടെ മുഖകമലം വിടർത്തുന്ന സുര്യരൂപനാകുമ്പോഴും, ഭാര്യ ഭർത്താവിന്റെ അർദ്ധാംഗിനിയായി വർത്തിക്കുമ്പോഴും, അതുകൊണ്ട് ശിവൻ ശങ്കരനുമായി. അദ്ധ്യാത്മ പക്ഷത്തിൽ തുരീയ ചൈതന്യ സ്വരൂപ ശിവനുവേണ്ടി ഒരു ഗൗരി–പരമ സ്വച്ഛയായ ബ്രഹ്മവിദ്യ. കാളി അവിടെ നിന്ന് മാറിപ്പോയി. ആദ്യം തന്നെ പറഞ്ഞു ജ്ഞാനമെന്നാൽ സത്വകാര്യം തന്നെയാണ്. "സത്ത്വാത് സഞ്ജായ തേജ്ഞാനം." ശുദ്ധസത്വസ്വരൂപമാണത്. അതിനാൽ ബ്രഹ്മവിദ്യ ഗൗരിയാണ്. അഖണ്ഡാകാരവൃത്തി രൂപത്തിലായിരിക്കും ബ്രഹ്മവിദ്യ എന്നതാണ് ഒരു സവിശേഷത. അതിൽ വിഷയാ ന്തരം വന്നാൽ അവിടെ ഗൗരിയുണ്ടാവില്ല. അതിനാൽ "താമേവ വിദിത്വാ" ഇവ ഏവാകാരമാണ്. ബ്രഹ്മമാത്രവിഷയകമായിരിക്കണം. അതിൽ അൽപം പോലും നാമരൂപ വിഷയം വന്നാൽ അത് ഗൗരിയായിരിക്കില്ല. വദനം എന്നാൽ കഥനം. ഉപനിഷദ് വചനം. അവയിൽ നിന്നും അബ്ജവൃന്ദശ്രവണം മനനം നിദിദ്ധ്യാസനാദികളുടെ ആവൃത്തികൾ. അതിനുവേണ്ടി സൂര്യൻ, അതായത് പ്രകാശനം പ്രേരകരംമായതുകൊണ്ട് ശിവൻ.

ഇനി ഈ രണ്ടുതരത്തിലുള്ള അർത്ഥങ്ങളെ സമർത്ഥിക്കാൻ പറയുന്ന–ദക്ഷാധ്വരനാശകായ ശബ്ദാർത്ഥമാണ്. ദക്ഷപ്രജാപതി മഹത്തായൊരു യാഗം ആരംഭിച്ചു. എന്നാൽ ശിവദ്വേഷം കാരണം അത് നാശമായി. ആദ്യം മീമാംസയനുസരിച്ച് ചിന്തിക്കാം. പൂർവ്വമീമാംസയും, ഉത്തരമീമാംസയും. ഒരു ദിവസം, മുന്ന് ദിവസം, പതിനൊന്നു ദിവസം, മാസം, സംവത്സരങ്ങൾ ഇങ്ങനെ വിവിധതരത്തിൽ യജ്ഞങ്ങളുണ്ട്. പിന്നെ സമാപ്തമാകുന്നു– തീരുന്നു. തീരുന്നു എന്നതിന്റെ അർത്ഥം നഷ്ടമാവുന്നു എന്നാണ്. പൂർണ്ണമാവുകയെന്നാലും അർത്ഥം അതുതന്നെ. മരണമെന്ന വാക്ക് അൽപം അപശകുനമാണ്. അതുകൊണ്ട് മരിച്ചു എന്ന് പറയാറില്ല. തീർന്നവൻ എങ്ങനെ ഫലം തരും. മരണാനന്തരം സ്വർഗ്ഗത്തിലോ, ജന്മാന്തരത്തിലോ ഫലം തരുന്നത് അസാദ്ധ്യമാണ്. പിതാവ് മരിച്ചാൽ പിന്നെ പുത്രോൽപ്പാദനമെങ്ങനെ? കാരണം നഷ്ടപ്പെട്ടാൽ പിന്നെ കാലാന്തരത്തിൽ കാര്യമുണ്ടാകില്ല. യജ്ഞ– ദാനാദികൾ കൊണ്ട് പുണ്യം കിട്ടും. യജ്ഞം സമാപ്തമായാലും പുണ്യം നിലനിൽക്കും. ഇതുപോലെ ഹിംസാദി

ചീത്ത കാര്യങ്ങൾ ചെയ്താൽ പാപം കിട്ടും. പാപം നിലനിൽക്കുകയും ചെയ്യും. പുണ്യപാപങ്ങൾ രണ്ടു നാലു ദിവസം ആയുസുള്ള ഈയാംപാറ്റകളല്ല. ഫലം ഉൽപന്നമാകാത്തിടത്തോളം കാലം രണ്ടും നിലനിൽക്കുക തന്നെ ചെയ്യും. കോടിക്കണക്കിനു കല്പങ്ങൾ കഴിഞ്ഞാലും ഫലം അനുഭവിച്ചുതീരാതെ പുണ്യ-പാപങ്ങൾ നഷ്ടമാവില്ല. പുണ്യപാപങ്ങൾ സ്വയം ജഡങ്ങളാണ്. ആർക്കാണ് ഫലം കൊടുക്കേണ്ടതെന്ന് അവയ്ക്ക് അറിയില്ല. പുണ്യപാപങ്ങളനുസരിച്ച് ഫലം തരുന്നത് പരമാത്മാവ് തന്നെയാണ്. ജോലി ചെയ്താൽ സ്വയം ജോലിയല്ല കൂലി തരുന്നത്. ഉടമസ്ഥനാണ് കൂലി തരുന്നത്.

ദക്ഷ പ്രജാപതി ഒരു ശുഷ്കമീമാംസകനും കർമ്മകാണ്ഡത്തിൽ മുഴുകിയവനും പുത്രോത്പാദനത്തിൽ ദക്ഷനുമായിരുന്നു. തത്വബോധമില്ല. ബ്രഹ്മാവ്, വിഷ്ണു തുടങ്ങിയവരെപ്പോലും ഈശ്വരരൂപത്തിൽ മാനിക്കാറില്ലായിരുന്നു. അവരെ മാന്യ പുരുഷന്മാരായി മാത്രം മാനിക്കുന്നവൻ. പിതാവ്, ബ്രഹ്മാവ്, പിതാമഹൻ, വിഷ്ണു. അത്രയും അയാൾക്കറിയാം. ശങ്കരൻ മൂത്ത ജേഷ്ഠൻ പോലുമല്ല. ജാമാതാവായാൽ പുത്രതുല്യനായി കരുതിപ്പോന്നു. അയാൾ അനീശ്വരവാദി ആയിരുന്നു. ബ്രഹ്മദികൾക്ക് ഭിന്ന ഭിന്ന കല്പങ്ങളിൽ ഭിന്ന ഭിന്ന രൂപത്തിലാണ് പ്രാകട്യമെന്ന് പുരാണങ്ങളിൽ വർണ്ണനയുണ്ട്. ചിലപ്പോൾ ബ്രഹ്മാവിൽ നിന്ന് വിഷ്ണു. വിഷ്ണുവിൽ നിന്ന് രുദ്രൻ, മറ്റുചിലപ്പോൾ രുദ്രനിൽ നിന്നും ബ്രഹ്മാവ്, ബ്രഹ്മാവിൽനിന്നും വിഷ്ണു ഇങ്ങനെയെല്ലാം കാണാം ഇശ്വര ശബ്ദത്തിനർത്ഥം ശിവൻ എന്ന് തന്നെയാണ്. അമരകോശത്തിൽ ഈശൻ, മഹേശ്വരൻ ഈശ്വരൻ, ഈശാനൻ ഇവയെല്ലാം ശിവന്റെ പര്യായങ്ങളാണ്. ഈശ്വരനും, മഹേശ്വരനും അദ്ദേഹം തന്നെയാണ്. മണ്ഡലേശ്വരനും, മഹാമണ്ഡലേശ്വരനും ഒന്നുതന്നെയാണ്. ശങ്കരനില്ലാതെയുള്ള യജ്ഞം അയജ്ഞമാകുമെന്ന് മഹർഷി ദധീചി ദക്ഷനോട് സത്ർക്കം പറഞ്ഞതാണ്. എന്നാൽ ദക്ഷൻ പറഞ്ഞു. എനിക്ക് ഈശ്വരനുമായി, മഹേശ്വരനുമായി യാതൊരു കാര്യവുമില്ല. ഫലം ഈശ്വര നിന്ദ്യം എന്നതാണ് വാസ്തവം. അന്ത്യം എങ്ങനെയായി? "ക്രതുഭ്രംശസ്ത്വത്താ" യജ്ഞം ഇടയ്ക്ക് തടസ്സപ്പെട്ടു. ക്രിതുർഫല വിധാന വ്യസനിയായ ശങ്കര ഭഗവാൻ എവിടെയെങ്കിലും യാഗം ആരംഭിച്ചിട്ടുണ്ടെങ്കിൽ അവിടെ പ്രസന്നനാകുന്നവനാണ് ആ യാഗം പൂർണ്ണമാകട്ടെ എന്ന പ്രതീക്ഷയോടെയിരുന്നു അത് പൂർണ്ണമായാൽ ഉടൻ ശങ്കരൻ ഫലം തരുകയും ചെയ്യും അതുകൊണ്ടുതന്നെ ശങ്കരനെ 'അശ്രുതോക്ഷൻ' എന്ന് വിളിക്കുന്നു.

അദ്ദേഹത്തിന് രണ്ടു കാര്യങ്ങളുടെ വ്യസനമാണ് ശിവ മഹിമ്ന സ്തോത്രത്തിൽ പറഞ്ഞിരിക്കുന്നത് "ഭുവനഭയ ഭംഗവ്യസനിന" എന്നും "ക്രിതുഫലവിധാന വ്യസനിന" എന്നും. വേറെ വ്യസനമൊന്നും അദ്ദേഹത്തിനില്ല. ഒന്ന്, ഭുവനഭയഭംഗം മറ്റേതു ക്ര്യതുഫലവിധാനം, ഭംഗം എന്നാൽ ഭാംഗ് എന്നർത്ഥം പറയുന്നുണ്ട്. എന്നാൽ ഇവിടെ ഭഞ്ജനം എന്നാണർത്ഥം. ശങ്കര ഭഗവാൻ ഭയഭഞ്ജകനാണ് സംസാരഭയത്തെ ഭയഞ്ജം ചെയ്യുന്നവനാണ് ക്ര്യതുഫലവിധന വ്യസനം സർവ്വ പ്രസിദ്ധമാണ് മുന്നും പിന്നും നോക്കാതെയാണ് ശങ്കരൻ ഇഷ്ടഫലം നൽകുന്നത്. ഭസ്മാസുരൻ കൃത് ചെയ്തു. കൃത് എന്നാൽ യാഗം, സങ്കല്പം, ധ്യാന-ധാരണാദി എന്നും അർത്ഥമെടുക്കാറുണ്ട്.

ഭസ്മാസുരൻ ഒരിക്കൽ നാരദനോട് ചോദിച്ചു ഉടൻ ഫലം തരുന്ന ദേവൻ ആരാണ്? നാരദൻ ആശ്രുതോഷ ഭഗവാനാണെന്നു പറഞ്ഞപ്പോൾ അയാൾ ശങ്കര പ്രീതിക്കായി യജ്ഞംചെയ്യുകയും അവസാനം സ്വന്തം തലയറുത്ത് ഹോമിക്കാൻ തുടങ്ങി "സർവ്വേഭ്യോ ദർശ പൂർണ്ണ മാസൗ" എന്ന് പറഞ്ഞു. ഈ ജപം സർവ്വകാമ സാദ്ധ്യത്തിനുവേണ്ടിയുള്ളതാണ്. ശങ്കര ഭഗവാൻ പ്രസന്നനായി വരദാനം കൊടുത്തു. ആരുടെയെങ്കിലും തലയിൽ കൈവെച്ചാൽ അയാൾ ദഹിച്ച് ഭസ്മമാകണം എന്ന വരം രാവണനും തപസ്സു ചെയ്തപ്പോൾ ശങ്കര ഭഗവാൻ അയാൾക്കും അപാര ശക്തി നൽകി. ശങ്കര ഭഗവാന്റെ വരദാനം ലഭിച്ച ഋഷി-മഹർഷിമാർ ഒറ്റനേകമുണ്ട്. ഭഗവാൻ സ്വയം ദക്ഷനെ ജാഗരൂതനാക്കിയിരുന്നു. "ജഡാ നിസർവ്വകർമ്മാണിനഫലന്തീശ്വരം വിന" കർമ്മം ഈശ്വരനെ കുടാതെ ഒരിക്കലും ഫലം തരില്ല. ശങ്കരനില്ലാതെ യജ്ഞം നടത്തി. അതിൽ സതിയുടേയും വിനാശം സംഭവിച്ചു. അപ്പോൾ വീരഭദ്രൻ പ്രത്യക്ഷപ്പെട്ട് യാഗം മുടക്കി കുടെ ദക്ഷപ്രജാപതിക്കും വിനാശം സംഭവിച്ചു.

തുടരും....

യാത്രാ വിവരണം

# ഒരു അറബി രാജ്യത്തിലൂടെ

പി . ജയരാമൻ - 9847102015

ഗീതയും, ഞാനും, ഞങ്ങളുടെ സ്നേഹിതരായ നീതുവിന്റെയും, മഞ്ജുവിന്റെയും കൂടെ 2024 ഒക്ടോബർ 18 മുതൽ 22 വരെ United Arab Emirates (UAE) ലെ പ്രധാന നഗരങ്ങളായ ദുബായിലേക്കും അബുദാബിയിലേക്കും ഒരു യാത്ര നടത്തുകയുണ്ടായി. ദുബായിലെയും അബുദാബിയിലെയും അന്താരാഷ്ട്ര വിമാനത്താവളങ്ങൾ വഴി യൂറോപ്പിലേക്കും, അമേരിക്കയിലേക്കും മറ്റും പലവട്ടം പോയിട്ടുണ്ടെങ്കിലും, ഈ നഗരങ്ങൾ കാണാൻ ഞങ്ങൾ രണ്ടുപേരും ആദ്യമായിട്ടാണ് പോയത്. (നീതുവും, മഞ്ജുവും ഇതിനുമുൻപ് ഈ രണ്ടു സ്ഥലങ്ങളിലും പോയിട്ടുണ്ട്.)

ഒക്ടോബർ 18-ന് നെടുമ്പാശ്ശേരിയിലെ കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിൽ നിന്ന് ഇൻഡിഗോ കമ്പനിയുടെ വിമാനത്തിൽ വൈകുന്നേരം 7 മണിക്ക് ദുബായിലേക്ക് പുറപ്പെട്ടു. ഏതാണ്ട് 4 മണിക്കൂർ നീണ്ട വിമാന യാത്രയെക്കുറിച്ച് പ്രത്യേകിച്ചൊന്നും പറയാനില്ല. കൊച്ചി വിമാനത്താവളത്തിൽ നിന്ന് നേരത്തെ അത്താഴം കഴിച്ചിരുന്നതിനാൽ വിമാനത്തിൽവെച്ച് ഭക്ഷണമൊന്നും വാങ്ങി കഴിച്ചില്ല.

UAE സമയം രാത്രി 9.30-ന് (ഇന്ത്യൻ സമയത്തിന് 1 1/2 മണിക്കൂർ പിറകെ) ദുബായ് അന്താരാഷ്ട്ര വിമാനത്താവളത്തിൽ ചെന്നിറങ്ങി. DXB എന്ന കോഡ് പേരിലും ഈ എയർപോർട്ട് അറിയപ്പെടുന്നു. 1961-ൽ പ്രവർത്തനമാരംഭിച്ച ഈ വിമാനത്താവളത്തിലൂടെ 2023-ൽ 87 ദശലക്ഷം യാത്രക്കാർ കടന്നുപോയതായി കണക്കാക്കപ്പെടുന്നു. കൂടാതെ 1.8 ദശലക്ഷം ചരക്കുകളും. ലോകത്തിന്റെ നാനാഭാഗങ്ങളിൽനിന്നുള്ള നിരവധി വിമാനങ്ങൾ ഇവിടെ ഇറങ്ങുന്നതിനാൽ ദുബായ് ലോകത്തിലെ ഏറ്റവും തിരക്കുള്ള രണ്ടാമത്തെ എയർപോർട്ട് ആണ്, ആദ്യത്തെ സ്ഥാനം USA-യിലെ Atlanta അന്താരാഷ്ട്രവിമാനത്താവളത്തിനാണ്. ദുബായ് എയർപോർട്ടിൽ ധാരാളം Immigration കൗണ്ടറുകൾ തുറന്നുവെച്ചിരുന്നെങ്കിലും, നീണ്ട ക്യൂവിൽ-ക്യു വേഗത്തിൽ നീങ്ങിയിരുന്നെങ്കിലും-പുറത്തേക്ക് കടക്കാൻ ഒരു മണിക്കൂറിലേറെ സമയമെടുത്തു. ഞങ്ങളുടെ ബാഗുകൾ വരുന്ന സ്ഥലത്തെക്കുറിച്ച് ചെറിയ സംശയം ഉണ്ടായിരുന്നതിനാൽ ബാഗുകൾ ലഭിക്കാൻ സ്വൽപം താമസിച്ചു.

ഞങ്ങളുടെ ടൂർ ഓപ്പറേറ്ററുടെ ഡ്രൈവർ പ്ലേക്കാർഡ് പിടിച്ച് പുറത്ത് ഞങ്ങളെ കാത്തു നിന്നിരുന്നു. എയർപോർട്ടിൽ നിന്നും ഏതാണ്ട് ഒരു മണിക്കൂർ യാത്ര വേണ്ടിവന്നെങ്കിലും രാത്രി ഏതാണ്ട് 11 മണി ആയിരുന്നതിനാൽ ഗതാഗതക്കുരുക്ക് അനുഭവപ്പെട്ടില്ല. വളരെ സൗകര്യമുള്ള ഒരു ഹോട്ടലിലാണ് ഞങ്ങളുടെ താമസം ഏർപ്പാടാക്കിയിരുന്നത്. ഹോട്ടലിലെ ഞങ്ങളുടെ മുറിയിൽ കയറിപ്പറ്റാൻവേണ്ട ചടങ്ങുകളെല്ലാം കഴിഞ്ഞ് ഉറങ്ങാൻ കിടന്നപ്പോൾ രാത്രി ഏതാണ്ട് 1 മണിയായി (ഇന്ത്യയിൽ ആ സമയത്ത് രാത്രി 2 1/2). രാത്രിയിലെ ഉറക്കം, എന്തുകൊണ്ടോ ഒട്ടും ശരിയായില്ല. ഹോട്ടലിലെ വിഭവ സമൃദ്ധമായ പ്രാതലിന് ശേഷം അടുത്ത ദിവസം രാവിലെ ഏതാണ്ട് 10 മണിയോടെ ടൂർ ഓപ്പറേറ്റർ ഏർപ്പാട് ചെയ്തിരുന്ന കാറിൽ ദുബായിൽ അന്ന് കാണാൻ തീരുമാനിച്ചിരുന്ന സ്ഥലങ്ങളിലേക്ക് യാത്ര തിരിച്ചു. തലേ നാളത്തെ അതേ സാരഥി ഒരു ടൂറിസ്റ്റ് ഗൈഡിനെപ്പോലെയും പ്രവർത്തിച്ചു.

**അല്പം ചരിത്രവും, ഭൂമിശാസ്ത്രവും മറ്റും**

UAE യെ പറ്റിയുള്ള അടിസ്ഥാനപരമായ ചില കാര്യങ്ങൾ ഇവിടെ പ്രതിപാദിക്കുന്നത് അസ്ഥാനത്താകില്ലന്ന് കരുതുന്നു. 1971-ൽ UAE ആറ് Emirates (അറബി രാജ്യങ്ങൾ) ഉൾപ്പെടുന്ന ഒരു സംയുക്ത രാഷ്ട്രത്തിന് രൂപം നൽകി. Abu Dhabi, Dubai, Sharjah, Ajman, Umm al-Quwain, Fujairah എന്നിവ. Ras al-Khaimah 1972- ൽ UAE - ൽ ചേർന്നു. അബുദാബിയാണ് UAE യുടെ തലസ്ഥാനം. അവിടത്തെ രാജാവാണ് UAE

യുടെ ഭരണത്തലവൻ (President), UAE യിൽ ജനാധിപത്യ സംവിധാനമില്ല. ഭരണം രാജാക്കന്മാരുടെ കയ്യിലാണ്. ഏഴ് Emirates ന്റെ ഭരണാധികാരികൾ ചേർന്നുള്ള Federal Supreme Council, President ന്റെ നേതൃത്വത്തിൽ ഭരണം നടത്തുന്നു. നേരത്തെ ഈ Emirates കളിൽ പോർച്ചുഗ്രീസുകാരും, പിന്നീട് ബ്രിട്ടീഷുകാരും ഭരണത്തിൽ സ്വാധീനം ചെലുത്തിയിരുന്നു.

UAE – ലെ ജനസംഖ്യ: 95.9 ലക്ഷം (2024); ജോഗ്രഫിക്കൽ വിസ്തീർണം: 32.89 ലക്ഷം Square Kilometers ജനസംഖ്യയുടെ 88.05 ശതമാനം (2023) പ്രവാസികളാണ്. ഇന്ത്യയിൽ നിന്നുള്ളവർ ഏതാണ്ട് 35 ലക്ഷം (ജനസംഖ്യയുടെ 37%) വരും UAE – ലെ പ്രധാന ഭാഷകൾ അറബി, ഇംഗ്ലീഷ്, ഉറുദു, മലയാളം, ഹിന്ദി എന്നിവ. ജനസംഖ്യയുടെ 75 % ഇസ്ലാം, മറ്റു മതസ്ഥർ: ക്രിസ്ത്യാനികൾ (13%), ഹിന്ദുക്കൾ (8%), ബുദ്ധമതക്കാർ (2%) മുതലായവർ. ആളോഹരി (Per Capita) GDP(Gross Domestic Product): US $ . 52,977/–(2024) ജിഡിപി യിൽ ലോക റാങ്കിങ്ങിൽ 29–ാം സ്ഥാനം UAE കറൻസി: UAE ദിർഹം(1–AED: 22.98 ഇന്ത്യൻ റുപ്പീസ്). UAE ൽ നിന്നുള്ള പ്രധാന കയറ്റുമതി പെട്രോളിയം ഉത്പന്നങ്ങളാണ് (40%) രണ്ടാമത്തേത് മുത്തുകളും (Pearls) മറ്റ് വില പിടിച്ച ലോഹങ്ങളും (Metal), കല്ലുകളും (Stones)28 %, പ്രധാന ഇറക്കുമതികൾ : സ്വർണ്ണം, വജ്രം, കാറുകൾ ഭക്ഷണ സാധനങ്ങൾ എന്നിവ. ചൈനയും, ഇന്ത്യയും, USA യും, UK യുമാണ് ഇറക്കുമതിയുടെ പ്രധാന ഉറവിടങ്ങൾ (Sources) UAE ലെ പ്രധാന വിനോദ സഞ്ചാര കേന്ദ്രങ്ങൾ താഴെ കൊടുക്കുന്നവയാണ്.

1) Burj Khalifa, Dubai ( Tallest Building in the World )
2) Dubai Mall (One of the biggest Shopper's Paradise & Fountain Show)
3) Dubai Miracle Garden
4) Dubai Aquarium
5) Dubai Frame
6) Palm Island View from Top - Dubai
7) Global Village - Dubai
8) Future Museum - Dubai
9) Emirates Palace - Abu Dhabi
10) Sheikh Zayed Grand Mosque - Abu Dhabi
11) Hindu Temple - Abu Dhabi

**ദുബായിൽ കണ്ട ചില കാഴ്ചകൾ**

ഇന്ത്യൻ മഹാസമുദ്രത്തിന്റെ ഭാഗമായ പേർഷ്യൻ ഉൾക്കടലിന്റെ (ഗൾഫ്) തെക്ക് കിഴക്ക് തീരത്തുള്ള നഗരമാണ് ദുബായ്. നിർമ്മാണ വ്യവസായങ്ങൾക്കും (Construction Industry) വിനോദ സഞ്ചാരത്തിനും (Tourism) പ്രസിദ്ധം. ലോകത്തിലെ ഏറ്റവും വലിയ ഗതാഗത കേന്ദ്രങ്ങളിലൊന്ന് (Transport Hub)

നീണ്ട ക്യൂവിൽ നിന്ന്, ഇല്ലാത്ത വളരെയധികം സമയം ചിലവഴിക്കേണ്ടിവരുമെന്നതിനാൽ Burj Khalifa യുടെ മുകളിൽ കയറി ദുബായ് പട്ടണത്തിന്റെ 360 ഡിഗ്രിയിലുള്ള ഒരു വിഹഗ വീക്ഷണത്തിന് ഒരുമ്പെട്ടില്ല. പകരം, കടൽ നികത്തി കൃത്രിമമായി നിർമ്മിച്ച Palm Island ന്റെ മുകളിൽ നിന്നുള്ള ആകർഷകമായ കാഴ്ച കണ്ടാസ്വദിച്ചു. ഇതുകൂടാതെ ദുബായ് എയർപോർട്ടിൽ ഇറങ്ങുന്നതിനു മുൻപ് നഗരത്തിന്റെ രാത്രിയിലുള്ളതും, തിരിച്ചുപോരുമ്പോൾ പകലുള്ളതുമായ ഒരു വിഹഗ വീക്ഷണത്തിനും ഭാഗ്യം ലഭിച്ചു. Palm Island 52 നില ഉയരമുള്ള ഒരു കെട്ടിടത്തിന്റെ മുകളിൽ നിന്നാണ് കണ്ടത്. പലരും ഇതിനെ Burj Khalifa യുടെ മുകളിൽ നിന്നുള്ള കാഴ്ചയെക്കാൾ മെച്ചപ്പെട്ടതായി അഭിപ്രായപ്പെട്ടിട്ടുണ്ട്. അംബരചുംബികളായ നിരവധി കെട്ടിടങ്ങളും പണക്കാർ താമസിക്കുന്ന 'വില്ല'കളും, ധാരാളം മരങ്ങളും, ചെടികളും, പൂന്തോട്ടങ്ങളും മറ്റും മുകളിൽ നിന്ന് കണ്ടാസ്വദിച്ചു. ദ്വീപിന്റെ പല ഭാഗങ്ങളിൽക്കൂടി കടൽ കൈവഴിയായി പായുന്നത് കാണേണ്ട കാഴ്ച തന്നെയാണ്. ദുബായ് നഗരത്തിന്റെ 365 ഡിഗ്രിയിലുള്ള ഒരു വിഹഗ വീക്ഷണവും മുകളിൽനിന്നു ലഭിക്കും Palm Island ൽ കൂടിയാണ് അതിന്റെ മുകളിൽ നിന്നുള്ള കാഴ്ച കാണാൻ വേണ്ടി ഞങ്ങൾ കാറിൽ സഞ്ചരിച്ചത്. തിരക്ക് പൊതുവെ കുറഞ്ഞ സമയത്ത് പോയതിനാൽ വലിയ ക്യൂവിൽ കാത്ത് നിൽക്കേണ്ടി വന്നില്ല.

ഏതാണ്ട് 90 മിനിട്ട് അവിടെ ചിലവഴിച്ച ശേഷം

30 മിനിട്ട് കാറിൽ സഞ്ചരിച്ച് Lost Chambers എന്നറിയപ്പെടുന്ന പേരെടുത്ത Aquarium കാണാൻ പോയി. വളരെ വിശാലമായ ഈ Aquarium -ത്തിൽ നിരവധി തരങ്ങളിലും, നിറങ്ങളിലും, ആകൃതികളിലുമുള്ള മീനുകളെയും മറ്റു ജല ജീവികളെയും കാണാൻ കഴിഞ്ഞു. തിമിംഗലം, സ്രാവ്, മുതലായ ഭീമമായ മത്സ്യങ്ങൾ മുതൽ കണ്ണിൽ കാണാൻ പോലും ബുദ്ധിമുട്ടുള്ള ചെറിയ ജലജീവികളെ വരെ അവിടെ കാണാം. ഏതാണ്ട് 65000 ഇനങ്ങളിലുള്ള ജല ജീവികൾ അവിടെയുണ്ട്. ലോകത്തിലെ വലിയ Aquarium- ങ്ങളിൽ ഒന്നാണത്. ലോകത്തിലെ ഏറ്റവും വലിയ Aquarium ചൈനയിലാണ് (അവിടുത്തെ Tank-ന്റെ Volume 22.7 ദശലക്ഷം ലിറ്ററാണത്രെ, Hengqin എന്ന സ്ഥലത്ത്)

രാവിലെ നല്ല പോലെ പ്രാതൽ കഴിച്ചിരുന്നതിനാൽ വിശപ്പ് തോന്നാത്തതുകൊണ്ട് മദ്ധ്യാഹ്ന ഭക്ഷണം ഒഴിവാക്കാൻ തീരുമാനിച്ചു. ഉച്ചതിരിഞ്ഞ് ദുബായ് മാളിലേക്കു തിരിച്ചു. 2008 നവംബറിൽ തുറന്ന നാല് നിലകളിലുള്ള ഈ മാളിന് 5.9 ദശലക്ഷം Square Feet (5.5 ലക്ഷം Square Metres)വിസ്തിർണ്ണമുണ്ട്. ഏതാണ്ട് 15000 വാഹനങ്ങൾ പാർക്ക് ചെയ്യാനുള്ള സൗകര്യവും, UAE-ലെ ഏറ്റവും വലുതും, ലോകത്തിലെ രണ്ടാമത്തെ വലുതുമായ (ആദ്യത്തേത് ഇറാനിലെ ഒരു മാൾ ആണ്) ദുബായ് മാളിൽ 1200 കടകൾ ഉണ്ട്, 2023-ൽ 10.5 കോടി ആളുകൾ ഈ മാൾ സന്ദർശിച്ചിരുന്നു. അവിടെ ലഭിക്കാത്ത സാധനങ്ങൾ വിരളമായിരിക്കും. 22 സിനിമാശാലകളും, 120 റെസ്റ്റോറന്റുകളും ഉള്ള ഈ മാളിൽ ഒരു Aquarium-ഉം, വെള്ളത്തിനടിയിലുള്ള മൃഗശാലയും (Underwater Zoo) ഉണ്ട്. ദുബായ് മാളിന്റെ പുറത്ത് Dubai Fountain കാണാം Burj Khalifa യുടെ തൊട്ടടുത്താണ് ആ മ്യൂസിക്കൽ Fountain. വൈകിട്ട് 6 മണി മുതൽ ഓരോ അരമണിക്കൂറിനുള്ളിലും പ്രവർത്തിക്കും (3-5 മിനിട്ട്) പല നിറങ്ങളിലും വർണ്ണങ്ങളിലുമുള്ള ഈ Fountain നയനാനന്ദകരമായ കാഴ്ച പ്രദാനം ചെയ്യുന്നു. അകമ്പടിയായി നല്ല സംഗീതവും അതിനോടൊപ്പം നൃത്തം ചെയ്യുന്ന Fountain -ഉം. ദുബായ് മാളിലുള്ള ഒരു റെസ്റ്റോറന്റിൽ അത്താഴം കഴിച്ച് ഹോട്ടലിലേക്ക് മടങ്ങി. ■

---

(18-ാം പേജിന്റെ തുടർച്ച...)

മെഡിക്കൽ ചരിത്രത്തോടൊപ്പം, ഒരു ചികിത്സാ പദ്ധതി വികസിപ്പിക്കുന്നതിന് ആവശ്യമായ വിവരങ്ങൾ നൽകുകയും അവ അലർജിക്ക് ആശ്വാസം കണ്ടെത്താൻ സഹായിക്കുകയും ചെയ്യും.

വിട്ടുമാറാത്ത ചുമകളിൽ തൊണ്ണൂറു ശതമാനവും ഇനിപ്പറയുന്നവയുമായി ബന്ധപ്പെട്ടതാണ്:

ആസ്മ, വിട്ടുമാറാത്ത ബ്രോങ്കൈറ്റിസ്, ഗ്യാസ്ട്രോ ഈസോഫേഷ്യൽ റിഫ്ളക്സ് (GERD), പുകവലി

രക്തസമ്മർദ്ദത്തിനുള്ള മരുന്നുകൾ,ബ്രോങ്കിയക്ടാസിസ്, സിസ്റ്റിക് ഫൈബ്രോസിസ്,അണുബാധ (വൈറൽ അല്ലെങ്കിൽ ബാക്ടീരിയ) എന്നിവ വിട്ടുമറാത്തചുമക്ക് കാരണമാകാം

അലർജി ചുമയ്ക്കുള്ള പ്രകൃതിദത്ത പ്രതിവിധി എന്താണ്?

**അലർജി ചുമ ഒഴിവാക്കാൻ 7 ഫലപ്രദമായ പ്രതിവിധികൾ**

1. തേൻ - തേൻ കഫത്തെ കളയും
2. ചുവന്ന ഉള്ളി - വീട്ടിൽ തന്നെ ഉണ്ടാക്കുന്ന ചുമ സിറപ്പ് ഉണ്ടാക്കാൻ ചുവന്ന ഉള്ളി ഉപയോഗിക്കുക.
3. ഇഞ്ചി - തൊണ്ടവേദന ഇല്ലാതാക്കി കഫം ഉൽപ്പാദിപ്പിക്കാനും ചുമ ഒഴിവാക്കാനും ഇഞ്ചി സഹായിക്കും.
4. പൈനാപ്പിൾ.
5. പുതിന ഇലകൾ.
6. കണ്ടകാരി ചുണ്ട
7. കറുത്ത കുരുമുളക്.

**കുറിപ്പടി ഇല്ലാതെ കഴിക്കാവുന്ന ചില ആയുർവേദ മരുന്നുകൾ:**

താലീസപത്ര ചൂർണം 2 gm വീതം പലവട്ടം

ശബ്ദമടപ്പുണ്ടെങ്കിൽ വ്യോഷാദി വടകം പലവട്ടം കഴിക്കുക, പ്രമേഹമില്ലാത്തവർക്കു വാശാരിഷ്ടം കഴിക്കാം, ചുക്ക്, കുരുമുളക്, തിപ്പലി, ശർക്കര എന്നിവ ചതച്ചത് കുറേശെ കഴിക്കാം

തണുത്ത പാനീയങ്ങൾ, മധുരം, എയർ കണ്ടിഷനിംഗ് എന്നിവ ഒഴിവാക്കുക, രാസ്നാദി ചൂർണം തലയിൽ തിരുമ്മുക ■

# ബുദ്ധിയിൽ നിന്നും നിർമ്മിത ബുദ്ധിയിലേയ്ക്ക്... (6)

സി. രാമചന്ദ്രൻ - 9995820684

## സമൂല മാറ്റം കൃഷിയിലൂടെ

വൈജ്ഞാനിക പരിണാമത്തിന്റെ മൂന്നുഘട്ടങ്ങളിലൂടെ ഇതിനകം നാം കടന്നു. ഒന്ന് ശിലായുധനിർമ്മാണത്തിന്റെ ഘട്ടം, രണ്ട് അഗ്നിയെമെരുക്കിയുപയോഗിക്കുന്ന ഘട്ടം, മൂന്ന് ശബ്ദവിന്ന്യാസം അർത്ഥവിന്ന്യാസത്തിനുപയുക്തമാകും വിധം മസ്തിഷ്കം ഭാഷയെ രൂപപ്പെടുത്തിയെടുത്തത്. ഭാഷയുണ്ടായതിനുശേഷം ഏതാണ്ട് മുപ്പത്തയ്യായിരം വർഷങ്ങൾക്കുശേഷമാണ് മനുഷ്യ മസ്തിഷ്കത്തിൽ മറ്റൊരു ദ്യോതനമുണ്ടാകുന്നത് - കൃഷിയുടെ കണ്ടുപിടിത്തം.

കാര്യകാരണ ബന്ധത്തോടെയുള്ള പ്രകൃതി നിരീക്ഷണത്തിലൂടെ മാത്രമേ കൃഷിയെന്ന ആശയം മസ്തിഷ്കത്തിനുണ്ടാകു . യുക്തിചിന്തയുടെ വിത്തുകളും അതോടൊപ്പം സമാന്തരമായി മുള പൊട്ടി. സസ്യങ്ങളുടെയും ജന്തുക്കളുടെയും ജീവിത ചക്രത്തെക്കുറിച്ചുള്ള ബോധവും കാലാവസ്ഥാചക്രത്തെക്കുറിച്ചുള്ള അറിവും കൃഷിയിലേക്കെത്തുന്നതിനുള്ള ഒരു മുന്നുപാധിയാണ്. കാലഗണനയ്ക്ക് ഗണിതവും കാർഷിക വൃത്തിക്ക് യാന്ത്രികതയും വികസിച്ചു. ചക്രത്തിന്റെ പ്രവർത്തനം നം കണ്ടുപിടിച്ചത് മൺപാത്രനിർമ്മാണത്തെയുംനൂൽനൂൽപ്പിനെയും ഒരുപോലെ സഹായിച്ചു.

ഭക്ഷണത്തിനുവേണ്ടി വേട്ടയാടലും, പെറുക്കലും, തിന്നുതീർക്കലുമായിരുന്നു ഇതുവരെയെങ്കിൽ, ഭാവിയിലുണ്ടാകാനിരിക്കുന്ന വിളവ് പിന്നീട് സൂക്ഷിച്ചുവെച്ച്ക്രമേണ തിന്നുതീർക്കുക എന്നതായിപുതിയ ക്രമം. അതിന്റേതായ ഒരു ജീവിതക്രമവും രൂപപ്പെട്ടു. സാമൂഹ്യക്രമത്തിന്റെ ഒരു ഉടച്ചുവാർക്കലാണവിടെ നടന്നത്. വിത്ത് വിതക്കൽ, കന്നുപൂട്ടൽ, കൊയ്ത്ത്, മെതി, ധാന്യസംഭരണം, ധാന്യംപൊടിക്കൽ, മാവുപുളിപ്പിക്കൽ, അപ്പംചുടൽ അങ്ങനെ അത് കാർഷിക പദ്ധതിയുടെ ആസൂത്രണം ആവശ്യമാക്കിത്തീർത്തു. അതിനനുസരിച്ച് ഉപകരണങ്ങളുടെ രൂപകൽപ്പനയും അനിവാര്യമാക്കി. ആദ്യമാദ്യം ഉൽപ്പന്നങ്ങളുടെ തുല്യമായ വീതം വായ്പയായിരുന്നുവെങ്കിൽ, പിന്നീട് ഉത്പാദനം വർദ്ധിച്ചപ്പോൾ വിതരണവുമായി പൊരുത്തപ്പെടാതാവുകയും മിച്ചമുള്ളത് സംഭരിക്കുന്നതാര് എന്ന ചോദ്യമുയരുകയും ചെയ്തു. പല ഉൽപ്പന്നങ്ങൾ ഉണ്ടായപ്പോൾ മാറ്റക്കച്ചവടവും നിലവിൽ വന്നു. അവകാശങ്ങളെക്കുറിച്ചുള്ള ബോധ്യങ്ങളിലേക്ക് സമൂഹം കടക്കുകയും സ്വകാര്യസ്വത്ത് എന്ന ആശയത്തിലേക്ക് കടക്കുകയുമായി. ഭക്ഷണം മിച്ചമായപ്പോൾ അദ്ധ്വാനവും മിച്ചമായി. അദ്ധ്വാനംമിച്ചമായപ്പോൾ സമയവും മിച്ചമായി. മിച്ചമായ സമയം ചിന്തിക്കുവാനുതകി. എല്ലാവർക്കും ആഹാരത്തിന് അദ്ധ്വാനിക്കേണ്ടതില്ലയെന്ന അവസ്ഥയിൽ മിച്ചംവന്ന മനുഷ്യർ ചിന്തകരായി. ആകാശമെന്ന അത്ഭുതത്തെകുറിച്ച് നിരീക്ഷിച്ചും, ചിന്തിച്ചും ജ്യോതിശാസ്ത്രത്തിന് വിത്തിട്ടു. ഭൂമിയെ പഠിച്ച് കൃഷിയിറക്കിയതുപോലെ ആകാശത്തുനിന്ന് ഉല്പന്നങ്ങളില്ലെങ്കിലും ആകാശത്തെ ഒരു കലണ്ടറായും ദിശാസൂചകമായും പ്രയോജനപ്പെടുത്താമെന്നായി. ആകാശത്ത്. ദൈവങ്ങളെയും സൃഷ്ടിച്ചു.

സാമൂഹ്യ ജീവിതം ഒരു യാഥാർത്ഥ്യമായതോടെ അതു നിലനിറുത്തുന്നതിനുള്ള ഉപാധികളും ഉപായങ്ങളും ആവശ്യമായി. കുടുംബം എന്ന സംഘടനാരൂപത്തിന്റെ ആവശ്യമുയർന്നു. കുട്ടി വളർന്നു വലുതായി സ്വയം പര്യാപ്തമാകുവാൻ പത്തുപതിനെട്ടു വർഷം വേണ്ടി വരുമെന്നതിനാൽ അതുവരെ സംരക്ഷിക്കേണ്ടതിന്റെ ഉത്തരവാദിത്വമുണ്ടായി. ആർക്കാണ്ഉത്തരവാദിത്വം. കുടുംബ ബന്ധങ്ങളിൽ ബഹുഭാര്യാത്വം, ബഹുഭർതൃത്വം, ഏകപത്നിത്വം തുടങ്ങി പല പരീക്ഷണങ്ങളും നടന്നു. സദാചാരപരമായ നിയമസംഹിതകളിലേക്കാണ് മനുഷ്യനെ അതുനയിച്ചത്. സാമൂഹ്യബന്ധങ്ങളെ നിയമം കൊണ്ടുമാത്രം നിയന്ത്രിക്കാനാവില്ല. ആരും കാണുകയില്ല എന്ന് ഉറപ്പുണ്ടെങ്കിൽ മനുഷ്യൻ തെ

റ്റുചെയ്യാൻ മടിക്കുകയില്ല എന്ന തിരിച്ചറിവിൽ നിന്നാണ് അധികാരികൾ മുകളിലൊരാൾ ഉണ്ട് എന്ന് കണ്ടുപിടിച്ചത്. നദിതടസംസ്കാരമുരുത്തിരിഞ്ഞ എല്ലായിടത്തും മുകളിലെ ഒരാൾ എന്ന സങ്കൽപ്പം പല രൂപത്തിലും പല ഛായയിലുമുണ്ടായിരുന്നു. ചിന്താപരമായ ശാന്തിക്കും അത്തരമൊരു സാങ്കൽപ്പിക സൃഷ്ടി ആവശ്യമാണെന്ന് തിരിച്ചറിയത്തക്കവിധം ബുദ്ധിയും, യുക്തിയും വികസിച്ചു കഴിഞ്ഞിരുന്നു. യുക്തിയും, ബുദ്ധിയും കാടുകയറുന്നതാണ് പിന്നീട് കാണുന്നത്. മഴ പെയ്യിക്കുവാൻ മന്ത്രവാദം, വിളവ് വർദ്ധിക്കുവാൻ കൃഷിയിടങ്ങളിൽ മൈഥുനം, സന്താന വർദ്ധനവിന് തന്ത്രപൂജ എന്നിങ്ങനെ അത് വളർന്ന് മൃഗബലിയിലേക്കും , നരബലിയിലേക്കും വരെ ചെന്നെത്തി.

മഹാനദികളുടെ ഊറൽമണ്ണടിഞ്ഞ സമതലങ്ങളിൽ കൃഷി വികസിച്ചതോടെ ജലസേചനം കൂടുതൽ മെച്ചമാക്കേണ്ടിയിരുന്നു. തോടുകൾ വെട്ടേണ്ടതിന്റെയും, വരമ്പുകൾ കോരേണ്ടതിന്റെയും ആവശ്യമുയർന്നു. ഗ്രാമങ്ങളെ ഒത്തിണക്കുവാൻ ജലസേചനം പ്രേരിപ്പിച്ചു. വിളവുകൾ നിറഞ്ഞു കവിഞ്ഞു. നാഗരികതകൾ ഉയർന്നുവന്നു.

ടൈഗ്രിസ്-യൂഫ്രട്ടീസ് നദികൾ മെസപ്പൊട്ടേമിയ, നൈൽ നദി ഈജിപ്റ്റ്, സിന്ധു-ഗംഗ നദികൾ ഭാരതം, ഹോയാങ്ഹോ നദി ചൈന എന്നിങ്ങനെ കാർഷിക സംസ്കൃതികൾ ഉയർന്നു വന്നു. ഗ്രാമങ്ങൾ നഗരങ്ങളാകുമ്പോൾ ഒരു ഗ്രാമ പ്രമാണികളിലൊരാൾ നഗര മുഖ്യനായി മാറിയിരിക്കാം. സംഘടിതശക്തിയാർജ്ജിക്കത്തക്കവണ്ണം മതം, ക്ഷേത്രം, വിഗ്രഹം, ആരാധന, കൊടി എന്നിങ്ങനെ പ്രതീകങ്ങളുമായി നഗരകേന്ദ്രങ്ങളും സജ്ജമായി. മന്ത്രവാദികളും വൈദ്യന്മാരുമായ പുരോഹിതന്മാർ പലപ്പോഴും ഭരണാധികാരികളുമായി.

ഭൂമിയിൽ ഹിമയുഗം അവസാനിച്ചതുമുതൽ പുൽവർഗ്ഗങ്ങൾ തഴച്ചു വളരാൻ തുടങ്ങിയിരുന്നു. നെല്ലും, ഗോതമ്പും, ബാർളിയും മറ്റും അനുകൂല പരിതസ്ഥിതിയിൽ സ്വയമേവ വളർന്നു. ആട്, പോത്ത്, പശു, പന്നി, കഴുത, കുതിര, മുയൽ മുതലായവ തിന്നുകൊഴുത്തുവരുവാൻ ഇതു കാരണമായി. കാർഷിക സംസ്കൃതിയോട് സമാന്തരമായി ഇടയസംസ്കാരവും ചേർന്ന് ചേർന്ന് വികസിച്ചു വരുന്നതും നമുക്ക് സങ്കൽപ്പത്തിൽ കാണാം.

ക്ഷേത്രങ്ങൾക്ക് ചുറ്റും നഗരങ്ങൾ രൂപം കൊള്ളുമ്പോൾ സ്വാഭാവികമായും അവിടെ അതിനുചുറ്റും വിവിധ തൊഴിൽ സംഘങ്ങൾ രൂപം കൊള്ളും. അവർ സമീപ സ്ഥലങ്ങളിൽ തമ്പടിക്കും. അങ്ങനെ ആശാരി, മൂശാരി, കൊല്ലൻ, കൊത്തൻ, തട്ടാൻ, നെയ്ത്തുകാർ, ചെത്തുകാർ, കശാപ്പുകാർ, പാചകക്കാർ എന്നിങ്ങനെ തൊഴിൽ വിഭജനവും സമൂഹത്തിലുണ്ടായിവന്നു. നാഗരിക ജീവിതം സങ്കീർണ്ണമാകുന്നതനുസരിച്ച് നിയമങ്ങളും, നിയമ പരിപാലനങ്ങളും ആവശ്യമായി. തർക്കങ്ങളും, വഴക്കുകളും ഉണ്ടായപ്പോൾ ഉണ്ടായ ഒത്തുതീർപ്പുസമിതികൾ കോടതികളായി മാറി. ഇന്ന കുറ്റത്തിന് ഇന്ന ശിക്ഷ എന്ന് നിയമസംഹിതകളുമുണ്ടായി.

നദിതട സംസ്കാരം മനുഷ്യരാശിക്കു നൽകിയ സാങ്കേതിക സംഭാവന ലോഹങ്ങളുടേതാണ്. ഇരുമ്പിനുമുമ്പ് ഓടും, പിച്ചളയും കണ്ടുപിടിച്ചു കഴിഞ്ഞിരുന്നു. ശിലായുധങ്ങൾക്കുപകാരമുണ്ടായ ലോഹായുധങ്ങൾ കൃഷിയെ വീണ്ടും പരിപോഷിപ്പിച്ചു. കൊഴുവും, പാരയും, തൂമ്പയും, കൈക്കോട്ടും, കോടാലിയും കാർഷികവിപ്ലവമുണ്ടാക്കി .പിന്നീട് മറ്റൊരു കാർഷികവിപ്ലവമുണ്ടാകുന്നത് സഹസ്രാബ്ദങ്ങൾക്കുശേഷം വ്യവസായികവിപ്ലവത്തോടൊപ്പം അത്യുത്പാദന വിത്തുകളും രാസവളങ്ങളും, കീടനാശിനികളും പ്രയോഗത്തിൽ വരുന്നതോടെയാണെന്ന് നമുക്ക് ഭാവിയിൽ കാണാം.

ആദിമ കാലത്തെ ഗോത്രനിർമ്മിതികൾക്കും നഗരരാഷ്ട്രങ്ങൾക്കും രാജ്യങ്ങൾക്കും ശേഷമാണ് സാമ്രാജ്യങ്ങൾ ഉണ്ടാകുന്നത് സാമ്രാജ്യങ്ങളുടെ ഭരണം സാധ്യമാകത്തക്കവണ്ണം ഇതിനകം ഗതാഗതവും വാർത്താവിനിമയവും സൈന്യ സംവിധാനങ്ങളും വളർന്നുവരേണ്ടതുണ്ടായിരുന്നു. കുതിരകളെയാണ് അതിനായി മെരുക്കപ്പെട്ടത്. നഗരങ്ങൾ ഗ്രാമങ്ങളെ ഉൾക്കൊണ്ടുകൊണ്ടുവളർന്നപ്പോൾ അവയ്ക്ക് പൊ തുഭരണ സംവിധാനമുണ്ടായി. അത് രാജ്യങ്ങളായി വളർന്ന് രാജാക്കന്മാരുണ്ടായി. രാജ്യങ്ങൾ ഏകീകരിച്ച് സാമ്രാജ്യങ്ങളും ചക്രവർത്തിമാരുമുണ്ടായി. രാജാക്കന്മാർ സാമന്തന്മാരായി. ഗതാഗതത്തിനും വാർത്താവിനിമയത്തിനും കുതിരകൾ ഉതകി.

സാമ്പത്തിക ഉത്പാദനത്തിന് അടിമകളെയും

**(ശേഷം 39-ാം പേജിൽ)**

ക്കപ്പെടുന്ന




## എറണാകുളം കരയോഗത്തോടൊപ്പം

# കുട്ടികൾ ഒഴിവുകാലം ആസ്വദിക്കട്ടെ...!

**എറണാകുളം കരയോഗം ടി.ഡി.എം. ഹാളിൽ**
**2025 മെയ് 7 മുതൽ 11 വരെ**

കുട്ടികളുടെ വേനലവധി വിജ്ഞാനവും, വിനോദവും ഇടകലർന്നാഘോഷിക്കാൻ ഞങ്ങൾ അവസരം ഒരുക്കുന്നു. യോഗ, ഭജൻ, സൂംബാ ഡാൻസ്, കരകൗശലവിദ്യകൾ, സാഹിത്യ പരിചയം, പ്രസംഗപരിശീലനം തുടങ്ങിയവയും രണ്ടു ദിവസം നാടകക്കളരിയും ഉണ്ടായിരിക്കും. മെയ് 7 മുതൽ 11 വരെ 5 ദിവസങ്ങളിലായി നടത്തപ്പെടുന്ന ഈ ക്യാമ്പിൽ പങ്കെടുക്കുവാൻ താല്പര്യമുള്ളവർ ബന്ധപ്പെടുക.

**Mrs. Shobha Gopakumar - 9895183511 / Mrs. Subha Vijayakumar - 9446357315**


| | | |
|---|---|---|
| പ്രായ പരിധി | - | 9 വയസ്സു മുതൽ 15 വയസ്സു വരെ (std 5 to std 10 ) |
| സമയം | - | രാവിലെ 9.30 am to 5 pm |
| രജിസ്ട്രേഷൻ ഫീസ് | - | 1000 രൂപ |


# മുന്നാം ചരമവാർഷികം

**10–3–2025**

വാത്സല്യനിധിയായ ഞങ്ങളുടെ അച്ഛൻ ശ്രീ. സി. കൃഷ്ണമൂർത്തി ഞങ്ങളെ വിട്ടു പിരിഞ്ഞിട്ട് മുന്ന് വർഷം തികയുന്നു. അച്ഛന്റെ സ്നേഹസ്മരണകൾക്കു മുമ്പിൽ ബാഷ്പാഞ്ജലികൾ അർപ്പിച്ചുകൊണ്ട് ആ പുണ്യാത്മാവിന്റെ നിത്യശാന്തിക്കുവേണ്ടി പ്രാർത്ഥിക്കുന്നു.

**മക്കൾ** : സീത, മോഹനൻ
**കൊച്ചുമക്കൾ** : ഉമാദേവി, ശ്രീദേവി



**സി. കൃഷ്ണമൂർത്തി**
പ്രിയദർശിനി
ചിറ്റൂർ റോഡ്, കൊച്ചി–35

# കേരളത്തിന്റെ ശാക്തേയ പാരമ്പര്യം.11

എം.ആർ.എസ് മേനോൻ - 9037126220

(തുടർച്ച.....)

കേരളത്തിലെ പതിമൂന്ന് ശാക്തേയ കാവുകളിൽ 9 എണ്ണത്തെപ്പറ്റി നാം മുൻലക്കങ്ങളിൽ പരാമർശിച്ചു കഴിഞ്ഞു.

**തിരുമാന്ധാം കുന്നിലമ്മ (അങ്ങാടിപ്പുറം)**

കേരളത്തിലെ ശാക്തേയക്കാവുകളിൽ വളരെ പ്രധാനപ്പെട്ട ഒന്നാണ് തിരുമാന്ധാംകുന്ന്. പഴയ വള്ളുവനാടിന്റെ ഹൃദയസ്ഥാനമായ പെരിന്തൽമണ്ണ ക്കടുത്ത് അങ്ങാടിപ്പുറത്താണ് തിരുമാന്ധാംകുന്ന് ക്ഷേത്രത്തിന്റെ ആസ്ഥാനം. മെയിൻ റോഡിന്റെ വടക്ക് വശത്തായി തെക്ക് നിന്ന് കൽപ്പടവുകൾ കയറി മുകളിലാണ് ക്ഷേത്രം.

ഈ ക്ഷേത്രത്തെപ്പറ്റി പ്രചാരത്തിലുള്ള ഒരു ഐതിഹ്യം ഇപ്രകാരമാണ്. സൂര്യവംശത്തിൽപ്പെട്ട മാന്ധാതാവ് രാജാവ് രാജ്യഭരണമൊക്കെ അവസാനിപ്പിച്ച് ശിവനെ തപസ്സ് ചെയ്ത് പ്രത്യക്ഷപ്പെടുത്തി. മാന്ധാതാവ് മഹർഷിയുടെ തപസ്സിൽ സംതൃപ്തനായ ശിവൻ പാർവ്വതി പൂജിച്ചിരുന്നതും തനിക്ക് ഏറ്റവും പ്രിയപ്പെട്ടതുമായ ശിവലിംഗത്തെ മാന്ധാതാവിന് നൽകി. കൈലാസത്തിൽ നിന്ന് ശിരസ്സിൽ ശിവലിംഗവുമായി പുറപ്പെട്ട മാന്ധാതാവ് തെക്കോട്ട് യാത്ര ചെയ്ത് ഒരു കുന്നിന്റെ സമീപത്ത് വന്നു. എല്ലാ ജീവജാലങ്ങളും വൈരംവിനാ സ്നേഹപൂർവ്വം കഴിയുന്ന ഈ സ്ഥലത്ത് എത്തിയപ്പോൾ പെട്ടെന്ന് ശിവലിംഗത്തിന് ഭാരം തോന്നി. മഹർഷി ശിവലിംഗം അവിടെ വച്ചപ്പോൾ ഉറച്ച് പോയി. ഈ സമയത്ത് പാർവ്വതി താൻ പൂജിച്ചിരുന്ന വിഗ്രഹം കാണാതെ പരിഭ്രമിച്ച് അത് തനിക്ക് തിരികെ കിട്ടിയേ തീരൂ എന്ന് വാശിപിടിച്ചു. ഒരാൾക്ക് നൽകിയത് തിരിച്ച് വാങ്ങാനാവില്ല എന്നായി ശിവൻ. പാർവ്വതി ഭദ്രകാളിയോട് ഏതു വിധവും വിഗ്രഹം തിരിച്ച് കൊണ്ട് വന്ന് തരണമെന്ന് അഭിപ്രായപ്പെട്ടു. ഭദ്രകാളിയും മറ്റ് പാർഷദന്മാരും ശിവലിംഗം ഇരിക്കുന്ന കുന്നിന്റെ വടക്ക് വശത്ത് എത്തി. ശിവലിംഗത്തിന്റെ തേജസ് കൊണ്ട് മുകളിലേക്ക് കയറാൻ കഴിയാതിരുന്ന ഭദ്രകാളിയും കൂട്ടരും ആയുധങ്ങൾ മുകളിലേക്ക് എറിയാൻ തുടങ്ങി. മുകളിൽ നിന്ന് മാന്ധാതാവിന്റെ ശിഷ്യന്മാർ ക്ഷേത്രത്തിന് സമീപം കാച്ച് നിന്ന ആട്ടങ്ങ പറിച്ച് താഴത്തേക്ക് തിരിച്ചെറിഞ്ഞു. ഓരോ ആട്ടങ്ങയും ദിവ്യാസ്ത്രമായി മാറി ഭദ്രകാളിയെ തളർത്തി. തുടർന്ന് ഭദ്രകാളി തന്റെ വിശ്വരൂപം കാണിച്ചപ്പോൾ മുനികുമാരന്മാർ ബോധരഹിതരായി. പാർവ്വതി ദേവി ആവശ്യപ്പെട്ട പോലെ ശിവലിംഗം തട്ടിയെടുക്കാൻ ഭദ്രകാളി തയ്യാറായപ്പോൾ മാന്ധാതാവ് ശിവലിംഗത്തെ കെട്ടിപ്പിടിച്ചു. അപ്പോൾ ശിവലിംഗം രണ്ടായി പിളർന്ന് അവിടെ ത്രിമൂർത്തികളും പാർവ്വതിയും പ്രത്യക്ഷപ്പെട്ടു. മാന്ധാതാവ് മഹർഷിയുടെ ഭക്തി കണ്ട് പ്രീതയായ പാർവ്വതി ഈ വിഗ്രഹം വിട്ട് പിരിയാനോ ഇവിടുന്ന് കൊണ്ട് പോകാനോ താൻ അശക്തയാണെന്നും താൻ ശിവനിൽ ലയിച്ച് തന്റെ നിത്യ സാന്നിദ്ധ്യം ഇവിടെ ഉണ്ടാകുമെന്നും തനിക്ക് മുമ്പ് ഇവിടെ വന്നത് കാളിയായതിനാൽ എന്റെ അടുത്ത് തന്നെ വടക്കോട്ട് തിരിഞ്ഞ് കാളിയുടെ സാന്നിദ്ധ്യവും ഉണ്ടാകുമെന്നും അറിയിച്ചു. ഇന്നും ഈ ശിവലിംഗം പിളർന്ന നിലയിലാണ്. ഈ സ്ഥാനത്തിന് ശ്രീമൂലസ്ഥാനം എന്ന് പറയുന്നു. ഭദ്രകാളി സപ്തമാതൃക്കളോടും വീരഭദ്രനോടും ഗണപതിയോടും ചേർന്ന് വസിക്കുന്ന സ്ഥലമാണ് മാതൃശാല. കുറെക്കാലത്തിന് ശേഷം മാന്ധാതാവ് യോഗ സമാധിയായി അതിന് മുമ്പ് ആ വഴി വന്ന രണ്ട് ബ്രാഹ്മണർക്ക് മഹർഷി ആ ക്ഷേത്രത്തിലെ പൂജാവിധികൾ അടങ്ങിയ ഗ്രന്ഥം നൽകി ക്ഷേത്രഭാരം അവരെ ഏൽപ്പിച്ചതിന് ശേഷം അടുത്തുള്ള വനത്തിൽ യോഗനിഷ്ഠനായി ശരീരം ത്യജിച്ചു.

തിരുമന്ധാംകുന്നിൽ വൈശ്യകുലത്തിൽ പെട്ടവർ ധാരാളം താമസിച്ചിരുന്നു. (ഗുപ്തന്മാർ, മൂത്താന്മാർ, മണാളർ തുടങ്ങിയവർ). വൈശ്യകുലത്തിൽ പെട്ട എട്ട് വീട്ടിലച്ഛന്മാരുടെ ഇഷ്ടദേവതക്ക് ഏറ്റവും ഇഷ്ടം തേനായിരുന്നു. അതിനാൽ അവരുടെ

ഇഷ്ടപ്രകാരം തേൻ നേദിക്കാൻ തന്ത്രിമാർ വിസമ്മതിച്ചതിനാൽ കൊടുങ്ങല്ലൂരെപ്പോലെ ശാക്തേയ പൂജക്ക് അടികളെ നിയമിച്ചു. മാതൃശാലയിലെ പൂജ അടികൾക്കും ശ്രീമൂലസ്ഥാനത്തെ പൂജ നമ്പൂതിരിമാർക്കുമായി. പിന്നീട് മാതൃശാലയിലെ പൂജയും നമ്പൂതിരിമാർക്ക് കൈമാറി. പാർവ്വതിയും പിന്നീട് മാന്ധാതാവും പിന്നീട് ഋഷി തുല്യരായ രണ്ട് ബ്രാഹ്മണരും പൂജിച്ചതിനാലും പാർവ്വതിയുടെ ചൈതന്യം കൂടി ചേർന്നതിനാലും ഇവിടത്തെ വിഗ്രഹം വളരെ വിശേഷപ്പെട്ടതാണ് എന്ന് കരുതുന്നു. മാതൃശാലയിൽ പ്രതിഷ്ഠിച്ച ഭദ്രകാളിയുടെ വിഗ്രഹം കേരളത്തിലെ ദാരുവിഗ്രഹങ്ങളിൽ ഏറ്റവും വലുതാണ്. ആറടിയോളം ഉയരമുണ്ട് ഈ വിഗ്രഹത്തിന്. പൂന്താനം രചിച്ച ഘനസംഘമിടയുന്ന എന്ന മനോഹരമായ ഗാനം ദേവിയുടെ ദിവ്യസൗന്ദര്യത്തെ വർണ്ണിക്കുന്നു. ഇടത് കാൽ മടക്കി വലതുകാൽ താഴേക്ക് തൂക്കിയിട്ട് രത്നപീഠത്തിൽ ഇരിക്കുന്ന രീതിയിലാണ് പ്രതിഷ്ഠ. മനോഹരമായ കിരീടവും ശിരസ്സിൽ ചന്ദ്രക്കലയും തിരുമാറിൽ ആഭരണങ്ങളും എട്ട് കൈകളിലും കങ്കണങ്ങളും ശൂലം, സർപ്പം, വാൾ, പരിച, ഖട്വാംഗം, വട്ടക എന്നീ ദിവ്യായുധങ്ങളും ദാരികന്റെ ശിരസ്സും ഘോരരൂപിയെങ്കിലും വാത്സല്യം നിറഞ്ഞ അമ്മയുടെ കാരുണ്യമുള്ള മുഖവും ഘനസംഘത്തിൽ വർണ്ണിക്കുന്നത് പോലെ മനോഹരമാണ്. മറ്റൊരു ലോഹ വിഗ്രഹത്തിലാണ് അഭിഷേകം നടത്തുന്നത്. നേരെ നടക്കൽ നിന്ന് മാറിയാണ് അമ്മയെ കാണുന്നത്.

വള്ളുവനാട്ടിലെ മുഴുവൻ ജനങ്ങളുടെയും ആരാധനാമൂർത്തിയായ തിരുമാന്ധാംകുന്നിലമ്മയെ തിരുവിതാംകൂർ കൊച്ചി മഹാരാജാക്കന്മാരും സാമൂതിരിയും ഒരു പോലെ ആരാധിച്ചിരുന്നു. കൊച്ചി രാജകുടുംബത്തിന്റെ തേവാരമൂർത്തികളിൽ പെട്ട തിരുമാന്ധാംകുന്നിലമ്മയുടെ കളമെഴുത്ത് പാട്ട് ഇന്നും തൃപ്പൂണിത്തുറ കളിക്കോട്ടപാലസിൽ നടത്തി വരുന്നുണ്ട്. ടിപ്പുവിന്റെ പടയോട്ട കാലത്ത് പട്ടിൽ പൊതിഞ്ഞ ഭഗവതിയുടെ തിടമ്പുമായി തന്ത്രി തിരുവനന്തപുരത്തെത്തി കൂപക്കരമഠത്തിൽ അഭയം തേടി. ടിപ്പുവിന്റെ ഉപദ്രവം അവസാനിച്ച് തിടമ്പ് തിരികെ കൊണ്ട് പോയ ശേഷവും തിരുമന്ധാം കുന്നിലമ്മക്ക് കൂപക്കരമഠത്തിൽ നിവേദ്യം അർപ്പിച്ചു വരുന്നു. സാമൂതിരി വള്ളുവനാട് രാജാവിന്റെ ശത്രുവാണെങ്കിലും വള്ളുവനാടിന്റെ പരദേവതയെ സാമൂതിരിയും ആരാധിച്ചിരുന്നു എന്നത് ഒരു വൈരുദ്ധ്യമായി തോന്നും. സാമൂതിരി വേഷപ്രച്ഛന്നനായി തിരുമാന്ധാംകുന്നിലെത്തി നാൽപ്പത്തിഒന്ന് ദിവസം തപസ് ചെയ്തിട്ടുണ്ടെന്നാണ് വിശ്വാസം.

പഴയ ലിപിയിലെ ചില രേഖകൾ പ്രകാരം AD 345-ൽ ആണ് മാതൃശാലയിലെ പ്രതിഷ്ഠ എന്ന് കാണാം. AD രണ്ടാം നൂറ്റാണ്ടിൽ ചേരൻ ചെങ്കുട്ടവന്റെ കാലത്ത് നിർമ്മിച്ച കൊടുങ്ങല്ലൂർ ക്ഷേത്രവുമായി പല കാര്യങ്ങളിലും ഈ ക്ഷേത്രത്തിന് സാദൃശ്യം ഉണ്ട്. സപ്തമാതൃക്കളോടെ വടക്കോട്ട് തിരിഞ്ഞ് ഇരിക്കുന്ന പ്രതിഷ്ഠ എട്ട് കൈകളിലെ ആയുധങ്ങൾ കിഴക്കോട്ട് ദർശനമായ ശിവപ്രതിഷ്ഠ എന്നിവ ഒരു പോലെയാണ്. കൊടുങ്ങല്ലൂരമ്മയുടെ ഇളയ സഹോദരിയാണ് തിരുമാന്ധാംകുന്നിലമ്മ എന്നാണ് ഒരു വിശ്വാസം. തിരുമാന്ധാംകുന്നിൽ ദർശനം കഴിഞ്ഞ് കൊടുങ്ങല്ലൂരിൽ പൊയ്ക്കൂടെന്ന് ഒരു നാട്ടുനടപ്പും നിലവിലുണ്ട്.

**മാമാങ്കം**

കേരള ചരിത്രത്തിലെ സുപ്രധാനമായ ഒന്നാണ് മാമാങ്കം. മാമാങ്കത്തിന് കൃസ്തുവിന് മുമ്പ് മുതൽ പഴക്കം ഉണ്ട് എന്നാണ് കണക്കാക്കപ്പെടുന്നത്. മാമാങ്കം നടത്താനുള്ള അവകാശം വള്ളുവക്കോനാതിരിക്കായിരുന്നു. തിരുനാവായ കീഴടക്കിയ സാമൂതിരി ഈ അവകാശം വള്ളുവക്കോനാതിരിയിൽ നിന്ന് പിടിച്ചടക്കി. പക്ഷേ വള്ളുവക്കോനാതിരി അത് അംഗീകരിച്ചില്ല.തിരുമാന്ധാംകുന്ന് ക്ഷേത്രത്തിന്റെ മുന്നിലെ ചാവേർ തറയിൽ നിന്നാണ് മാമാങ്കത്തിൽ സാമൂതിരിയെ വധിക്കാൻ ചാവേറുകളെ വള്ളുവക്കോനാതിരി അയച്ചിരുന്നത്. ചാവേറുകൾ തിരുമാന്ധാംകുന്നിൽ നാല് ദിവസം ഭജനമിരുന്ന് തിരുനെല്ലിയിൽ പിണ്ഡം വച്ച് വീണ്ടും തിരുമാന്ധാംകുന്നിലമ്മയുടെ അനുഗ്രഹം വാങ്ങി പുതുമന അമ്മ ഉരുട്ടി കൊടുത്ത ഉരുളയുമുണ്ട് ആണ് മാമാങ്കത്തിന് പുറപ്പെട്ടിരുന്നത്. പക്ഷേ തുടർച്ചയായി ഈ ചാവേറുകൾ രക്ത സാക്ഷികളാകുകയാണ് ഉണ്ടായത്. 250 വർഷം മുമ്പാണ് മാമാങ്കം അവസാനിച്ചത്. കേരളത്തിലെ ഏറ്റവും പഴക്കമുള്ള രാജവംശമാണ് വള്ളുവക്കോനാതിരിയുടേത് എന്നാണ്

**ചരിത്രപണ്ഡിതന്മാരുടെ അഭിപ്രായം**

സംഘകാലത്ത് പുലയർ, കുറവർ, പറയർ, പാണർ, ഉള്ളാടൻ തുടങ്ങിയവരായിരുന്നു കേരളത്തിലെ ആദിവാസികൾ. വള്ളുവർ എന്നാൽ പുലയരുടെ സ്ഥാനപ്പേരാണ് എന്നാണ് ശ്രീകണ്ഠേശ്വരം അഭിപ്രായപ്പെട്ടിരിക്കുന്നത്. വള്ളുവ ജാതിയിൽപ്പെട്ടവരുടെ പ്രാധാന്യം കൊണ്ടാവാം വള്ളൂവനാട് എന്ന പേർ വന്നത്. അക്കാലത്ത് ചാതുർവർണ്യത്തിന്റെ പേരിലുള്ള വിഭജനങ്ങൾ കേരളത്തിൽ ഇല്ലായിരുന്നു. ബ്രാഹ്മണരുടെ ആഗമനത്തിന് ശേഷമാണ് ജാതിവ്യവസ്ഥ ശക്തമായത്. പുരാതന ദ്രാവിഡ സംസ്കൃതിയുടെ പിന്തുടർച്ചയായി പല ചടങ്ങുകളും ഇവിടെ കാണാം. പതിനൊന്നാം ആറാട്ടിന് ശേഷം വെള്ളാട്ടിരി രാജകീയ അകമ്പടിയോടെ പൂരപ്പറമ്പിൽ എഴുന്നള്ളുമ്പോൾ പാണരുടെ മൂപ്പനും തണ്ടേറി വരുന്ന ചടങ്ങ് ഇതിന് ഉദാഹരണമാണ്.

**മംഗല്യപൂജ**

വിവാഹം നടക്കാനായി നടത്തി വരുന്ന തിരുമാന്ധാംകുന്നിലെ മംഗല്യപൂജക്ക് കേരളത്തിന്റെ എല്ലാ ഭാഗത്ത് നിന്നും ധാരാളം പേർ എത്തിച്ചേരുന്നു. ഗണപതി നടയിലാണ് ഈ പൂജ നടന്നു വരുന്നത്. സർവ്വ വിഘ്നനിവാരകനായ ഗണപതിക്ക് അപ്പം, അട, കദളിപ്പഴം, പായസം എന്നിവ നിവേദ്യമായി നൽകി ആരാധിക്കുന്നതാണ് മംഗല്യ പൂജ. തുലാമാസത്തിലെ മുപ്പട്ട് വെള്ളിയാഴ്ച മാത്രം നടന്ന് വന്നിരുന്ന ഈ പൂജ ഭക്തജനങ്ങളുടെ തിരക്ക് മൂലം എല്ലാ ഞായർ, ചൊവ്വ, വെള്ളി ദിവസങ്ങളിലും നടന്നു വരുന്നു. ഇന്ന് രാജ്യത്തിന്റെ എല്ലാ ഭാഗങ്ങളിൽ നിന്ന് ഭക്തജനങ്ങൾ ഈ പൂജക്കായി എത്തിച്ചേരുന്നു. മൂന്ന് വർഷം അടുപ്പിച്ച് നടത്തണമെന്നാണ് നിയമം. വിവാഹം നടന്നാലും പൂജ മുടങ്ങാൻ പാടില്ല

**ഉത്സവങ്ങൾ**

11 ദിവസം നീണ്ട് നിൽക്കുന്ന തിരുമാന്ധാംകുന്നിലെ പൂരം വള്ളുവനാടിലെ ഏറ്റവും പ്രധാന ദേശീയോത്സവമാണ്. പടഹാദി, ധ്വജാദി, അങ്കുരാദി എന്നീ മൂന്ന് സമ്പ്രദായത്തിലെ ഉത്സവങ്ങളും ഇവിടെ സമന്വയിക്കുന്നു. ആദ്യത്തെ മൂന്ന് ദിവസം പടഹാദി മുറയിലാണ് ഉത്സവം. മൂന്നാം ദിവസം കൊടിയേറ്റത്തോടെ ധ്വജാദി മുറയിലും നാലാം ദിവസം മുളയിടുന്നത് മൂലം അങ്കുരാദി രീതിയിലുമാണ് ഉത്സവം.

ചാന്താട്ടം. പ്രധാന വിഗ്രഹത്തിൽ അഭിഷേകം പതിവില്ലാത്തതിനാൽ എല്ലാ വർഷവും നാലു തവണ നടത്തി വരാറുള്ള ചാന്താട്ടം മറ്റൊരു പ്രധാനപ്പെട്ട ഒരാഘോഷമാണ്. തേക്കിന്റെ കറയാണ് ചാന്താട്ടത്തിന് ഉപയോഗിക്കുന്നത്.

മുമ്പ് പരാമർശിച്ച ഭദ്രകാളിയുടെ ഭൂതങ്ങളും മാന്ധാതാവിന്റെ ശിഷ്യന്മാരും തമ്മിൽ നടന്ന യുദ്ധത്തിന്റെ ഓർമ്മക്കായി തുലാമാസത്തിലെ ആട്ടങ്ങ ഏറ് ഇവിടത്തെ വിശേഷപ്പെട്ട ഒരാചാരമാണ്. നട തുറക്കുമ്പോൾ ദേവിയെ ലക്ഷ്യമാക്കി വടക്ക് വശം താഴേ നിന്ന് ആട്ടങ്ങ എറിയുന്നു. മുമ്പ് ഭഗവതിക്ക് അടികളുടെ ശാക്തേയ പൂജയാണ് നടന്ന് വന്നിരുന്നതെങ്കിലും ഇപ്പോൾ നമ്പൂതിരിമാരുടെ പൂജയാണ് പിന്തുടരുന്നത്.

**പനയന്നാർ കാവ്**

ആലപ്പുഴ ജില്ലയിൽ മാന്നാറിന് അടുത്ത് പരുമലയിലാണ് പ്രസിദ്ധമായ പനയന്നാർ കാവ്. ഐതിഹ്യമാലയിലൂടെ പ്രസിദ്ധമായ പരുമല യക്ഷിയുടെ ആസ്ഥാനവും ഈ ക്ഷേത്രത്തിൽത്തന്നെയാണ്. നിരണം ഭരിച്ചിരുന്ന ശ്രായിക്കൂർ രാജാവ് നിർമ്മിച്ചതാണ് ഈ ക്ഷേത്രമെന്ന് കരുതുന്നു. കൂറ്റൻ വൃക്ഷങ്ങളും കരിമ്പനകളും ചുറ്റിപ്പിണഞ്ഞ് കിടക്കുന്ന കാട്ടുവള്ളികളും ചേർന്ന് പകൽ പോലും ഭീകരത തോന്നുന്ന എട്ടേക്കറോളം വരുന്ന കാവിനുള്ളിലാണ് ക്ഷേത്രം. 'ദിഗ്ഗജങ്ങളുടെ കഴുത്തറുത്ത് കുരുതി നടത്തിയത് കൊണ്ടാണ് പനയന്നാർ കാവിലെ അന്തിക്ക് ഇത്ര തുടിപ്പ്' എന്ന് ഉണ്ണുനീലിസന്ദേശത്തിൽ വർണ്ണിച്ചിട്ടുണ്ട്.

നരബലിക്കായി കൊണ്ടുവന്ന ഒരു കന്യകയെ കൊല്ലരുത് അവളെ ഞാൻ നോക്കിക്കോളാം അവളിവിടെ നിന്നോട്ടെ എന്ന് ഭഗവതി പറഞ്ഞുവെന്നും നരബലിയിൽ നിന്ന് രക്ഷപെട്ട ആ കന്യകയുടെ പരമ്പരകളാണ് ക്ഷേത്രമുടമകളായ ആദിശ്ശന്മാർ എന്നുമാണ് വിശ്വാസം. കിഴക്കോട്ട് ദർശനമായ ഭഗവതിയോടൊപ്പം പടിഞ്ഞാട്ട് ദർശനമായ ശിവനും ഈ ക്ഷേത്രത്തിൽ ഉണ്ട്. ഭദ്രകാളിയുടെ കിഴക്കോട്ടുള്ള നട തുറക്കാറില്ല. അതിനകത്ത് ശ്രീചക്ര പ്രതിഷ്ഠയാണെന്നാണ് വിശ്വാസം. വടക്ക്

(ശേഷം 42–ാം പേജിൽ)

കഥ

# ഇളംതുരുത്തി ആശാൻ



മന്മഥൻ വിജയൻ നായർ - 9447650600

എണ്ണയിൽ കിടന്നു മൊരിഞ്ഞ ഉണ്ണിയപ്പത്തിന്റെ നിറം. ആറടിയിൽ താഴെ ഉയരം കാറ്റ് പിടിച്ച് നിൽക്കുന്ന കമുക് പോലെ അല്പം മുന്നോട്ടുവളഞ്ഞ മെലിഞ്ഞ ശരീരം, വീഴാതിരിക്കാനെന്ന പോലെ രണ്ടു കൈയും അകത്തി വീശി പ്രാഞ്ചി പ്രാഞ്ചിയുള്ള നടത്തം മുഖത്തു നിറയെ നരച്ച താടി, കാട് പോലെ വളർന്നു നിൽക്കുന്ന ചെമ്പിച്ച മുടി , താടിയും മുടിയും വളർന്നു നില്കുന്നത്കൊണ്ട് ഉയർന്നു നിര തെറ്റി നിൽക്കുന്ന പല്ലുകൾ കാണാനാവില്ല.

ചെവിയിൽ നിറയെ രോമം, കണ്ടാൽ അവ ചെവിക്കുള്ളിൽ നിന്ന് വളർന്ന് വരുന്നത് പോലെ തോന്നും, ഉയർന്നു നിലക്കുന്ന നാസിക, കുണ്ടിൽതാണ കണ്ണുകൾ, മണ്ണിന്റെ നിറമുള്ള വലിയ ചുട്ടി തോർത്താണ് സ്ഥിരം വേഷം, അതിനടിയിൽ തെളിഞ്ഞു കാണുന്ന മുഷിഞ്ഞ കോണകം. ഇടതു കൈയിലെ തള്ളവിരലിൽ ഏതാണ്ട് ഒന്നര ഇഞ്ചും ചൂണ്ടു വിരലിൽ ഒരിഞ്ചും നീളം വരുന്ന നീട്ടിവളർത്തിയ നഖങ്ങൾ, വെറുതെ ഇരിക്കുകയോ നടക്കുകയോ ചെയ്യുമ്പോൾ ഇവ തമ്മിൽ കൂട്ടി മുട്ടിച്ച് ചെറിയ ശബ്ദമുണ്ടാക്കി കൊണ്ടിരിക്കും, ശമന താളം, ഭയപ്പെടുത്താനെന്ന പോലെ. വലതു കൈയിലെ തള്ള വിരലിലും ചൂണ്ടു വിരലിലും നീട്ടി വളർത്തി കൂർപ്പിച്ച നഖങ്ങളുണ്ട്.

ഇതായിരുന്നു ഇളംതുരുത്തി ആശാൻ, എന്റെ ആശാൻ. എന്റെ എന്ന് പറഞ്ഞത് കൊണ്ട് പ്രീയപ്പെട്ട ആളെന്ന് കരുതണ്ട, എനിക്കൊട്ടും ഇഷ്ടമായിരുന്നില്ല ആശാനെ. എനിക്കേതാണ്ട് നാല് വയസ്സുള്ളപ്പോഴാണ് എന്നെ ആശാൻപള്ളിക്കൂടത്തിലാക്കുന്നത്. അന്ന് ഞങ്ങടെ നാട്ടിൻ പുറത്തോ പരിസരപ്രദേശങ്ങളിലോ നഴ്സറി സ്കൂളോ പ്ളേ സ്കൂളോ ഉണ്ടായിരുന്നില്ല. അക്കാലത്ത് ആശാന്മാർ പഠിപ്പിക്കുന്നത് മലയാളം അക്ഷരമാലയും എഞ്ചുവടിയുമാണ്.

അങ്ങിനെയിരിക്കെ ഒരു ദിവസം എന്നെ എല്ലാവരും കൂടി ഒരുക്കിയെടുക്കുന്നു. ചിറ്റമ്മ-എന്റെ അച്ഛന്റെ ഇളയ പെങ്ങൾ ലക്ഷ്മിക്കുട്ടി അമ്മയുടെ നേതൃത്വത്തിലാണ് കലാപരിപാടി. കണ്ണെഴുതുന്നു പുരികം വരയ്ക്കുന്നു കവിളത്തു കണ്മഷികൊണ്ട് വലിയ കറുത്ത ഒരു കുത്തിടുന്നു നീളത്തിൽ വളർന്ന മുടി തലയുടെ ഉച്ചിയിൽ പെൺകുട്ടിയുടേത് പോലെ കെട്ടിവെക്കുന്നു ആകെ ബഹളം. അല്ലെങ്കിലും ചിറ്റമ്മ എപ്പോഴും അങ്ങിനെയാ എന്നെ ഒരു പെൺകുട്ടിയെ പോലെ ഒരുക്കാൻ വലിയ ഇഷ്ടമാ.

ഞാൻ ഹൈസ്കൂളിൽ പഠിക്കുന്ന കാലത്തും ഇത് തന്നെയായിരുന്നു അവസ്ഥ. എറണാകുളത്തു ഉദ്യോഗമുള്ള ചിറ്റമ്മ പെരുമ്പിള്ളിൽ ഉണ്ടെങ്കിൽ എന്നെ പിടിച്ച് അടുത്തിരുത്തും എന്നിട്ട് ചിറ്റമ്മയുടെ മേക്കപ്പ് സാധനങ്ങളൊക്കെ ഉപയോഗിച്ച് എന്നെ പെൺവേഷം കെട്ടിക്കും. ചിറ്റമ്മക്ക് അതൊരു രസമായിരുന്നു.

അച്ഛൻ രാവിലെ ഏഴു മണിക്കാണ് ആറ്റിനക്കരെയുള്ള ഞങ്ങളുടെ തുണികടയിലേക്ക് പോകുന്നത്. അന്ന് പോകുമ്പോൾ എന്നെയും കൂട്ടി എനിക്ക് പ്രത്യേകിച്ചൊന്നും തോന്നിയില്ല, കാരണം ഇതിന് മുൻപും ഞാൻ അച്ഛന്റെ കൂടെ കടയിൽ പോയിട്ടുണ്ട് പിന്നെയെന്താ..... പക്ഷേ എന്നെ യാത്രയാക്കിയ ബന്ധുക്കളുടെ കണ്ണുകളിൽ ഞാൻ കണ്ടത് വളർത്തി വലുതാക്കി നിർത്തിയ കാളക്കുട്ടനെ അറവുകാരന് കൊടുക്കുമ്പോഴുള്ള ഭാവമായിരുന്നോ......

അച്ഛന്റെ കൈ പിടിച്ച് ഇടുങ്ങിയ തൊണ്ടിൽ കൂടി നടക്കുന്ന ഞാൻ കുറച്ച് കഴിയുമ്പോൾ വളരെ പിന്നിലാകും. വഴിയരികിലെ മുക്കുറ്റിയോട് പൂവ് ചോദിച്ചും, കൊന്നമരത്തിലിരുന്ന് ചിലക്കുന്ന കരിയില കുരുവിയോട് പിണങ്ങിയും, കയ്യാല പ്പുറത്തിരുന്ന് ആഞ്ഞിലിക്കുരു കൊറിക്കുന്ന അണ്ണാൻ കുഞ്ഞിനോട് കിന്നാരം പറഞ്ഞും,

(ശേഷം 46-ാം പേജിൽ)

# ജീവിതം സാക്ഷി

എം . കെ. ചന്ദ്രശേഖരൻ

(തുടർച്ച...)

ഓപ്പറേഷൻ കഴിഞ്ഞു വന്നപ്പോഴേയ്ക്കും മകൻ വന്നു. രണ്ട് ദിവസം ഐസിയുവിലായിരുന്നു. റൂമിലേയ്ക്ക് മാറ്റിയ ദിവസം അയാൾക്ക് വീട്ടിലേയ്ക്ക് വരാനായി. മുഷിഞ്ഞ ഡ്രസ്സെല്ലാം മാറ്റി പുതിയ ഡ്രസ്സ് കൊണ്ടുപോകണം. പിറ്റേന്ന് മകന്റെ ഭാര്യ ചെന്നൈയിൽനിന്ന് കുറെ ദിവസത്തെ ലീവെടുത്ത് വന്നു അന്ന് തന്നെ ഒരു ഹോംനേഴ്സിനെയും കിട്ടി. അതോടെ മകനും വീട്ടിലേയ്ക്ക് വന്നു. ചെന്നൈയിൽ നിന്ന് വന്നതിനുശേഷം ഇതേവരെ ശരിക്കൊന്നും കുളിക്കാനോ ഡ്രസ്സ് മാറ്റാനോ പറ്റിയിട്ടില്ല. പിന്നീട് എന്നും മകൻ രാവിലെ തന്നെ ഹോസ്പിറ്റലിലേയ്ക്ക് പോകും. ഉച്ചകഴിഞ്ഞ് അയാളും പോകും. പലപ്പോഴും രാത്രി വൈകിയാണേലും വീട്ടിലേയ്ക്ക് പോന്നേ പറ്റു.

ഹോസ്പിറ്റലിൽ ബൈസ്റ്റാൻഡറായി ഒരാളിൽ കുടുതൽ നിൽക്കാൻ പാടില്ല എന്ന റൂൾ അനുസരിച്ചേ പറ്റു. 10 ദിവസം കഴിഞ്ഞ് രോഗത്തിന് ശമനം കണ്ടതോടെ വീട്ടിലേയ്ക്ക് വരാൻ പറ്റി. ഒരാഴ്ച കഴിഞ്ഞ് വീണ്ടും ചെല്ലണം. അതുകൊണ്ട് പേവാർഡ് കിട്ടിയത് വെക്കേറ്റ് ചെയ്തില്ല. അല്ലെങ്കിൽ പിന്നീട് ബുദ്ധിമുട്ടേണ്ടിവരും.

പക്ഷെ, ഒരാഴ്ച തികയുന്നതിനുമുന്നേതന്നെ വീണ്ടും പോവേണ്ടിവന്നു. പിന്നത്തെ പരിശോധനയിൽ അർബുദമാണെന്ന് സ്ഥിരീകരിച്ചു. കീമോതെറാപ്പി ഒന്ന് കഴിഞ്ഞപ്പോഴേയ്ക്കും അവളവശനിലയിലായി. വീണ്ടും ഐസിയുവിലേയ്ക്ക് മാറ്റി. ആ സമയമെല്ലാം മകൻ രാത്രി വീട്ടിലേയ്ക്കുള്ള വരവ് ഉപേക്ഷിച്ചു. പിന്നീട് വാർഡിലേയ്ക്ക് മാറ്റിയെങ്കിലും സൂക്ഷ്മനിരീക്ഷണത്തിലാണിപ്പോഴും. ഡോക്ടർ രാവിലെയും വൈകിട്ടും വന്ന് പരിശോധിക്കുന്നു.

"ഇപ്പോഴത്തെ ഈ അവസ്ഥ കണ്ട് വിഷമിക്കേണ്ട ഇനിയത്തെ കീമോ ഒരാഴ്ചകഴിഞ്ഞുമതി." ചുറ്റുപാടും നടക്കുന്നത് അവളറിയുന്നുണ്ട്. താൻകാരണം എത്രപേർ ബുദ്ധിമുട്ടുന്നു. ഒരു തവണ അവളത് സൂചിപ്പിച്ചപ്പോൾ മകൻ പറഞ്ഞു. "മമ്മി ഒന്നുകൊണ്ടും വിഷമിക്കേണ്ട, മനസ്സ് സ്വസ്ഥമായാൽ മതിയെന്നാണ് ഡോക്ടർ പറയുന്നത്. വെറുതെ ആധി പിടിക്കേണ്ട കാര്യമില്ല." പക്ഷെ അവളെ വേദനപ്പെടുത്തുന്ന അവസ്ഥയാണ് പിന്നീടുണ്ടായത്. മകന്റെ ഭാര്യയുടെ അവധി തീർന്നു. ഇനി കുറെനാൾ ബാംഗ്ലൂരിൽനിന്ന് മകള് വന്ന് നിൽക്കട്ടെ. അവളേതായാലും ജോലിക്കൊന്നും പോണില്ലല്ലോ. എത്രയായാലും മകളോളം വരുമോ മരുമകൾ എന്ന് കരുതിക്കാണും. പക്ഷെ മകളുടെ പ്രതികരണം അവളെ തളർത്തി.

ഇപ്പോൾ വരാൻ ബുദ്ധിമുട്ടുണ്ട്. പ്രധാനമായും അവൾ ചൂണ്ടിക്കാണിക്കുന്നത് അവളുടെ മോളുടെ പഠിത്തമാണ്. "ക്രിസ്മസ് പരീക്ഷ കഴിയട്ടെ. 10 ദിവസത്തെ സ്കൂൾ വെക്കേഷനുണ്ട്. അന്നേരം വരാം." ഫോണിൽകൂടിയുള്ള ആ വാക്കുകൾ കേട്ടതോടെ അവൾ പൊട്ടിത്തെറിച്ചു. "എന്താ ഞാൻ ചത്തോന്നറിയാനാണോ" പിന്നെ കുറേനേരം അനങ്ങാതെ കിടന്നു. ആ കണ്ണുകൾ നിറയുന്നുണ്ടോ?

ഈ മകൾക്കുവേണ്ടിയാണ് കുറെനാൾ മുമ്പുവരെ ഏറെ ബുദ്ധിമുട്ടിയത്. ജാതകദോഷം കൊണ്ട് ഏറെനാൾ നീണ്ടുപോയ വിവാഹം ശരിയാകാൻ എത്ര പള്ളികളിലും അമ്പലങ്ങളിലും നേർച്ച നടത്തി. ജോലിയിലായിരുന്നുപ്പോഴും പിന്നെ ജോലി കഴിഞ്ഞപ്പോഴും ഒരിക്കലും സ്വസ്ഥത കിട്ടിയിരുന്നില്ല. വിവാഹം കഴിഞ്ഞ് വർഷങ്ങളായിട്ടും അവൾക്ക് കുഞ്ഞിക്കാൽ കാണാനായില്ലല്ലോ എന്ന വിഷമം, മകളേക്കാളും ഏറെ അനുഭവിച്ചത് അവളാണ്. എത്ര ആശുപത്രികൾ കയറിയിറങ്ങി? മണ്ണാറശാലയിലെ ഉരുളി കമിഴ്ത്തൽ ഉൾപ്പെടെ എത്ര വഴിപാടുകൾ. പള്ളികൾ - ആശുപത്രികൾ - ആയിടയ്ക്ക് ഒരിക്കലും വീട്ടിലിരിക്കാൻ നേരം കിട്ടിയില്ല. മരുമകനാണെങ്കിൽ അപൂർവ്വമായിട്ടേ സ്ഥലത്തുണ്ടാവൂ. അധികവും ജോലിയുടെ ഭാഗമായുള്ള യാത്രകൾ. കൊടുങ്ങല്ലൂരിലെ ആശുപത്രിയിലെ ഡോക്ടർ പലതവണ അയാളെ

കാണണമെന്ന് പറഞ്ഞു. ആർക്കോ വേണ്ടിയുള്ള ഒരു വഴിപാട് പോലെയുള്ള ഒരു വരവിൽ ഡോക്ടർ പൊട്ടിത്തെറിച്ചു, "എന്താ ഇയാൾക്കിതിലൊന്നും കാര്യമില്ലെന്നാണോ? തനിക്ക് വേണ്ടെങ്കിൽ ഇനി ഇക്കാര്യത്തിൽ ഇങ്ങോട്ട് വരേണ്ട" നീ എട്ടുവർഷത്തെ കാത്തിരിപ്പിനുശേഷം മകൾ ഒരു പെൺകുട്ടിയുടെ അമ്മയായതോടെയാണ് അടുത്ത പ്രശ്നം. മരുമകൻ ഗുജറാത്തിലെ ജോലിവിട്ട് ബാംഗ്ലൂരിൽ ഒരു കമ്പനിയിലേയ്ക്ക് വന്നു. "ഒന്ന് സെറ്റിൽഡാവുന്നിടം വരെ കൂടെ വരണം."

പിന്നെ ബാംഗ്ലൂരിലേയ്ക്കുള്ള യാത്ര. കൂടെക്കൂടെയുള്ള യാത്രയിൽ അയാൾക്കും കൂടെ പോയേ ഒക്കൂ. കുഞ്ഞിന്റെ പരിലാളനയുടെ പേരിൽ അവൾക്കവിടെ നിൽക്കേണ്ടി വരുമ്പോൾ അയാൾ മാത്രം നാട്ടിലേയ്ക്ക് വരും. വീട് ഏറെനാൾ പൂട്ടിയിടാനാവില്ലല്ലോ. പിന്നെ നാട്ടിലൊരു വീട് വേണമെന്നായി മകളുടെ ആവശ്യം. അതിനുവേണ്ടിയുള്ള ഓട്ടം. ഇവിടൊക്കെ അയാൾക്കും അവൾക്കും കൂടെക്കൂടെയുള്ള യാത്രകൾ. വീട്ടിൽ സ്വസ്ഥമായി ഇരുന്നിട്ടില്ല എന്നതാണ് വാസ്തവം. മരുമകന് ജോലിയുടെ ഭാഗമായുള്ള യാത്രകൾ വേണ്ടിവരുമ്പോൾ ഭാരം മുഴുവൻ മോളുടെ അച്ഛനും അമ്മയും എന്ന നിലയിൽ അവർക്കായിരുന്നു. കാക്കനാട്ട് പണി തുടങ്ങിയ ഒരു വീടിന്റെ കരാർ പൂർത്തീകരിച്ച് ഗൃഹപ്രവേശം നടത്തുന്നതുവരെ എല്ലാ ഉത്തരവാദിത്വവും അവർ ഏറ്റെടുത്തു. വീട് വാങ്ങിയിട്ടും മകൾക്ക് വീട്ടിൽ താമസിക്കാനായില്ല. ഭർത്താവിന്റെ കൂടെ ബാംഗ്ലൂരിലേയ്ക്ക് പോയപ്പോൾ വീട് അനാഥമാവരുതെന്ന് കരുതി, കുറെനാൾ അവിടെ താമസിക്കേണ്ടിവന്നത് പറ്റിയ ഒരു വാടകക്കാരനെ കണ്ടുപിടിക്കേണ്ട ജോലി കൂടി വന്നതിനാലാണ്. ബെഡിനരികെ കസേരയിൽ ചാരിയിരുന്നയാൾ പലതും ആലോചിച്ചു പോയി. ഇതെല്ലാം അവൾ മുൻകൂട്ടി കണ്ടിരുന്നോ? കുറെനാളായുള്ള അവളുടെ വാക്കും പെരുമാറ്റവും അതാണ് സൂചിപ്പിക്കുന്നത്. ഒരു മാസം മുമ്പാണ്. "നമ്മുടെ ബാങ്ക് അക്കൗണ്ടിലെ നോമിനിയാരാണ്?" "അതെന്തൊരു ചോദ്യമാണ്. എറണാകുളത്തുവെച്ച് വർഷങ്ങൾക്കുമുമ്പ് തുടങ്ങിയ ബാങ്ക് അക്കൗണ്ട്, അന്നൊക്കെ ആരുടെ പേരാണ് സാധാരണ ഗതിയിൽ വെയ്ക്കുക?" "അത് മാറ്റണം. നോമിനിയായി മകന്റെ പേര് വെയ്ക്കണം. അതു പോലെ മൂവാറ്റുപുഴയിലെ നമ്മുടെ ഭൂമി വിറ്റ് കുറെ പണം ബാങ്കിൽ എഫ്.ഡി.യായി ഇട്ടിട്ടില്ലെ? അതിലെ നോമിനിയുടെ പേരും മകന്റെ പേരിലാക്കണം." "അപ്പോ എന്താ മോളുടെ പേരിലൊന്നും വേണ്ടാന്നാണോ?" "അന്നാകാശ് കിട്ടീപ്പം മോൾക്ക് കൊറെ കൊടുത്തതല്ലേ? അതുമതി. ഇതുവരെ മോനൊന്നും കൊടുത്തില്ലല്ലോ"കൂടുതൽ തർക്കിക്കാനൊന്നും പോയില്ല. പിന്നത്തെ തവണ ബാങ്കിൽ പോയപ്പോൾ നോമിനിയുടെ പേര് മകന്റെ പേരിലാക്കി മാറ്റിയിരുന്നു.

ഈ സമീപകാല ഓർമ്മകൾ അവളെ അലട്ടുന്നു. അതിന്റെ പ്രതിഫലനം അവളുടെ മുഖത്ത് പ്രകടമാണ്. അവൾ കണ്ണടച്ചു കിടന്നു. കണ്ണുനീർ വരുന്നുണ്ടോ? പക്ഷേ, തുടയ്ക്കാനായില്ല. മരുന്ന് കഴിക്കേണ്ടസമയം ഡ്യൂട്ടി നേഴ്സും മകന്റെ ഭാര്യയും അവളെ താങ്ങിപ്പിടിച്ചിരുത്തിന്നിടം വരെയും കണ്ണടച്ചു കിടക്കുകയായിരുന്നു. നേഴ്സ് പോയി കഴിഞ്ഞപ്പോൾ മകൻ പറഞ്ഞു: "മമ്മി പേടിക്കേണ്ട. ദീപ്തി പോകുന്നില്ല. ലീവ് നീട്ടി. 'വർക്ക് ഫ്രം ഹോം' പ്രോഗ്രാമിൽ ഇവിടെ തങ്ങാൻ പറ്റുമോന്ന് നോക്കണം. അല്ലെങ്കിൽ ശമ്പളമില്ലാത്ത അവധി , അത്രല്ലേയുള്ളൂ."

അവളുടെ കണ്ണുകൾ ശരിക്കും നിറഞ്ഞത് ഇപ്പോഴാണ്. അതുകണ്ട് നിൽക്കാനാവാതെ അയാൾ അവിടെനിന്ന് മാറി. ഹോസ്പിറ്റലിലും വീട്ടിലുമായുള്ള യാത്രകൾ. ബൈസ്റ്റാൻഡറായി ഒരാളിൽ കൂടുതലായി പാടില്ല എന്നതുകൊണ്ട് പാതിരാത്രിയിലായാലും മകന് കാറെടുത്ത് പോന്നേ ഒക്കൂ. ഒരു സമാധാനം മകന്റെ ഭാര്യ കൂടെ ഹോസ്പിറ്റലിൽ ഉണ്ടല്ലോ എന്നതാണ്. മാസം രണ്ടാവുന്നു. ഞായറാഴ്ച അവിടെ തങ്ങാൻ ബുദ്ധിമുട്ടുണ്ടാവില്ല എന്ന് കരുതിയാണ്, അയാൾ രാവിലെ പോയത്. ഉച്ചയായില്ല. അതിന് മുന്നേ സെക്യൂരിറ്റി സ്റ്റാഫ് റോന്ത് ചുറ്റി അവിടെ വന്നു. "ഇപ്പോൾ നിങ്ങൾ മൂന്ന് പേരുണ്ട്. ഹോം നേഴ്സുമുണ്ട്. ഇതെങ്ങാനും ഇവിടെ ഡയറക്ടർ അറിഞ്ഞാൽ – അയാൾ പോരാൻ തന്നെ തീരുമാനിച്ചു. മകൻ രാത്രിയിലേ വരുന്നുള്ളൂ. അതുവരെ എങ്ങനെയും റൂമിലും ചുറ്റുവട്ടത്തുമായി നിൽക്കാൻ പറ്റുമോന്ന് നോക്കണം. പോവുന്നതിന് മുന്നേ അയാൾ ബഡ്ഡിന്നരികെ ചെന്നു. "ഇവർ

(ശേഷം 38-ാം പേജിൽ)

# ജീവിതാനുഭവങ്ങൾ

ഹരിഹരനന്ദനൻ - 99625 83139

(തുടർച്ച.....)

## ശീലം, പരിശീലനം

ശീലവും പരിശീലനവും തമ്മിലുള്ള അഭേദ്യമായ ബന്ധം കായിക മേഖലയിലെന്ന പോലെ ജീവിതത്തിലെ എല്ലാ തുറകളിലും പ്രകടമാകുന്നു. ശീലം എന്നത് സഹജമായ സ്വഭാവമാണ്. ഒരു വ്യക്തി തന്റെ പരിണാമത്തിന്റെ ആദ്യഘട്ടത്തിൽ സ്വഭാവത്തിനനുസരിച്ച ഗുണങ്ങളും ദോഷങ്ങളും കാണിക്കുന്നു. ദോഷങ്ങൾ ദുശീലങ്ങൾക്കു വഴിയൊരുക്കുന്നു (പുകവലി, മദ്യം). പ്രധാനമായും അത് വാസനകളെ മുൻ നിർത്തിയാണ് സംഭവിക്കുന്നത്. എന്നാൽ തന്റെ ബുദ്ധിവികാസത്തിന്റെ വിവിധ വീഥികളിൽ അത് മാറാവുന്നതാണ്.

അതായത് സ്വയം ആർജിതമായ ഗുണങ്ങളെ (ദോഷങ്ങളുമാവാം) പരിപോഷിപ്പിക്കുന്ന രീതിയെ പരിശീലനം എന്ന് വിളിക്കുന്നു. പരിശീലനം രണ്ടു രീതിയിൽ സംഭവിക്കാം. സ്വയം രൂപപ്പെടുത്തുന്നതും പുറമെ നിന്നുള്ള സഹായത്തോടെ മാറ്റുന്നതും.

ജന്മസിദ്ധമായ കഴിവുകളുള്ള പ്രതിഭകളാണ് ആരുടേയും സഹായമില്ലാതെ ഉന്നതങ്ങളിൽ എത്തുന്നത്. നാം അവരെ ജീനിയസ് എന്ന് പറയുന്നു. ശാസ്ത്രത്തിലും സംഗീതത്തിലും സാഹിത്യത്തിലും ചിത്രരചനയിലും എന്തിനു കായികമേഖലയിലും ഇത്തരം പ്രതിഭകളെ കാണാം, അവർ വിരലിലെണ്ണാവുന്നവരാണ് എങ്കിലും. ചെസ്സിലെ ഒരത്ഭുത പ്രതിഭാസമായിരുന്നു റോബർട്ട് ഫിഷർ. പ്രധാന പരിശീലനക്കളരിയിലൊന്നും പോവാതെ സ്വന്തം കഴിവ് കൊണ്ട് ലോക ചാമ്പ്യനായ വ്യക്തിയാണ് അദ്ദേഹം. ക്രിക്കറ്റിലെ എറ്റവും വലിയ ഉദാഹരണമാണ് സച്ചിൻ ടെണ്ടുൽക്കർ. തന്റെ കുട്ടിക്കാലത്ത് രമാകാന്ത് ആർച്രേകരുടെയടുത്തു അഭ്യസിച്ചതൊഴിച്ചാൽ സ്വന്തം കഴിവിനാൽ മുന്നോട്ടു പോയ താരമാണ് സച്ചിൻ. അദ്ദേഹം എറ്റവും പ്രഗത്ഭനായ ബാറ്റ്സ്മാൻ അല്ലായിരുന്നെങ്കിൽ അതായത് തന്റെ ലെഗ്സ്പിൻ കഴിവിലാണ് ഏറ്റവും ശ്രദ്ധ പതിപ്പിച്ചിരുന്നെങ്കിൽ ഒരു പക്ഷെ ഷെയിൻ വോണിനെപ്പോലെ മികച്ച ബൗളർ ആയി മാറുമായിരുന്നു. കാരണം അദ്ദേഹം ക്രിക്കറ്റിന് വേണ്ടി ജനിച്ചയാളാണ്. ഗായകൻ ജയചന്ദ്രൻ സംഗീതക്കളരിയിലൊന്നും പയറ്റാതെ സ്വന്തം കാതും മനസ്സും തുറന്നു ജന്മസിദ്ധമായ ശബ്ദം കൊണ്ട് വ്യക്തിമുദ്ര പതിപ്പിച്ച പ്രതിഭയാണ്. ജീനിയസ്സുകൾ പ്രധാനമായും വളരെ കൊച്ചു പ്രായത്തിൽത്തന്നെ തങ്ങളുടെ തട്ടകം കണ്ടെത്തുന്നവരാണ്; അത് കൊണ്ട് അവരെ ഇംഗ്ലീഷിൽ പ്രോഡിജി എന്ന് വിളിക്കുന്നു. വിശ്വനാഥൻ ആനന്ദും ഇതുപോലെ ജന്മസിദ്ധമായ കഴിവുകൾ ഉള്ള ചെസ്സ് കളിക്കാരനായിരുന്നു. കുട്ടിക്കാലത്ത് അമ്മ പഠിപ്പിച്ചിരുന്നു എന്നതൊഴിച്ചാൽ അദ്ദേഹം തന്റെ ഉൾക്കാഴ്ച (ഇൻട്യൂഷൻ) കൊണ്ടാണ് പ്രധാനമായും മത്സരങ്ങൾ ജയിച്ചിരുന്നത്. അദ്ദേഹത്തിന്റെ സ്വഭാവം ആദ്യ കാലഘട്ടത്തിൽ മുൻ ലോക ചാമ്പ്യൻ മിഖായിൽ താളിന്റേതുപോലെയായിരുന്നു. ഒരു പക്ഷെ ചെന്നൈയിലെ താൾ ക്ലബ്ബിൽ ചെറുപ്രായത്തിൽ കളിച്ചതുകൊണ്ടാവാം ആ സ്വഭാവം വന്നത്. താൾ കരുക്കൾക്കു വില കൽപ്പിച്ചയാളായിരുന്നില്ല; അവ കളഞ്ഞും മേറ്റ് കണ്ടെത്തുക എന്നതായിരുന്നു അദ്ദേഹത്തിന്റെ സ്വഭാവം. പക്ഷെ വളരെ ഉയർന്ന നിലയിലെത്തിയപ്പോൾ ആനന്ദിനും വേണ്ടി വന്നു പരിശീലകരുടെ സഹായം. അതായത് പുതിയ രീതികൾ തന്റെ സ്വഭാവത്തിലേക്ക് ആർജിച്ചെടുക്കാനുള്ള പ്രയത്നം. പക്ഷെ നമുക്കിതിനെ കോച്ചിങ് എന്ന് വിളിക്കാനാവില്ല, സഹായി എന്നാവും കൂടുതൽ ശരി. കോച്ച് ഗുരുസ്ഥാനീയനാണ്. ട്രെയിനർ സഹായി മാത്രം.

പരിശീലനം കഠിനപ്രയത്നത്തിന് അടിവരയിടുന്നു. ഒരു ജിമ്മിൽ പോയി മണിക്കൂറുകളോളം വർക്ക്ഔട്ട് ചെയ്യുന്ന ആൾ ഒരു ഉദ്ധേശം വച്ചാണ്, അത് ചെയ്യുന്നത്. തന്റെ ശരീരം മെച്ചപ്പെടുത്തുക എന്ന ലക്ഷ്യം വച്ച്. എല്ലാ കായികതാരങ്ങളും ഈ രീതിയിൽ പ്രയത്നിക്കുന്നത് തങ്ങളുടെ മേഖലകളിലുള്ള പ്രകടനത്തെ മുൻനിർത്തിയാണ്.

അപൂർവ വ്യക്തികളായ പ്രോഡിജികളെയും

→

ജീനിയസ്സുകളെയും മാറ്റി നിർത്തിയാൽ ബഹുഭൂരി പക്ഷം മഹാന്മാരും എല്ലാ മേഖലകളിലും ഉന്നതങ്ങളിൽ എത്തുന്നത് അവരുടെ അക്ഷീണ പ്രയത്നം കൊണ്ടാണ്. കായിക രംഗത്ത് ഇവർ ഒരു പക്ഷെ തങ്ങളുടെ ചുറ്റുപാടുകളിൽ നിന്ന് കിട്ടുന്ന പ്രോത്സാഹനം ഉപയോഗിച്ച് മുന്നേറിയവരായിരിക്കാം; അതുമല്ലെങ്കിൽ ചില പ്രത്യേക പരിശീലന കേന്ദ്രങ്ങളിൽ നിന്ന് കിട്ടിയ ചിട്ടവട്ടങ്ങളിൽ കൂടി വിജയം നേടിയവരായിരിക്കാം. സോവിയറ്റ് യൂണിയനിലെ കായികതാരങ്ങൾ ആ രാജ്യത്തെ പ്രത്യേക സാഹചര്യങ്ങൾ കാരണമാണ് തങ്ങളുടെ വിജയം കരസ്ഥമാക്കിയത്. ഇത്തരം പ്രതിഭകൾ സംഘമായി അവതരിക്കുമ്പോൾ ഒരു രാജ്യത്ത് അതാതു മേഖലകളിൽ സ്വാഭാവികമായും പുരോഗതി വന്നു ചേരുന്നു. അതായിരുന്നു ഒളിംപിക്സിൽ സോവിയറ്റ് യുണിയൻ എഴുപതുകളിലും എൺപതുകളിലും അജയ്യരായ ശക്തിയായി വളർന്നത്. ഓട്ടത്തിലും, ചാട്ടത്തിലും, നീന്തലിലും, ജിംനാസ്റ്റിക്സിലും എല്ലാം അവർ മുൻപന്തിയിൽ നിന്നു. ഒരു വ്യക്തി ഉണ്ടാക്കിയ വിപ്ലവമല്ല അവിടെ സംഭവിച്ചത്. ചെസ്സിൽ അവർ ഒന്നാം നമ്പർ ടീം ആയി മാറിയത് ഒരു ലോകചാമ്പ്യൻ കാരണമല്ല; പലരും കൂട്ടത്തോടെ പരിശ്രമിച്ചിട്ടാണ്. അതുകൊണ്ട് അവർ തുടർച്ചയായി ലോകചാമ്പ്യന്മാരെ ഉണ്ടാക്കിക്കൊണ്ടിരുന്നു.

ഇന്ത്യയിൽ വിശ്വനാഥൻ ആനന്ദ് ഒരു നിമിത്തമായി എന്നേ പറയാനാവൂ; ഇന്ന് നമ്മൾ ഒരു ലോകശക്തിയായി വളർന്നെങ്കിൽ അതിനു പിന്നിൽ കുറെ വ്യക്തികളും സ്ഥാപനങ്ങളും പ്രവർത്തിച്ചിട്ടുണ്ട്. കഴിഞ്ഞ രണ്ടു മൂന്നു വർഷങ്ങൾക്കിടയിൽ തമിഴ്നാട്ടിൽ നിന്ന് മൂന്നു പ്രധാന ചെസ്സ് പ്രതിഭകൾ വന്നിട്ടുണ്ടെങ്കിൽ അത് ആനന്ദിന്റെ മാത്രം സംഭാവനയല്ല. ഇതിൽ രണ്ടു പേർ ചെന്നൈയിലെ വേലമ്മാൾ സ്കൂളിൽ  നിന്നും ഒരാൾ മധുരയിൽ നിന്നുമാണ്. ഗുകേഷ് പതിനെട്ടു വയസ്സിൽ ലോക ചാമ്പ്യൻ ആയി ചരിത്രം തിരുത്തി എഴുതി എന്നത് ഇപ്പോൾ വാർത്തയല്ല. മറ്റൊരു പതിനെട്ടുകാരൻ പ്രഗ്നാനന്ദ ഗുകേഷിനോടൊപ്പം തന്നെ വാർത്തയിൽ ഇടം പി ടിച്ചിരുന്നു; രണ്ടു വർഷമായി ചെസ്സിലെ എക്കാലത്തെയും മികച്ച കളിക്കാരനായ മാഗ്നസ് കാൽസനെ തോൽപ്പിച്ചു ലോകത്തെ ഞെട്ടിച്ച അത്ഭുത ബാലനാണ് പ്രഗ്നാനന്ദ. അന്താരാഷ്ട്ര റേറ്റിംഗിലും രണ്ടു പേരും എതാണ്ട് ഒപ്പത്തിനൊപ്പം. ലോക ചാമ്പ്യനായശേഷം ഗുകേഷ് ആദ്യം കളിച്ച ടൂർണമെന്റിൽ അയാളുടെ ഫൈനൽ എതിരാളി പ്രഗ്നാനന്ദ ആയിരുന്നു. ആ മത്സരത്തിൽ തന്റെ സ്കൂൾ സഹപാഠിയും ഇന്ത്യൻ ടീം മേറ്റുമായ ഗുകേഷിനെ അതായത് ലോക ചാമ്പ്യനെ തോൽപ്പിക്കുക എന്ന തലക്കെട്ടും പ്രഗ കരസ്ഥമാക്കി.

ഇതൊക്കെയാണെങ്കിലും ഭാഗ്യം കൂടുതൽ തുണച്ചത് ഗുകേഷിനെയാണ് എന്ന് പറയേണ്ടി വരും. ഒരു റെക്കോർഡ് ചരിത്ര വിജയം ലോക ചാമ്പ്യൻഷിപ്പിൽ നേടിയ ഗുകേഷ് വളരെ നാടകീയമായാണ് ലോക ചാമ്പ്യൻഷിപ്പിന്റെ ഫൈനലിലെത്തുന്നതും അത് കഴിഞ്ഞു ഡിങ് ലിറനെ തോൽപ്പിക്കുന്നതും. പക്ഷെ ഭാഗ്യം ഒന്ന് കൊണ്ട് മാത്രം മത്സരങ്ങൾ ജയിക്കാനാവില്ല. ഒന്ന് മാത്രമേ പറയാനാവൂ അയാളുടെ പുസ്തകത്തിൽ എഴുതി വച്ച ഒരു നിയോഗമായിരുന്നു അയാൾ ചരിത്രത്തിൽ ഇടം പിടിക്കുമെന്നത്.

ചെന്നൈയിൽ ആനന്ദിന് ശേഷം വന്ന രണ്ടു പരിശീലനക്കളരികൾ അവിടെ ഇന്ന് കാണുന്ന ചെസ്സ് നവോത്ഥാനത്തിനു വഴി തെളിയിച്ചു. അതിൽ ആദ്യത്തേത് ഇരുപതു വർഷം മുൻപ് ഒരു വിദ്യാഭ്യാസ സ്ഥാപനം തുടങ്ങി വച്ച വലിയ പദ്ധതിയാണ്. മൊഗപ്പയറിലെ വേലമ്മാൾ സ്കൂൾ തമിഴ്നാട്ടിലെ വിവിധ സ്കൂളുകളിൽ പഠിച്ചിരുന്ന കുട്ടികളുടെ വിഭാഗത്തിലെ ദേശീയ ചാമ്പ്യന്മാരെ അവിടെ ചേരാൻ ക്ഷണിക്കുകയും അവർക്കു കളിക്കാനും ചെറിയ തോതിൽ കോച്ചിങ്ങിനും കളമൊരുക്കുകയും ചെയ്തു. ആദ്യം സംസ്ഥാനത്തിന്റെ ഭാഗങ്ങളിൽ നിന്ന് തിരഞ്ഞെടുത്ത ഈ പദ്ധതി പിന്നീടു അയൽ സംസ്ഥാനമായ ആന്ധ്രയിലേക്കും പതുക്കെ പതുക്കെ ഇന്ത്യയൊട്ടുക്കും വ്യാപിപ്പിക്കുകയും ചെയ്തു. ആ സംരംഭത്തിലെ ആദ്യത്തെ തമിഴ്നാട് താരമാണ് ഭാസ്കരൻ അധിപൻ. ഈ കുട്ടികൾ ടൂർണമെന്റുകൾ കളിക്കാൻ പോവുമ്പോൾ വേലമ്മാൾ സ്കൂൾ അവരെ സഹായിക്കുകയും എന്തിനു പരീക്ഷകൾ പോലും അവർ തിരിച്ചു വരുമ്പോൾ പ്രത്യേകം എടുക്കുകയും ചെയ്തു പ്രോത്സാഹിപ്പിക്കുകയും ചെയ്തു. അതായത് അവർക്കു പ്രധാന വിഷയം സ്കൂളിൽ ചെസ്സ് ആയിരുന്നു എന്ന് സാരം.

ഇത്തരം സ്കൂളുകൾ ചെസ്സിലെന്നല്ല മറ്റു കായിക മേഖലകളിലും ഇന്ത്യയിൽ ഇല്ല എന്നത് നമ്മുടെ ദാരിദ്ര്യം ചൂണ്ടിക്കാണിക്കുന്നു. കേരള

ത്തിൽ ചില പ്രദേശങ്ങളിൽ ചില കായിക പ്രതിഭകൾ ഉയർന്നു വരാറുണ്ട്. പേരാവൂർ, പാലാ ഭാഗത്തു വോളീബോൾ താരങ്ങളും കോട്ടയം ഭാഗത്തു ബാസ്കറ്റ്ബാൾ പ്രതിഭകളും ഇടുക്കി ഹൈറേഞ്ച് ഭാഗത്തു അത്‌ലറ്റുകളും പിന്നെ കോഴിക്കോട് മലപ്പുറം ഭാഗത്തു നിന്ന് ഫുട്ബോളർമാരും മുന്നോട്ടു വന്നത് ഒന്നാമത് ഈ കളികളെല്ലാം വലിയ പണനിക്ഷേപം ആവശ്യമായവയല്ല എന്നതും പിന്നെ ആ പ്രദേശങ്ങളിൽ അതിനെ പ്രോത്സാഹിപ്പിക്കാനുള്ള പ്രത്യേക സാഹചര്യങ്ങളുണ്ടായിരുന്നു എന്നതുമാണ്. അവ അതാതു മേഖലകളിലെ മുൻഗാമികളായ താരങ്ങളാവാം അല്ലെങ്കിൽ ക്ലബ്ബുകളാവാം അതുമല്ലെങ്കിൽ ആ ഭൂപ്രദേശത്തിന്റെ പ്രത്യേകത കൊണ്ടാവാം, എന്തായാലും ചെന്നൈയിൽ വേലമ്മാൾ ചെസ്സ് പരിശീലനത്തിന് തുടങ്ങി വച്ച സംരംഭം രണ്ടു ലോകോത്തര കളിക്കാരെ പ്രദാനം ചെയ്തു. ചെന്നൈയിൽ ആർ. ബി. രമേശ് എന്ന പരിശീലകൻ സ്വന്തമായി തുടങ്ങിയ ചെസ്സ് ഗുരുകുൽ എന്ന അക്കാഡമിയും അവിടുത്തെ മാറ്റങ്ങൾക്കു ആക്കം കൂട്ടി. മൂന്നാമതൊരാൾ മധുരയിൽ നിന്നുള്ള അരവിന്ദ് ചിദംബരമാണ്. ഇവരൊക്കെ മികച്ച പരിശീലനത്തിന്റെ മാറ്റൊലികളാണ്.

ഇതേപോലെ ചെന്നൈയിൽ ഈ നൂറ്റാണ്ടിന്റെ ആദ്യത്തിൽ ആരംഭിച്ച ഒരു സംരംഭമാണ് ഇന്ത്യൻ സ്ക്വാഷ് അക്കാദമി. ഇന്ത്യ സിമെന്റ്സിന്റെ എൻ. രാമചന്ദ്രൻ തുടങ്ങിയ അക്കാഡമിയാണ് അത്. ലോകോത്തര കോച്ച് ആയ മേജർ മണിയത്തെ മലേഷ്യയിൽ നിന്നും ചെന്നൈയിലേക്ക് വിളിച്ചു എതാണ്ട് പത്തു വർഷത്തോളം ഇന്ത്യയിലെ ജൂനിയർ ചാമ്പ്യന്മാരെ അവിടെ പരിശീലിപ്പിച്ചു. അതിന്റെ ഫലമായാണ് ജോഷ്ന ചിന്നപ്പ, ദീപിക പള്ളിക്കൽ, സൗരവ് ഘോസാൽ തുടങ്ങിയ മികച്ച താരങ്ങൾ ഉയർന്നു വന്നത്. രാമചന്ദ്രൻ പിന്നീട് ലോക ഫെഡറേഷന്റെ പ്രസിഡന്റ് ആയതും ആ അക്കാഡമിക്ക് ഊർജം പകർന്നു.

ഇനി ചെന്നൈയിലെ തന്നെ ലോകോത്തര ഫാസ്റ്റ് ബൗളിംഗ് അക്കാദമി ആയ എം. ആർ. എഫ്. പേസ് ഫൌണ്ടേഷനിലേക്കു കടക്കാം. പ്രശസ്ത ഫാസ്റ്റ് ബൗളർ ഡെന്നിസ് ലില്ലി അവിടെ വർഷത്തിൽ പല തവണ വന്നു ഫാസ്റ്റ് ബൗളിംഗ് പ്രതിഭകളെ വിളക്കിയെടുക്കുന്നു. പക്ഷെ ആദ്യ തവണ അവിടെ പോയപ്പോൾ അവിടുത്തെ സാഹചര്യം എന്നെ അത്ഭുതപ്പെടുത്തി. ചെട്ട്പട്ടിലെ (Chetpet) ഒരു ചെറിയ സ്കൂൾ ഗ്രൗണ്ടിന്റെ ഒരു ഭാഗത്ത് രണ്ടു 'Nets'ലായി ഈ മഹത്തായ സംരംഭം നടക്കുന്നു. കൂടെ നല്ല ഒരു ജിമ്മും. ഇത്രയും ചെറിയ സ്ഥലത്ത് എങ്ങിനെ ഇത്രയും വലിയ ഒരു ലോകോത്തര പദ്ധതി നടക്കുന്നു എന്ന് നാം ആശ്ചര്യപ്പെടാം. വല്ലഭനു പുല്ലും ആയുധം എന്ന ചൊല്ല് ശരി വയ്ക്കുന്ന പദ്ധതിയാണത്.

(തുടരും...)

---

(35-ാം പേജിന്റെ തുടർച്ച...)

സമ്മതിക്കുന്നില്ല. ഞാൻ പോണു. നാളെ വരാം."

അവൾക്കെന്തോ പറയണമെന്നുണ്ട്. പക്ഷേ ഒന്നും വ്യക്തമാകുന്നില്ല. അയാളുടെ കണ്ണുകളിലേയ്ക്ക് നോക്കി. പിന്നെ അയാളുടെ വലതുകൈ പിടിച്ചു. വീണ്ടും കുറെ നേരം ആ നോട്ടം. ഒന്നും പറയുന്നില്ല. പറയാൻ പറ്റുന്നില്ല എന്നതാണ് വാസ്തവം. അയാൾക്കവിടെ നിൽക്കാൻ പറ്റില്ല എന്നത് അവൾക്കറിയാം.

"ഞാൻ നാളെ വരാം." എന്ന് പറഞ്ഞ് കൈവിടുവിച്ച് വേഗം റൂമിനകത്തേയ്ക്ക് മടങ്ങി. ഞായറാഴ്ചയുടെ കെയറോഫിൽ മകനന്നവിടെത്തന്നെ തങ്ങി. ഡോക്ടർ വരികയാണെങ്കിൽ പറയാനുള്ള ഒഴിവുകഴിവുകൾ അവൻ മനസ്സിൽ സ്വരുക്കൂട്ടിവച്ചു കാണും. പിറ്റേന്ന് രാവിലെ മാറാനുള്ള ഡ്രസ്സുമായി പുറപ്പെടാൻ നേരത്താണ്. മകന്റെ ഫോൺ. ചങ്കിടിപ്പോടെയാണ് ഫോണെടുത്തത്.

"എല്ലാം കഴിഞ്ഞു.... രാവിലെ 7.31 ന്. ഞാനും ദീപ്തിയും ഡ്യൂട്ടിനേഴ്സും അടുത്തുണ്ടായിരുന്നു. ഇനി ഡോക്ടറുടെ സർട്ടിഫിക്കറ്റ് വാങ്ങണം. അത് കഴിഞ്ഞ് വരും. ആംബുലൻസ് റെഡിയായിക്കഴിഞ്ഞു. മിക്കവാറും 11 മണിക്കുമുമ്പവിടെ എത്തും. പിന്നെയും അവനെന്തൊക്കയോ പറയുന്നുണ്ട് ഒന്നും കേൾക്കാനയാൾക്കായില്ല. അയാളുടെ മനസ്സിൽ പലവിധ ചിന്തകളാണ്. ഇന്നലെ പോരാൻ നേരത്ത് എന്താണവൾ പറയാൻ വന്നത്...? കൈപിടിച്ചുള്ള ആ നോട്ടം.... ഓർമ്മിപ്പിക്കുകയായിരുന്നോ?

"എന്റെ കാലശേഷം നമ്മളെങ്ങനെ കഴിയും?" അതോ സാന്ത്വനവാക്കോ? "പേടിക്കേണ്ട, കൂടെ..."

■

# എന്റെ കണ്ണൻ

കല്പകം സോമരാജൻ – 9895453072

ഗുരുവായൂരമ്പലനടയിൽ മഞ്ജുളാ-
ലിൻ മനോഞ്ജമാം തണലിൽ
കാത്തിരിക്കുന്നു ഞാൻ കണ്ണാ തിരുമുഖം
കണി കാണ്മാൻ, തൂവെണ്ണ നൽകാൻ.

കാതരമിഴികൾ കൊതിക്കുന്നു കാണുവാൻ
കായാമ്പു നിറമാർന്ന മണിവർണ്ണനെ
ചെഞ്ചുണ്ടിലോടക്കുഴൽ വിളിച്ചാടുന്ന
മോഹന മായാ വിപഞ്ചികനെ

മഞ്ഞതുകിലുണ്ട് കുഞ്ഞരിപ്പല്ലുണ്ട്
ആയിരം കണ്ണുള്ള പീലിയുണ്ട്.
പീതാംമ്പരത്തിന്റെ മേലെ കിലുങ്ങുന്ന
അരമണി ഓശയും കേൾപ്പതുണ്ട്.

കൂട്ടരോടൊത്തു നീ കാലിമേച്ചീടുമ്പോ-
ളെന്നെയും കൂടൊന്നു കൂട്ടീടുമോ
ശുദ്ധരാമാപ്പശുവൃന്ദത്തിലൊന്നായി
മാറ്റിടൂ നിൻ കളി മായയാലേ.

മുട്ടിലിഴഞ്ഞെത്തി വെണ്ണകവർന്നിട്ടു
കൂട്ടുകാരൊത്തു ഭുജിച്ചിടുമ്പോൾ
കള്ളനെ കൈയോടെ അമ്മ പിടിക്കുമ്പോൾ
മായകൾ കാട്ടി മയക്കുമല്ലൊ.

ഒരു കൈയിൽ മാതാവുവെണ്ണനൽകീടുമ്പോൾ
മറുകൈയും കാട്ടി കുനുങ്ങി നിൽക്കും
മറുകൈയിലും വെണ്ണ നൽകീട്ടു മാതാവു-
പുണ്യ പുഞ്ജത്തെയണച്ചു പുൽകും.

മോഹനമാമീ മനോഹര രൂപങ്ങൾ
മിഴിവോടെ നിൽപ്പൂമനസ്സിലെന്നാൽ
മതിവരില്ലാ കണ്ണാ നിന്റെ വിനോദങ്ങൾ
മനമേറെ തുള്ളുന്നു കാണുവാനായ്.

ആകാശ സീമയിലായിരം നക്ഷത്ര-
ജാലങ്ങൾ കൺചിമ്മി നോക്കി നിൽപ്പൂ
എങ്കിലുമേറും കുസൃതികൾ ചെയ്തികൾ
നീറുമാത്മാക്കൾക്കു മുക്തി നൽകും.

വനമാല ചാർത്തിയാതിരുമാറിൽ മിന്നുന്ന-
കൗസ്തുഭത്തിൻ പൊരുളറിയാതെ യീ
പതിതരാമാത്മാക്കൾ പരമ പാദങ്ങളിൽ
പ്രണമിപ്പു നിത്യമറിയുന്നീലേ.

മായകൾ കാട്ടി കളിക്കുന്നു വേണ്ടതോ
മായമില്ലാത്ത തൂവെണ്ണമാത്രം
ആയതുണ്ടല്ലോ മമാത്മാവിൽ മങ്ങാതാ-
മോഹന ദർശന പുണ്യമേകൂ.

---

(28-ാം പേജിന്റെ തുടർച്ച...)

കൂലിത്തൊഴിലാളികളെയും താരാതരംപോലെ ഉപയോഗിച്ചു വന്നു. ഭാരതത്തിൽ അത് തൊഴിൽ വിഭജനം ജാതികളിലൂടെ നൽകിക്കൊണ്ടാണ് സാധിച്ചെടുത്ത്. ഓരോ പണിയും ഓരോ ജാതിയുടെ കടമ. റോമിൽ അടിമകളെ മാടുകളെ പോലെതന്നെ കൃഷിചെയ്യിപ്പിച്ചിരുന്നുവത്രെ! അടിമ സ്ത്രികളെ കരുത്തരായ പുരുഷന്മാരുമായി സഹവസിപ്പിച്ച് കുട്ടികളെ ഓരോരോ തൊഴിലുകൾക്കായി പരിശീലിപ്പിച്ചെടുക്കുകയും, അവരെ ആവശ്യാനുസരണം വില്പന നടത്തുകയും ചെയ്യുമായിരുന്നു. കർഷകരെ കടക്കെണിയിൽപ്പെടുത്തി പണിയെടിപ്പിക്കുന്ന സമ്പ്രദായം ഭാരതത്തിലടക്കം ലോകമാകെ ഉണ്ടായിരുന്നു.

കുതിര പടയാളികളും ആനപ്പടയാളികളും മെച്ചപ്പെട്ട ജീവിതം നയിച്ചു. ശില്പികൾക്കും ചിത്രകാരന്മാർക്കും സംഗീതജ്ഞന്മാർക്കും സമൂഹത്തിൽ താരതമ്യേന സുഖ ജീവിതം നയിക്കാനുമാകുമായിരുന്നു.

തുടരും....

# പശ്ചിമഘട്ട മലനിരകളും വയനാട് ദുരന്തവും

എൻ. രാജശേഖരൻ - 9895550719

(തുടർച്ച...)

**വയനാട് ദുരന്തം(ഉരുൾപൊട്ടൽ-കാരണങ്ങൾ)**

**1) അതിതീവ്രമഴ**

ഇപ്പോൾ ലോകമൊട്ടാകെ തന്നെ അതിതീവ്ര കാലാവസ്ഥാമാറ്റങ്ങളാണ് കണ്ടു വരുന്നത്. മൺസൂൺ മഴയും, തുലാമഴയും, വേനൽ മഴയിൽ പോലും തീവ്രത വർദ്ധിച്ച് വരുകയാണ്. ഒരു മാസം കൊണ്ട് ലഭിക്കേണ്ട മഴ ഒരാഴ്ചകൊണ്ട് ലഭിക്കുന്നു. ദുരന്തമുണ്ടായ വയനാട്ടിൽ, ദുരന്തത്തിന് രണ്ടു ദിവസം മുന്നേ തന്നെ പത്ത് ശതമാനത്തിലധികം മഴയാണ് പെയ്തത്. വയനാട്ടിലെ പുത്തുമല മഴമാപിനി 48 മണിക്കൂറിനുള്ളിൽ 572 മില്ലിലിറ്റർ മഴയാണ് രേഖപ്പെടുത്തിയത്.

**മഴ അതിതീവ്രമാകുന്നത്**

**A)** കേരളത്തിന്റെയെന്നല്ല ഭാരതത്തിന്റെ ചരിത്രത്തിൽ അനുഭവിച്ചിട്ടില്ലാത്ത അതിതീവ്ര കാലാവസ്ഥാമാറ്റങ്ങളാണ് സംഭവിച്ചുകൊണ്ടിരിക്കുന്നത്. അന്തരീക്ഷത്തിലെ തിളച്ച് മറിയുന്ന താപ വർദ്ധനവ്, വായുവിന്റെ ഈർപ്പത്തെ ഉൾക്കൊള്ളുവാനുള്ള ശേഷി വളരെയധികം വർദ്ധിക്കുവാനിടയാക്കുകയാണ്. കഴിഞ്ഞ മാർച്ച്, ഏപ്രിൽ മാസങ്ങളിൽ പാലക്കാട്ട് 51.5, മറ്റു സ്ഥലങ്ങളിൽ 49.5 ഡിഗ്രി സെന്റിഗ്രേഡ് വരെ അന്തരീക്ഷ താപനില ഉയർന്നിരുന്നു. ഇപ്രകാരം അനിയന്ത്രിതമായി, അന്തരീക്ഷ താപനില കുതിച്ചുയരുമ്പോൾ, മേഘങ്ങൾക്കുണ്ടാകുന്ന അവസ്ഥാന്തരണം ഒരു പ്രധാന കാര്യമാണ്. വയനാടൻ മേഖലകളിൽ ഈ ദിവസങ്ങളിൽ കനത്ത മേഘാവരണമാണ് റഡാർ ചിത്രങ്ങളിൽ കാണപ്പെട്ടത് എന്നത് തന്നെ, അതിതീവ്രമഴയുടെ സൂചന തന്നെയായിരുന്നു.

**B)** അന്തരീക്ഷത്തിലെ വർദ്ധിച്ചുവരുന്ന ചൂടിന്റെ ഫലമായി വായുവിന്റെ ഈർപ്പത്തെ ഉൾക്കൊള്ളാനുള്ള ശേഷി വളരെയധികം വർദ്ധിക്കാനിടയാക്കുന്നു എന്ന് പറഞ്ഞല്ലോ? അന്തരീക്ഷ താപനിലയിൽ, ഒരു ഡിഗ്രി സെന്റിഗ്രേഡ് താപവർദ്ധനവ് ഉണ്ടാകുമ്പോൾ വായുവിന്റെ ഈർപ്പത്തെ ഉൾക്കൊള്ളാനുള്ള ശേഷി ഏഴ് ശതമാനമാണ് വർദ്ധിക്കാനിടയാകുക. ഇങ്ങനെ വർദ്ധിച്ച ഈർപ്പത്തോട് കൂടിയ വായുവിൽ നിന്ന് രൂപം കൊള്ളുന്ന മേഘങ്ങളിൽ കൂടുതൽ അളവിൽ ജലം ഉണ്ടായിരിക്കും. ആഗോളതാപനം മൂലം ലോകമൊട്ടാകെ ചൂട് വർദ്ധിച്ചുകൊണ്ടിരിക്കുന്ന ഇക്കാലത്ത് വർദ്ധിച്ച തോതിൽ ജലാംശമുള്ള മേഘങ്ങൾ ഉണ്ടാവുക തന്നെ ചെയ്യും.

**C)** ഇങ്ങനെ, അധിക ജലം വഹിച്ചുകൊണ്ടുള്ള മേഘങ്ങളുടെ വർദ്ധിച്ച സാന്നിദ്ധ്യവും, അവ മൂലമുണ്ടാകുന്ന അതി തീവ്രമഴയും ഇനി ഭാവിയിൽ പ്രത്യകിച്ച് മൺസൂൺ കാലത്ത് ഉണ്ടാകുമെന്നതിൽ സംശയിക്കേണ്ടതില്ല. ഈ അവസ്ഥയാകട്ടെ, വരും കാലങ്ങളിൽ ഇതിലും വലിയ ദുരന്തങ്ങൾക്ക് വഴിതെളിക്കുക തന്നെ ചെയ്യും.

**D)** കാലവർഷ മഴ ഇത്രയധികം തീവ്രമാകാനുള്ള മറ്റൊരു ഘടകം, ബംഗാൾ ഉൾക്കടലിലെ ന്യൂനമർദ്ദ സാന്നിധ്യമാണ്. ന്യൂനമർദ്ദ വ്യൂഹങ്ങൾ മൺസൂണിന്റെ ഘടകമാണ്. കാലാവർഷക്കാലത്ത് ന്യൂനമർദ്ദവ്യൂഹങ്ങൾ കേരളത്തിലെ മഴയെ ശക്തിപ്പെടുത്താറുണ്ട്. ഇത്തരം ന്യൂനമർദ്ദ വ്യൂഹങ്ങൾ, മഴ നീണ്ടു നിൽക്കുന്നതിനും വെള്ളപ്പൊക്കത്തിനുമാണ് ഇടയാക്കുക.

**E)** കൂടാതെ ഭൂമിയുടെ ചരിവ് 20 ഡിഗ്രിക്ക് മുകളിലാണെങ്കിൽ ഉരുൾപൊട്ടലിനുള്ള സാധ്യത വളരെ കൂടുതലാണ് . ഇത്തരം സാഹചര്യങ്ങളിൽ ബോധവൽക്കരണ നടപടികൾ നടത്തേണ്ടതും, താമസക്കാരെ സുരക്ഷിത സ്ഥലങ്ങളിലേക്ക് മാറ്റി പ്പാർപ്പിക്കേണ്ടതുമാണ്.

**2) വന നശീകരണവും നിർമ്മാണ പ്രവർത്തനങ്ങളും**

വനനശീകരണവും, പശ്ചിമഘട്ട നിരകളിൽ

പരിസ്ഥിതിലോല പ്രദേശത്ത് അനുസ്യൂതം നടക്കുന്ന ഭവനനിർമ്മാണം, റിസോർട്ടുകളുടെ നിർമ്മാണം എന്നിവ ഉരുൾപൊട്ടൽ സംഭവിക്കുന്നതിനുള്ള കാരണങ്ങൾ തന്നെയാണ്. ഈ നിർമ്മാണ പ്രവർത്തനങ്ങൾ ഭൂമിയുടെ ഘടനക്ക് അസ്ഥിരത സൃഷ്ടിക്കുകയാണ് ചെയ്യുന്നത്. കുന്നുകളിലും, ചരിവുള്ള മേഖലകളിലും നടക്കുന്ന റോഡ് നിർമ്മാണം, നിർമ്മാണ പ്രവർത്തനങ്ങൾ എന്നിവ മുഴുവനായും അതീവ പരിസ്ഥിതിലോല പ്രദേശങ്ങളിലാണ് നടക്കുന്നത് ഇവയെല്ലാം തന്നെ ഭൂമിയുടെ സ്വാഭാവിക ഘടനക്ക് അസ്ഥിരത സൃഷ്ടിക്കുന്നു.

വലിയ മരങ്ങൾ മുറിച്ച് മാറ്റപെടുമ്പോൾ അവയുടെ വേരുകൾ മണ്ണിൽ നിലനിൽക്കാൻ ഇടയാകുന്നു. കാലക്രമേണ ഈ വേരുകൾ ദ്രവിക്കുന്നതിനെ തുടർന്ന് അതിശക്തമായ മഴയിൽ കൂടുതൽ ജലം ഭൂമിക്കടിയിലേക്ക് ഇറങ്ങി ചെല്ലുകയും ഭൂമിക്കടിയിൽ നിന്ന് മണ്ണ് ഒലിച്ച് പോകുന്നതിനുമിടയാക്കുന്നു. മണ്ണിനടിയിലെ ഇത്തരം സ്ഥലങ്ങളിൽ അതിശക്തമായ മഴയിൽ മണ്ണ് തെന്നിപ്പോകുന്നതിനും ഉരുൾപൊട്ടലിനും ഇടയാക്കുന്നു.

20 ഡിഗ്രിയിലധികം ചരിവുള്ളതും, ഗാഡ്ഗിൽ റിപ്പോർട്ടിൽ ഒന്നാം പട്ടികയിൽ ഉൾപെടുത്തിയിരുന്നതുമായ ദുരന്തബാധിത പ്രദേശങ്ങളിൽ, നിർമ്മിച്ചിരുന്ന നിർമ്മാണ പ്രവർത്തനങ്ങൾ പ്രത്യേകിച്ച് വൻറിസോർട്ടുകൾ അവയോടനുബന്ധിച്ചുള്ള വലിയ നീന്തൽ കുളങ്ങൾ, അനധികൃത ക്വാറികൾ എന്നിവ പശ്ചിമഘട്ട മലനിരകളിലെ പ്രത്യേകിച്ച് വയനാടിന്റെ പരിസ്ഥിത വ്യവസ്ഥകളെ താറുമാറാക്കുകയാണ് ചെയ്തത്.

**3) പാറമടകൾ**

പശ്ചിമഘട്ടനിരകളിൽ കേരള അതിർത്തിയിൽ 1700–ൽ കൂടുതൽ പാറമടകൾ പ്രവർത്തിക്കുന്നുണ്ട്. ഒരു ക്വാറിയിൽ നിന്ന് 1200 ടൺ കരിങ്കല്ലും പൊട്ടിച്ചെടുക്കുന്നുണ്ട്. ഇവയെല്ലാം, യാതൊരു അനുവാദവും കൂടാതെ, ദേശിയ ഹരിത ട്രിബ്യുണൽ നിശ്ചയിച്ചിട്ടുള്ള യാതൊരു മാനദണ്ഡങ്ങളും പാലിക്കാതെയും പ്രവർത്തിക്കുന്നവയാണെന്നാണ് അറിവ്

അതീവ ശക്തിയുള്ള സ്ഫോടക വസ്തുക്കൾ ഉപയോഗിച്ചുള്ള കരിങ്കൽ ഖനനം, പാറക്കെട്ടുകൾക്കിടയിൽ വലിയ വിള്ളലുകൾ സൃഷ്ടിക്കുന്നു. ഈ വിള്ളലുകൾക്കിടയിലൂടെ മഴവെള്ളം ഇറങ്ങി വിള്ളലുകളിൽ ശേഖരിക്കപ്പെടുകയാണ്. അതിതീവ്രമഴയെ തുടർന്ന് ഇപ്രകാരം ശേഖരിക്കപ്പെടുന്ന ജലം കുടുതലാകുമ്പോൾ മർദ്ദം അധികരിക്കുന്നത് ഉരുൾപൊട്ടലുണ്ടാകാനുള്ള ഒരു കാരണമാണ്. കൂടാതെ, കരിങ്കൽ ഖനനം മണ്ണിടിച്ചിലിനും, വൻഗർത്തങ്ങൾ സൃഷ്ടിക്കപ്പെടുന്നതിനും ഇടയാക്കുന്നു.

ഇത്രയധികം ദുരന്തങ്ങൾ ഉണ്ടായിട്ടുകൂടി കോതമംഗലത്ത് കീരമ്പാറ പഞ്ചായത്തിൽ 611 മലനിരയിൽ പാറമട സ്ഥാപിക്കാനുള്ള നീക്കം ധ്യതഗതിയിൽ നടക്കുന്നുണ്ട്. നടക്കട്ടെ അല്ലെ? വിലങ്ങാട്ടും പരിസരങ്ങളിലുമായി 24 ഇടങ്ങളിലാണ് കരിങ്കൽ ഖനനം നടത്തുന്ന ക്വാറികൾ പ്രവർത്തിക്കുന്നത്. ക്വാറികളും ക്രഷറുകളും കൂടുതലുള്ള പ്രദേശങ്ങളിൽ അപകട സാദ്ധ്യത വളരെയേറെയാണെന്ന് വിദഗ്ധ സംഘത്തിന്റെ പഠനറിപ്പോർട്ട് പുറത്തു വന്നിട്ട് കുടി ഇത്തരം റിപ്പോർട്ടുകളെ തള്ളിക്കളയുകയും നിസ്സാരവൽക്കരിക്കുകയും ചെയ്യുന്ന അധികാരികളുടെ നിലപാട് പരിഹാസ്യപരമാണ്.

അതീവ സ്ഫോടനശക്തിയോട് കൂടിയ വസ്തുക്കൾ കൊണ്ടുള്ള കരിങ്കൽ ഖനനം സൃഷ്ടിക്കുന്ന വിള്ളലുകൾ, മണ്ണിടുക്കുകൾ, വലിയമരങ്ങൾ മുറിച്ചുമാറ്റപ്പെടുപ്പോഴുണ്ടാകുന്ന വിള്ളലുകൾ, പരിസ്ഥിതിലോല പ്രദേശങ്ങളിൽ നടക്കുന്ന നിർമ്മാണ പ്രവർത്തനങ്ങളുടെ ഫലമായി സൃഷ്ടിക്കപ്പെടുന്ന ഭൂമിയുടെ അസ്ഥിരത എന്നിവ മൂലം വൻതോതിൽ ജലം ശേഖരിക്കപ്പെടുകയാണ് ഭൂമിക്കടിയിൽ ഇങ്ങനെ വൻതോതിൽ ശേഖരിക്കപ്പെടുന്ന ജലം പുറത്തേക്ക് ഒഴുകിപോകാനാകാതെ ഭൂമിക്കടിയിൽ ശേഖരിക്കപ്പെടുന്നു. ഇപ്രകാരം ശേഖരിക്കപ്പെടുന്ന ജലം ഭൂമിയുടെ അന്തർഭാഗത്തു കുടി ഒഴുകിപ്പോകുമ്പോഴും മണ്ണിനടിയിൽ വൻ ഗർത്തങ്ങൾ സൃഷ്ടിക്കും. ഇങ്ങനെ സംഭരിക്കപ്പെട്ടിട്ടുള്ള വൻതോതിലുള്ള ജലത്തിന്റെ അതിസമ്മർദ്ദം മൂലം മലയുടെ ഒരു വൻഭാഗം ഇടിയാനിടയാകുകയും മണ്ണ്, ജലം, വൻപാറകൾ, മരങ്ങൾ എന്നിവയുമായി അതിന്റേതായ മാർഗ്ഗങ്ങളിലൂടെ, മാർഗ്ഗമധ്യേ കാണുന്ന വൻകെട്ടിടങ്ങളടക്കം സർവ്വതിന്റെയും നാശത്തിനിടയാക്കുന്ന പ്രതിഭാസമാണ്

ഉരുൾപൊട്ടൽ. കരിങ്കല്ല്, മണ്ണ്, പശിമ കൂടിയ ചെളിയടങ്ങിയ മണ്ണ് എന്നിവയുമായി അതിവേഗത്തിൽ ഒഴുകി താഴ്ന്ന പ്രദേശങ്ങളിലേക്കുള്ള ഈ വെള്ളപ്പാച്ചിലിന്, വഴിമധ്യേയുള്ള സകലതിനെയും തകർക്കാനുള്ള ശക്തിയുണ്ടായിരിക്കും.

വയനാട്ടിലുണ്ടായ ഉരുൾപൊട്ടലിന്റെ പ്രഭവസ്ഥാനം 1550 മീറ്റർ ഉയരത്തിലായിരുന്നു. അപ്രത്യക്ഷമായതാകട്ടെ 86000 ചതുരശ്രമീറ്റർ ഭൂമിയും. ഉരുൾപൊട്ടിയ അവശിഷ്ടങ്ങളുമായി എട്ടു കിലോമീറ്ററാണ് സഞ്ചരിച്ചത്. ഏറ്റവും വലിയ പ്രത്യേകത 2019ൽ ഉരുൾപൊട്ടൽ നടന്ന സ്ഥലത്തു തന്നെയാണ് ഇപ്പോഴും നടന്നത്.

നിറയെ വീടുകളും, മരങ്ങളും ഹൈസ്കൂളും, ക്ഷേത്രവും, പള്ളികളും ഉണ്ടായിരുന്ന ചൂരൽ മല എന്ന ഗ്രാമം ചൊവ്വാഴ്ച പുലർച്ചെ 3 മണിയോടെ അലർച്ചയോടെ ആർത്തിരമ്പി വന്ന മലവെള്ളം, ഒരു പുൽക്കൊടിയെപ്പോലും ബാക്കിവെയ്ക്കാതെ ഗ്രാമത്തെ മുഴുവനായും എടുത്തുകൊണ്ടു പോകുകയാണല്ലോ ഉണ്ടായത്. 500ൽ അധികം പേർ മരണമടഞ്ഞു . മുണ്ടകൈ ഗ്രാമ പഞ്ചായത്തിലെ വലുതും ചെറുതുമായ 540 വീടുകളിൽ 510 വീടുകളും ഒഴുകിപോയി. 30 വീടുകൾ മാത്രം അവശേഷിച്ചു. ദുരന്ത സ്ഥലത്ത് കല്ലും, മണ്ണും, ചെളിയും മാത്രം അവശേഷിച്ചു. ചവിട്ടുന്നിടം താഴുകയാണ് എത്ര ആഴത്തിൽ താഴുമെന്നു ആർക്കും പറയാനാകുന്നില്ല, എല്ലാവരും ഭയക്കുകയാണ്.

ഉരുൾപൊട്ടൽ രാത്രിയിലും, അതിനു തൊട്ടുമുമ്പുള്ള രാത്രിയിലും പുഞ്ചരിമട്ടത്തും, മുണ്ടക്കൈയിലും, മറ്റും പെയ്തിറങ്ങിയത് മേഘവിസ്ഫോടനം രേഖപ്പെടുത്തിയ 570 മില്ലിമീറ്റർ മഴയാണ്. പുത്തുമല മഴമാപിനി 48 മണിക്കൂറിനുള്ളിൽ 572 മില്ലിമീറ്റർ മഴയാണ് രേഖപ്പെടുത്തിയത്.

കൂടാതെ ദുരന്തദിനങ്ങളിലെല്ലാം വയനാടൻ മേഖലകളിൽ സ്ഥാപിച്ചിട്ടുള്ള റഡാർ ചിത്രങ്ങളിൽ കാണപ്പെട്ടത് കനത്ത മേഘാവരണമായിരുന്നു. ഇതും അതിതീവ്രമഴയുടെ വ്യക്തമായ സൂചനയായിരുന്നു.

എന്നിട്ട് പോലും നാം ഉണർന്നില്ല എന്നതാണ്, സത്യം. ദുരന്തമുണ്ടായ രാത്രി 3 മണിക്ക് മുമ്പ് എത്രയോ സമയമുണ്ടായിരുന്നു, ജനങ്ങളെ സുരക്ഷിത മേഖലകളിലേക്ക് മാറ്റി പാർപ്പിക്കാൻ! ജനങ്ങളുടെ ജീവനും സ്വത്തിനും പരമാവധി സംരക്ഷണം ലഭിക്കാനുള്ള സംവിധാനങ്ങൾ ആവശ്യത്തിന് സമയം ലഭിച്ചിട്ടുകൂടി ഒരുക്കുന്നതിൽ ഭരണകൂടം തികച്ചും പരാജയപ്പെട്ടു എന്നത് എത്രയോ ഖേദകരമാണ്.

മൺസൂൺ കാലാവസ്ഥയായിരുന്നിട്ട് പോലും , മഴക്കാല ദുരന്തങ്ങൾ കേരളത്തിൽ സാധാരണമായിട്ട് കൂടി വേണ്ട മുൻകരുതലുകൾ സ്വീകരിക്കാതെപ്പോയത് സർക്കാർ സംവിധാനം എത്രത്തോളം ദുർബലമായിരുന്നു എന്നതിന് ഇതിൽ കൂടുതൽ തെളിവുകൾ ആവശ്യമില്ലല്ലോ?

(തുടരും...)

(32-ാം പേജിന്റെ തുടർച്ച...)

വശത്ത് നടയിൽ വരിക്ക പ്ളാവിൽ നിർമ്മിച്ച വിഗ്രഹമാണ്. ഇവിടെയും ശാക്തേയ പൂജ നടത്തിയിരുന്നത് അടികൾ ആയിരുന്നു. ഗജബലിയും നരബലിയും ഇവിടെ നടന്നിരുന്നുവെന്നാണ് വിശ്വാസം. കിഴക്കെ നടയിലാണ് ഇത് നടന്നിരുന്നത്. ഇത് നിർത്തിയ ശേഷമാണ് ഈ നട തുറക്കാത്തത്. ഇവിടെ വിഷു ഉത്സവത്തിന് നടക്കുന്ന കുത്തിയോട്ടം പഴയ നരബലിയുടെ സ്മരണ നിലനിർത്തുന്ന ഒരു ചടങ്ങാണ്. ശാക്തേയ പൂജ അവസാനിച്ചെങ്കിലും ഇവിടെ അരിയും കുരുമുളക് വറുത്ത് പൊടിച്ചതും നിവേദിക്കുന്നുണ്ട്. പനയന്നാർ കാവിലെ ഉടമകളായ ആദിശ്ശന്മാർ ഇപ്പോഴും അവരുടെ തറവാട്ടിൽ രഹസ്യ പൂജകൾ ഭദ്രകാളിക്കായി നടത്തുന്നുണ്ട്.

മലബാറിലെ തിരുമാന്ധാംകുന്നും കൊച്ചിയിലെ കൊടുങ്ങല്ലൂരും തിരുവിതാംകൂറിലെ പനയന്നാർകാവും തുല്യ പ്രാധാന്യം ഉള്ളവയാണ്. ഈ ക്ഷേത്രങ്ങളിലെപ്പോലെ ശിവസാന്നിദ്ധ്യവും ഇവിടെ പ്രധാനമാണ്.

ശ്രീകോവിലിന് ചുറ്റുമുള്ള മതിലുകളിലെ ചുവർചിത്രങ്ങൾ ഈ ക്ഷേത്രത്തിന്റെ ഒരു സവിശേഷതയാണ്. മഹിഷാസുരമർദ്ദിനി, സപ്തമാതൃക്കൾ, സൂര്യനാരായണൻ, പാണ്ഡവരുടെ വനവാസകാലത്തെ ധർമ്മസങ്കടം, അശോകവനത്തിലെ സിത, രാവണന്റെ പതനം, മണ്ഡോദരി വിലാപം സീതാദേവി ശ്രീരാമന്റെ സവിധത്തിലേക്ക് എത്തൽ തുടങ്ങി കേരളീയ ചുവർ ചിത്രങ്ങളുടെ മികച്ച മാതൃകകളാണ് ഈ ക്ഷേത്രത്തിലുള്ളത്.

(തുടരും ....)

# *ദൃഗ് ദൃശ്യ വിവേകം* (*22*)

സി. നാരായണൻ – 9819456012

സ്തബ്ധീഭാവോ രസാസ്വാ
ദാത്തൃതീയഃ പൂർവ്വവന്മതഃ
ഏതൈഃ സമാധിഭിഃ ഷഡ്ഭിഃ
നയേത്കാലം നിരന്തരം

(29)

രസാസ്വാദാത് = ബ്രഹ്മരസം അനുഭവിച്ചു കൊണ്ട്
പൂർവ്വവത് = മുൻപു പറഞ്ഞ പ്രകാരം
സ്തബ്ധീഭാവഃ = നിശ്ചലമായ മനസ്സ്
തൃതീയ = മൂന്നാമത്തേതായി
മതഃ = കണക്കാക്കപ്പെടുന്നു
ഏതത് ഷഡ്ഭിഃ സമാധിഭിഃ = ഈ ആറു തരം സമാധികളാൽ
നിരന്തരം = എല്ലായ്പ്പോളും
കാലം നയേത് = ജീവിതം നയിക്കണം

(മുൻപ് പറയപ്പെട്ട ആന്തരനിർവികല്പ സമാധിയിലെന്ന പോലെത്തന്നെ മനസ്സിനെ സദാ സമയവും ബ്രഹ്മാനന്ദത്തിൽ മാത്രം ലയിപ്പിച്ചിരിക്കലാണ് മൂന്നാമത്തെ സമാധി രീതി. ഇവിടെ വിവരിക്കപ്പെട്ട ആറു തരം സമാധികളെ ആശ്രയിച്ചു വേണം മുമുക്ഷു ജീവിതം നയിക്കേണ്ടത്)

ആന്തരമായ നിർവികല്പസമാധിയിലെന്ന പോലെ ബാഹ്യനിർവികല്പസമാധിയിലും മനസ്സ് അതിന്റെ സ്വരൂപത്തിൽ ലയിക്കലാണ് സംഭവിക്കുന്നത്. ഇരുപത്താറാമത്തെ ശ്ലോകത്തിൽ ആന്തരനിർവികല്പസമാധിയെ വിവരിച്ചതോർക്കുക. അതിൽ

'സ്വാനുഭൂതിരസാവേശാത്'

എന്നിങ്ങനെ നിർവികല്പസമാധിയെപ്പറ്റി പറഞ്ഞിരുന്നു. അതായത്, ആത്മാനന്ദത്തെ ഒരു കലർപ്പും കൂടാതെ നേരിട്ടനുഭവിക്കലാണ്, നിർവികല്പസമാധിയെന്ന്. മനസ്സ് കാറ്റില്ലാത്തയിടത്തെ ദീപനാളം പോലെ, നിശ്ചലമാകലാണ് നിർവികല്പസമാധിയെന്നും അവിടെ ആലങ്കാരികമായി പറഞ്ഞിരുന്നു. ബാഹ്യനിർവികല്പ സമാധിയെ വിവരിക്കാനും ഏകദേശം അതേ പദങ്ങൾ തന്നെയാണ് ആചാര്യൻ ഉപയോഗിക്കുന്നത്. മനസ്സിനെ ബ്രഹ്മരൂപമാക്കാൻ അന്തഃകരണത്തിലെ രാഗാദിവൃത്തികളുടെ സാക്ഷിയെ ധ്യാനിച്ചാലും, പുറത്തുള്ള നാമരൂപത്മകമായ വസ്തുക്കളുടെ സത്യത്തിൽ കേന്ദ്രീകരിച്ചാലും വ്യത്യാസമുണ്ടാവരുതല്ലോ.

അന്തഃകരണത്തിന്റെ സാക്ഷിയും ജഗത്തിന്റെ സത്യത്വവും രണ്ടു ഭിന്നസത്തകളാവാൻ വയ്യ. ആവുന്ന പക്ഷം ഒന്നു മറ്റേതിനെ പരിച്ഛിന്നമാക്കും. ആദ്യം പറയപ്പെട്ട അന്തഃകരണസാക്ഷിയെ കേന്ദ്രീകരിച്ചുള്ള ധ്യാനമാകുമ്പോൾ നമുക്ക് മനസ്സിലെ രാഗാദി വികാരങ്ങളുമായി നമ്മുടെ സ്വാഭാവികമായുള്ള ഭിന്നത തിരിച്ചറിയാൻ കഴിയുന്നു. ഞാൻ, എന്റെ മനസ്സിലെ രാഗദ്വേഷങ്ങൾക്ക് സാക്ഷിമാത്രമാണെങ്കിൽ എനിക്കു സംസാരം ഇല്ലാതായി എന്നു തന്നെ പറയാം.

രണ്ടാമതു പറയപ്പെട്ട ബാഹ്യവസ്തുക്കളെ കേന്ദ്രീകരിച്ചുള്ള ധ്യാനത്തിൽ ജഗത്ക്കാര്യങ്ങളുടെ നാമരൂപങ്ങളെ തിരസ്ക്കരിക്കയാണല്ലോ ചെയ്യുന്നത്. അപ്പോൾ നമുക്കു ദുഖം തരുന്നതെല്ലാം ജഗത്തിലെ മിത്ഥ്യകളായ നാമരൂപങ്ങളാണെന്നു ബോധ്യമാവും. ജീവനെന്ന സത്തയും ജഗത്തെന്ന സത്തയും, ബ്രഹ്മം ഉപാധികളോടു സംബന്ധത്തിൽ തോന്നപ്പെടുന്നവ മാത്രമാണ്

ധ്യാനത്തിനു സ്വീകരിക്കുന്ന മാദ്ധ്യമനുസരിച്ചാണ് നിർവികല്പസമാധിയെ ആന്തരമെന്നും ബാഹ്യമെന്നും തരം തിരിച്ചത്. അവസ്ഥയിൽ രണ്ടും ഒന്നു തന്നെ. രണ്ടിലും ജീ

വൻ അഖണ്ഡചിദാനന്ദരസം അനുഭവിക്കുന്നു.

ഭാഷ്യകാരൻ തന്റെ 'സർവ്വസിദ്ധാന്തസാര സംഗ്രഹം' എന്ന കൃതിയിലും ഏകദേശം ഇതേ പദങ്ങളാലാണ് നിർവികല്പസമാധിയെ വിവരിക്കുന്നത്

ബ്രഹ്മാനനന്ദരസാവേശാദ്
'ഏകീഭൂയ തദാത്മനാ
വൃത്തയോ നിശ്ചലാവസ്ഥാ
സ സമാധിരകല്പകഃ'

(ബ്രഹ്മാനന്ദരസത്തിൽ മനസ്സ് താദാത്മ്യം പ്രാപിച്ച നിശ്ചലമായ ബ്രഹ്മാകാരവൃത്തിയാണ് നിർവികല്പസമാധി)

ഇങ്ങനെ ആന്തരമായ മൂന്നും ബാഹ്യമായ മൂന്നും ഉൾപ്പടെ ആറു തരത്തിലുള്ള സമാധികൾ പറയപ്പെട്ടു. മനസ്സിരുത്തി ചിന്തിച്ചാൽ സവികല്പം, നിർവികല്പം എന്നീ രണ്ടുതരത്തിലുള്ള സമാധികൾ മാത്രമേ യഥാർത്ഥത്തിലുള്ളൂ എന്നു മനസ്സിലാക്കാം. ധ്യാതാവ്, ധ്യേയം, ധ്യാനം എന്ന ത്രിപുടിയുള്ളപ്പോൾ സവികല്പം എന്നു വിളിക്കുന്നു. ധ്യാതാവായ താനും ധ്യാനമാകുന്ന ക്രിയയും പരിശീലനം കൊണ്ടു ചുരുങ്ങി, ധ്യേയം മാത്രമാകുമ്പോൾ ആ അവസ്ഥയെ നിർവികല്പസമാധിയെന്നു വിളിക്കുന്നു. അത് കാറ്റില്ലാത്തയിടത്തു വെച്ച ദീപനാളം പോലെ നിശ്ചലമായി പ്രകാശിക്കും. യോഗശാസ്ത്ര കർത്താവായ പതഞ്ജലി മഹർഷി നിർവികല്പസമാധിയെ ധർമ്മമേഘമെന്നാണ് വിശേഷിപ്പിക്കുന്നത്. ആത്മധർമ്മമാകുന്ന അമൃതധാരകൾ നിർബാധം വർഷിക്കുന്നതു കൊണ്ടായിരിക്കാം മഹാമുനി അങ്ങനെയൊരു പേര് നൽകിയത്.

എത്ര നാൾ ഈ ആറു തരത്തിലുള്ള സമാധികൾ ഒരു മുമുക്ഷു അനുഷ്ഠിക്കണമെന്നു ഭാഷ്യകാരൻ സർവ്വവേദാന്തസംഗ്രഹത്തിൽ പറയുന്നുണ്ട്.

'ഉത്ഥാനേ വാപ്യനുത്ഥാനേ
പ്യപ്രമത്തോ ജിതേന്ദ്രിയഃ
സമാധിഷ്ടകം കുർവീത
സർവ്വദാ പ്രയജതോ യതിഃ

(ഇന്ദ്രിയങ്ങളെ ജയിച്ച ശുഷ്ക്കാന്തിയുള്ളവനായഒരു മുമുക്ഷു ഇരിക്കുമ്പോളും അല്ലാത്തപ്പോളും ആറു തരത്തിലുള്ള ഈ സമാധിക്രമങ്ങൾ അനുഷ്ഠിക്കണം)

ഭാഷ്യകാരൻ അതേ ഗ്രന്ഥത്തിൽ തുടർന്നു പറയുന്നു

'വിപരീതാർത്ഥധീയാവർന്ന
നിഃശ്ശേഷം നിവർത്തതേ
സ്വരൂപസ്ഫുരണം യാവന്ന
പ്രസിധ്യത്യനിർഗളം
താവത്സമാധിഷട്കേന
നയേത്കാലം നിരന്തരം'

(വിപരീതഭാവനകൾ നിവർത്തിച്ച് സ്വരൂപബോധത്തിൽ മനസ്സുറയ്ക്കുന്നതുവരെ മുമുക്ഷു ആറു തരത്തിലുള്ള സമാധികളിൽ ഏർപ്പെട്ടു വേണം ജീവിതം നയിക്കാൻ)

ഈ സമാധി പരിശീലിക്കുന്നതിൽ മുമുക്ഷു നേരിടേണ്ടി വരാവുന്ന പ്രതിബന്ധങ്ങൾ ഏതൊക്കെയാണെന്നു നോക്കാം.

ധ്യാനത്തിൽ ആത്മാർത്ഥതയുടെ കുറവ് (അനുസന്ധാനരാഹിത്യം)
ആലസ്യം, ഭോഗലാലസം,

തന്റെ വ്യക്തിത്വം നഷ്ടപ്പെട്ടു പോകുമോ എന്നുള്ള ഭയം , മനസ്സിന്റെ ജഡത്വം , വിക്ഷേപം, സാധനയിൽ പുരോഗതിയില്ലെന്ന ശൂന്യഭാവം എന്നിവയാണ് യോഗശാസ്ത്രപ്രകാരമുള്ള പ്രതിബന്ധങ്ങൾ

ഗൗഡപാദാചാര്യരും നാലു തരം പ്രതിബന്ധങ്ങളോടു കരുതൽ വേണമെന്നു മാണ്ഡൂക്യകാരികയിൽ മുന്നറിയിപ്പു തരുന്നുണ്ട്.

ലയം, വിക്ഷേപം, കഷായം, രസാസ്വാദനം എന്നിവയാണ് അദ്ദേഹം പറയുന്ന പ്രതിബന്ധങ്ങൾ.

ലയമെന്നാൽ നിദ്ര എന്നർത്ഥമെടുക്കണം വിക്ഷേപം, നിദ്രയുടെ വിപരീതസ്വ

ഭാവം. കഷായമെന്നാൽ മുൻപെന്നോ അനുഭവിക്കാനിടയായ അപ്രിയകരമായ ഏതെങ്കിലുമനുഭവത്തിന്റെ പുനരാവിർഭാവം. സമാധിയിൽ മനസ്സടങ്ങുമ്പോൾ അവ തലപൊക്കാൻ വളരെയധികം സാദ്ധ്യതകളുണ്ട്.

അവസാനം പറയുന്ന രസാസ്വാദനവും സമാധിക്കു അനുകൂലമായ മാനസികാവസ്ഥയല്ല. അതു മനസ്സിന്റെ അവസ്ഥയാണ്. എന്നാൽ നിവികല്പസമാധികൊണ്ട് ലക്ഷ്യമാക്കുന്നത് , ശ്രവണമനനാദികൾ കൊണ്ട് ഉറപ്പിച്ച ആത്മാവിന്റെ സാക്ഷിത്വത്തിലുള്ള നിഷ്ഠയാണ്. അത് പ്രിയകരമായ ഒരു മാനസികാവസ്ഥയല്ല, ജ്ഞാനമാണ്.

സുരേശ്വരാചാര്യർ അദ്ദേഹത്തിന്റെ നൈഷ്ക്കർമ്മസിദ്ധി എന്ന ഗ്രന്ഥത്തിൽ സമാധി പരിശീലനത്തിനു പതിമൂന്നു പടികളെ വിവരിക്കുന്നുണ്ട്. അവ ഒരു മുമുക്ഷുവിനത്യന്തം സഹായകമാണ്.

1) നിത്യകർമ്മാനുഷ്ഠാനാത് ധർമ്മോപത്തി = തന്റെ വർണ്ണാശ്രമമനുസരിച്ചുള്ള കർമ്മാനുഷ്ഠാനം കൊണ്ട് പുണ്യവുമുണ്ടാവുന്നു.

2) ധർമ്മോത്പത്തേ പാപഹാനി = അങ്ങനെ ജനിച്ച പുണ്യം കൊണ്ട് പൂർവ്വജന്മങ്ങളിലാർജ്ജിച്ചതും ഈ ജന്മത്തിൽ അദ്ധ്യാത്മിക സാധനകൾക്ക് വിലങ്ങായി നിൽക്കുന്നതുമായ പാപങ്ങളുടെ നാശമുണ്ടാവുന്നു

3) തതഃ ചിത്തശുദ്ധി = അപ്പോൾ സാധനക്കനിവാര്യമായ ചിത്തശുദ്ധിയുണ്ടാവുന്നു

4) തതഃ സംസാരയാഥാത്മ്യാവബോധഃ = അപ്പോൾ സംസാരത്തെ കുറിച്ച് തിരിച്ചറിവുണ്ടാവുന്നു

5) തതോ വൈരാഗ്യം = അപ്പോൾ വിഷയങ്ങളോട് വൈരാഗ്യമുണ്ടാവുന്നു

6) തതോ മുമുക്ഷുത്വം = അപ്പോൾ എങ്ങനെയെങ്കിലും സംസാരത്തിൽ നിന്ന് വിടുതൽ വേണമെന്ന ആഗ്രഹമുണ്ടാവുന്നു

7) തതഃ തദുപായപര്യേഷണം = അപ്പോൾ അതിനായുള്ള മാർഗ്ഗത്തിന്റെ അന്വേഷണം.

8) തതഃ സർവ്വകർമ്മതത് സാധനസന്യാസഃ = അപ്പോൾ സകല കർമ്മങ്ങളുടെ കർത്തൃത്വവും ഫലേച്ഛയും സന്യസിക്കുന്നു

9) തതോ യോഗാഭ്യാസഃ = പിന്നീട് ശ്രവണം മനനം നിദിധ്യാസനം എന്ന യോഗാഭ്യാസം ചെയ്യാനാരംഭിക്കുന്നു

10) തതഃ ചിത്തസ്യ പ്രത്യക് പ്രവണതാ = അപ്പോൾ മനസ്സു സാക്ഷിചൈതന്യത്തോടടുക്കുന്നു

11) തതഃ തത്വമസ്യാദിവാക്യാർത്ഥ പരിജ്ഞാനം = അപ്പോൾ തത്വമസി മുതലായ മഹാവാക്യങ്ങളുടെ യഥാർത്ഥ അർത്ഥം ബോധ്യമാവുന്നു

12) തതഃ അവിദ്യോച്ഛേദഃ = അപ്പോൾ സ്വരൂപത്തെ മറയ്ക്കുന്ന അജ്ഞാനം നാശമടയുന്നു

13) തതശ്ച സ്വാത്മനി ഏവ അവസ്ഥാനം = അപ്പോൾ ജീവൻ തന്റെ ജീവത്വം വെടിഞ്ഞ് സ്വരൂപമായ ബ്രഹ്മത്വം തിരിച്ചറിയുന്നു.

ഇങ്ങനെ നിരന്തരം സമാധി പരിശീലിക്കുന്ന മുമുക്ഷു, തന്നിൽത്തന്നെ സ്ഥിതി ചെയ്യുന്നതും, എല്ലാ അനർത്ഥങ്ങൾക്കും ഉപശമരൂപവും, കേവലമായതും, നിരതിശയവും, യോഗികൾക്കു മാത്രം പ്രാപ്യമായതും, അനുത്പന്നമായ ജ്ഞേയത്തിൽ നിന്നു വേറെയല്ലാത്തതുമായ ബ്രഹ്മത്തെ മുറിവില്ലാതെ അനുഭവിക്കുന്നു

ഗൗഡപാദാചാര്യർ ഈ നിർവികല്പസമാധിയെ ഇങ്ങനെ വിവരിക്കുന്നു

'യദാ ന ലീയതേ ചിത്തം
ന വിക്ഷിപ്യതേ പുനഃ
അനിംഗനമനാഭാസം
നിഷ്പന്നം ബ്രഹ്മ തത്തദാ'

(എപ്പോൾ മനസ്സ് സുഷുപ്തിയെ പ്രാപിക്കാതെയും പ്രക്ഷുബ്ദ്ധമാകാതെയും ഇരുന്നു കൊണ്ട് നിശ്ചലത്വവും നിർവിഷയത്വവും പ്രാപിക്കുന്നുവോ, അപ്പോൾ അത് തന്റെ സ്വരൂപമായ ബ്രഹ്മമായിയിത്തീരുന്നു) ■

(33-ാം പേജിന്റെ തുടർച്ച...)

കുഴി കുത്തി കാത്തിരുന്ന് മടുത്ത കുഴിയാനകളോട് പാവം തോന്നി കുഴിയിലേക്ക് കുഞ്ഞുറുമ്പുകളെ പിടിച്ചിട്ടുകൊടുത്തും, ആരോ വഴിയിലുപേക്ഷിച്ച് പോയ കടലാസ് പൊതി കാല് കൊണ്ട് തൊഴിച്ച് കയ്യാലക്ക് മുകളിലൂടെ അപ്പുറം കടത്തിയും ഒക്കെ ആവും എന്റെ യാത്ര. മുന്ന്യയിൽ എത്തുന്നത് വരെ അച്ഛനിതൊന്നും ശ്രദ്ധിക്കുക പോലുമില്ല. സൈക്കിൾ പോലുമില്ലാത്ത ഞങ്ങളുടെ ഗ്രാമത്തിൽ വാഹനങ്ങളെ പേടിക്കേണ്ടതില്ല, പാമ്പിനെ പേടിച്ചാൽ മതി. മുന്ന്യ എന്ന് പറയുന്നത് ഞങ്ങളുടെ ടൗൺ ആണ്, മീനച്ചിലാർ അവിടെ നിന്നും രണ്ടായി പിരിഞ്ഞൊഴുകുന്നു. ആ നടുക്കുള്ള പ്രദേശത്തെയാണ് മുന്ന്യ എന്ന് പറയുന്നത്. അവിടെ ദിവാകരചേട്ടന്റെ റേഷൻകടയും ജനാർദനചേട്ടന്റെ മുറുക്കാൻകടയും ശാറ്യർ എന്ന് ഞങ്ങൾ വിളിക്കുന്ന ഗോപാലചേട്ടന്റെ ചായക്കടയുമുണ്ട്. പിന്നെ വല്ലപ്പോഴും മാത്രം അവിടെ കാണുന്ന ഒരു മിഡ്‌വൈഫും ഉണ്ട്.

കരയോഗത്തിന്റെ വക സ്ഥലത്താണ് ഇവയെല്ലാം പ്രവർത്തിക്കുന്നത്. അന്ന് മീനച്ചിലാറ് കുറുകെ കടക്കാൻ വള്ളമാണ് ഏക ആശ്രയം. പദ്മനാഭന്റെ പത്ത് ചക്രം കൈനീട്ടി വാങ്ങിക്കുന്ന ആളാണ് കടത്തുകാരൻ ബേബിചേട്ടൻ. അത് കൊണ്ട് തന്നെ സ്ഥലത്തെ ദിവ്യനുമാണ്. നാട്ടുകാരനല്ലാത്ത ബേബിച്ചേട്ടൻ നാട്ടുകാരിലൊരാളെ സഹായി ആയി വെച്ചിട്ടുണ്ട്. അത്യാവശ്യം വല്ലതുമുണ്ടെങ്കിൽ ചുങ്കം ഷാപ്പിൽ ചെന്നാൽ മതി ബേബിചേട്ടൻ അവിടെ ഉണ്ടാവും. ബേബിചേട്ടനോ സഹായി ശങ്കരചേട്ടനോ ആവണം അന്നും ഞങ്ങളെ അക്കരെ കടത്തിയത്. അവരില്ലെങ്കിൽ പിന്നെ മുണ്ടുരിഞ്ഞ് തലയിൽ കെട്ടി അരയോപ്പം വെള്ളത്തിൽ തോളത്തിരുത്തിയാണ് അച്ഛന്മാർ മക്കളെ അക്കര ഇക്കരെ കടത്തിയിരുന്നത്. എന്തായാലും അന്ന് അച്ഛന്റെ കൈ പിടിച്ച് നേരെ ചെന്ന് കയറുന്നത് അന്ന് വരെ കണ്ടിട്ടില്ലാത്ത പുതിയൊരു സ്ഥലത്തേക്കാണ്. അച്ഛന്റെ കട കഴിഞ്ഞു വേണം അങ്ങോട്ട് പോകാൻ, ബസ്സ് പോകുന്ന റോഡാണ്, അച്ഛനെന്റെകൈയിൽ മുറുകെ പിടിച്ചു.

ഒരു പഴയ ഓല മേഞ്ഞ വീടിന്റെ മുറ്റത്ത് ഓല കെട്ടിമറച്ച ഒരു സ്ഥലം. മുകളിലേക്ക് നോക്കിയാൽ ദ്രവിച്ച ഓലകൾക്കിടയിൽ കൂടി ആകാശം കാണാം. നല്ല വെയിലുള്ളപ്പോൾ കളരിക്കകം രാത്രിയിൽ നക്ഷത്രങ്ങൾ തെളിഞ്ഞു നിൽക്കുന്ന ആകാശം പോലെ തോന്നിക്കും. മഴക്കാലത്ത് വീടിന്റെ ഉമ്മറത്താവും കളരി. ഞങ്ങളവിടെ ചെല്ലുമ്പോൾ കുറേ കുട്ടികൾ അവിടെ വെറും നിലത്ത് ചമ്രം പടിഞ്ഞ് ഇരിക്കുന്നുണ്ടായിരുന്നു. അച്ഛനും ആശാനും തമ്മിൽ എന്തൊക്കെയോ കുശുകുശുക്കുന്നുണ്ട്.

എനിക്കിപ്പോഴും കാര്യം മുഴുവനായി പിടികിട്ടിയിട്ടില്ല. കുറച്ച് കഴിഞ്ഞപ്പോൾ യാത്ര പോലും പറയാതെ അച്ഛൻ ഇറങ്ങിപ്പോയി. പിറകെ ഓടാൻ ശ്രമിച്ച എന്നെ പിടിച്ച് നിർത്തുന്ന ബലമുള്ള കൈകൾ. അപ്പോഴാണ് ആശാന്റെ ഇടത് കൈയിലെ ശബ്ദമുണ്ടാക്കികൊണ്ടിരിക്കുന്ന നീണ്ട നഖങ്ങൾ എന്റെ ശ്രദ്ധയിൽപ്പെട്ടത്. പിന്നെ ഒരെതിർപ്പിനും നിൽക്കാതെ ആശാൻ കൈ ചൂണ്ടിയിടത്ത് പോയി ഞാനിരുന്നു ഒന്നലറിക്കരയാൻ പോലും ശക്തിയില്ലാതെ. അപ്പോഴാണവിടെയിരിക്കുന്ന കുട്ടിത്തേവാങ്കുകളെ ഞാനൊന്ന് ശ്രദ്ധിക്കുന്നത്. ഏതാണ്ട് പത്തു പന്ത്രണ്ടു പേരോളം ഉണ്ടാവും, അത് പിൽക്കാലത്ത് ഞാൻ തന്നെ പടച്ചുണ്ടാക്കിയ ഒരു കണക്കാണ്. കാരണം അവിടെ പഠിച്ച കാലത്തൊന്നും ഞാൻ എണ്ണാൻ പഠിച്ചിട്ടില്ല. ഇനി അഥവാ എണ്ണാൻ അറിയാമെങ്കിൽ തന്നെ ഞാൻ എണ്ണി നോക്കിയിട്ടുമില്ല. മിക്കവാറും എല്ലാവരും കൊച്ച് മുണ്ടാണ് ഉടുത്തിരുന്നത്, രണ്ട് മൂന്ന് പേർക്ക് നിക്കറാണ് വേഷം, ഞാനാണെങ്കിൽ വള്ളിനിക്കർ. അക്കാലത്തെ എന്റെ ഒരു പ്രധാന ജോലി തോളത്ത് നിന്നും ഊരി പോകുന്ന നിക്കറിന്റെ വള്ളി വീണ്ടും പിടിച്ച് യഥാസ്ഥാനത്ത് ഇടുക എന്നതായിരുന്നു.

കളരിയിൽ 'റ 'യുടെ ആകൃതിയിൽ നിലത്താണ് കുട്ടികൾ ഇരിക്കുന്നത്. ഓരോ കുട്ടിയുടെയും മുൻപിൽ പഞ്ചാര മണൽ നിറച്ച മരം കൊണ്ടുണ്ടാക്കിയ ഏതാണ്ട് ഒന്നര അടി നീളവും അര അടി വീതിയുമുള്ള പാത്രങ്ങൾ. അതിൽ ചൂണ്ട് വിരൽ കൊണ്ട് വേണം എഴുതാൻ, ആശാൻ ഉറക്കെ 'ഹ' എന്ന് പറയുമ്പോൾ എല്ലാവരും കൂടി 'ഹ' എന്ന് പറഞ്ഞ് ചൂണ്ട് വിരൽ കൊണ്ട് മണലിൽ എഴുതണം. നിലത്തെഴുതിക്കുന്നത് കൊണ്ട് 'നിലത്തെഴുത്താശാൻ'

എന്നും പറയും. ആദ്യമൊക്കെ ഏറ്റുചൊല്ലൽ മാത്രമേയുള്ളു

ക ഇഗ്ഖാ ഗ ഇഘ ങ

ച ഇച്ഛ ജ ഇഝാ ഞ

അല്ലെങ്കിൽ, ഒന്നുവൊന്നും രണ്ട്, രണ്ടുവൊന്നും മൂന്ന് അതും അല്ലെങ്കിൽ ഗുണന പട്ടിക

ഓരോന്നൊന്ന്, ഈരൊന്നു രണ്ട്, മൂവൊന്നു മൂന്ന്, നാലൊന്ന് നാല് ഇങ്ങനെയാണ് വായ്ത്താരി, അത് കെട്ട് ഉറക്കെ പറഞ്ഞോണം എഴുതാൻ പഠിച്ച് കഴിഞ്ഞവർ എഴുതിക്കോണം, തെറ്റിയാൽ ..............

കുട്ടികൾ 'റ'ആകൃതിയിൽ ഇരിക്കുന്നതിന്റെ നടുക്ക് കുത്തിയിരിക്കുകയാണ് ആശാന്റെ രീതി, ഓരോ കുട്ടിയുടെ അടുത്തേക്കും കുത്തിയിരുന്ന് നിരങ്ങിയാണ് ആശാൻ ചെല്ലുന്നത്, ഇങ്ങിനെ നിരങ്ങി നീങ്ങുമ്പോഴും ഇടത് കൈ നഖങ്ങൾ 'കട കട' ശബ്ദമുണ്ടാക്കിക്കൊണ്ടിരിക്കും. ആശാന്റെ 'കിഴുക്ക്' വളരെ പ്രസിദ്ധമാണ്. 'അമ്പ് കൊള്ളാത്തവരില്ല കുരുക്കളിൽ' എന്ന് പറഞ്ഞ പോലെ ആശാന്റെ കിഴുക്ക് കൊള്ളാത്ത ആരും ആ കളരിയിലില്ല. ആശാൻ ആസ്വദിച്ച് ചെയ്യുന്ന ഒരു ജോലിയാണിത്. കിഴുക്ക് തന്നെ പലവിധമുണ്ട്, ചെയ്ത തെറ്റിന്റെ ഗുരു ലഘുത്വം നോക്കിയല്ല കിഴുക്ക് തിരഞ്ഞെടുക്കുന്നത്. ആശാന്റെ അപ്പോഴത്തെ ദേഷ്യമാണടിസ്ഥാനം. ഏതെങ്കിലുമൊരു ഹതഭാഗ്യന്റെ തുടയുടെ ഉൾഭാഗത്തെ നനുത്ത ചർമ്മം വലത് കൈയിലെ രണ്ട് നഖങ്ങൾക്കിടയിലാക്കി കശക്കുന്നത് സാദാ കിഴുക്ക് നിസ്സാരം, 'സൈക്കിൾ കയറ്റം'ന്നു പറഞ്ഞാൽ പ്രാണൻ പോകുന്ന വേദനയാണെന്നനുഭവസ്ഥർ, ഇരിക്കുന്ന കുട്ടി തൽസ്ഥാനത്ത് നിന്ന് ആശാന്റെ കൈയുടെ ഒപ്പം പൊങ്ങി ഉയർന്ന് ഒറ്റക്കാലിൽ നിന്ന് സൈക്കിൾ ചവിട്ടും, ഈ സമയം മുഴുവൻ കരയാനായി പൊളിച്ച വായ തുറന്ന് തന്നെ ഇരിക്കും അടയില്ല, പിളർന്ന വായിൽ നിന്ന് തുപ്പലും കണ്ണീരും ഇടകലർന്ന് കീഴോട്ടൊഴുകും, പക്ഷേ ഒരു ശബ്ദവും പുറത്തേക്ക് വരില്ല, ശ്വാസം എടുക്കാനോ വിടാനോ ആവില്ല. അത്രയ്ക്കാണ് വേദന. പെരുവിരൽ മുതൽ ഉച്ചിവരെ വേദന ഒഴുകി പരക്കും, കാണുന്ന മറ്റ് കുട്ടികളിലേക്കും ഈ വേദന സംക്രമിക്കും. ഇരിക്കുന്നിടം നനയും.

വേറെയുമുണ്ട്; പമ്പരം കറക്കൽ, മണൽ തരി കൂട്ടിയുള്ള പ്രയോഗം അങ്ങിനെ പലതും. പക്ഷേ; എന്നെ ആശാൻ ഒരിക്കലും കിഴുക്കിയിട്ടില്ല. അതിന്റെ കാരണം ഇന്നുമെനിക്കറിയില്ല. എന്റെ അച്ഛനേയോ മുത്തച്ഛനേയോ പേടിച്ചിട്ടാണോ ?. അതോ നന്നായിട്ട് പഠിച്ചിരുന്ന കൊണ്ടാണോ.......? ഏയ് അതാവാൻ വഴിയില്ല, അവിടെ ഒരു വർഷത്തോളം പഠിച്ചിട്ടും ഒരു വസ്തു എന്റെ തലയിൽ കയറിയിട്ടില്ല. അതെങ്ങനെ, പേടിക്കാനേ എനിക്ക് നേരമുണ്ടായിരുന്നൊള്ളു.

കളരി കാണുമ്പോൾ മുതൽ എന്റെ പേടി തുടങ്ങും, ആശാനെ കാണുമ്പോൾ അത് വർദ്ധിക്കും അകത്ത് കേറുമ്പോൾ പറയാനുമില്ല, ആശാന്റെ നഖം കാണുകയും ശബ്ദം കേൾക്കുകയും ചെയ്യുമ്പോൾ ഭയം പതിന്മടങ്ങാവും, ആശാൻ ആരെയെങ്കിലും കിഴുക്കുന്നത് കാണുന്നതോടു കൂടി എന്റെ നെഞ്ചിടിപ്പ് കൂടും, ചെവി രണ്ടും കൊട്ടിയടയ്ക്കും, ഭയം അതിന്റെ ഉച്ചസ്ഥായിയിലെത്തും.

അവിടെ ചെല്ലുമ്പോൾ മുതൽ ആശാന്റെ നഖത്തിലായിരിക്കും എന്റെ ശ്രദ്ധ, ഇടത് കൈകൊണ്ട് ആരെയും കിഴുക്കി ഞാൻ കണ്ടിട്ടില്ല അത് ഭയപ്പെടുത്താൻ മാത്രമുള്ളതാണ്. നിരങ്ങി നീങ്ങുന്ന ആശാൻ എന്റെ അടുത്തെത്താറാകുമ്പോൾ എന്റെ ഹൃദയം പട പടാ ഇടിച്ച് തുടങ്ങും. 'എന്താടാ ഇത്, എന്റെ അടുത്തിരിക്കുന്ന ചങ്കരനോടാണ് ചോദ്യം ആ പാവം ജീവനെടുത്ത് കൈയിൽ പിടിച്ച് കൊണ്ട് പറയും 'ഹൊ' 'ഹീങ്ങനെയാണോടാ കഴുതേ 'ഹൊ' എഴുതുന്നത് 'ഹൊ'യ്ക്ക് കെട്ടുപുള്ളി വേണ്ടെടാ, നിന്നെ ഇന്ന് ഞാൻ' ഡയലോഗ് അവിടെ കഴിഞ്ഞു, പിന്നെ കേൾക്കുന്നത് ആശാന്റെ ശീൽക്കാര ശബ്ദങ്ങളും ചങ്കരന്റെ എട്ട് നാടും പൊട്ടെയുള്ള കരച്ചിലുമാണ്. കെട്ടുപുള്ളി എന്താണെന്നറിഞ്ഞാലല്ലേ കെട്ടുപുള്ളി ഇടാൻ പറ്റു.

ഇനി എന്റെ ഊഴമാണ്. ആശാൻ 'കാ........' എന്ന് പറയും ഞാൻ 'കീ......' എന്നെഴുതും ആശാൻ വീണ്ടും പറയും 'കാ' ഞാൻ 'കൂ' ആശാന് സഹിക്കില്ല, ദേഷ്യം കൊണ്ട് അദ്ദേഹത്തിന്റ താടിമീശ വരെ വിറയ്ക്കും, പക്ഷേ ആശാൻ നിസ്സഹായനാണ് 'കാ..... എന്നെഴുതേണ്ടത് എങ്ങനെയാണെന്നറിയില്ലേടാ' ചോദ്യം എന്നോടല്ല അടുത്തിരിക്കുന്ന പാക്കരനോ

ടാണ്. 'കാ' ശരിക്കെഴുതിയ പാക്കരന്റെ തുടയിൽ ചെമ്പരത്തിപ്പൂഇതൾ വിടർത്തും. 'എഴുതടാ' അതെന്നോടാണ് പാക്കരൻ എഴുതിയത് നോക്കി ഞാനെഴുതും കാ... .. കാ....... കാ.........നിരങ്ങി നീങ്ങലിനിടക്കെപ്പോഴെങ്കിലും ആശാൻ നീട്ടി വിളിക്കും 'ശാന്തേ...... ശാന്തേ....' മെലിഞ്ഞുണങ്ങിയ എലിവാല് പോലത്തെ മുടിയുള്ള ശാന്ത ഒരു മൊന്ത നിറയെ വെള്ളവുമായി വരും ആശാൻ എഴുന്നേറ്റ് ഒറ്റവീർപ്പിന് ആ വെള്ളം മുഴുവൻ കുടിക്കും, മൊന്ത ചുണ്ടിൽ മുട്ടിക്കാതെ പൊക്കിയൊഴിച്ചാണ് കുടിക്കുന്നത്. ഈ സമയം ശാന്ത എന്നെ നോക്കി കൊഞ്ഞനം കുത്തും.......എല്ലാ ദിവസവും പെരുമ്പിള്ളിൽ നിന്നാവില്ല ഞാൻ പോകുന്നത് പല ദിവസങ്ങളിലും ഞാൻ താമസിക്കുന്നത് നാഗപ്പിള്ളിലായിരിക്കും അമ്മയുടെ വീട്ടിൽ, മുത്തശ്ശന്റെയും മുത്തശ്ശിയുടെയും അമ്മാവന്മാരുടെയും കൂടെ. എന്നെക്കാളും പത്തു പതിനഞ്ച് വയസ്സിന് മൂത്ത, അന്ന് കോളേജിൽ പഠിക്കുന്ന മുരളി മാമ്മൻ എന്നെ കണ്ടാലുടനെ കളിയാക്കി പാടും 'ആശാൻ ആനന്ദശീലൻ ചറ പറ വളിയൻ.... നിന്റെ ആശാൻ .......... ' മോങ്ങാനിരുന്ന പട്ടിയുടെ തലയിൽ തേങ്ങാ വീണത് പോലെയാകുമത് ഞാൻ കരയാൻ തുടങ്ങും. ആശാനെ കളിയാക്കുന്നത് കൊണ്ടുള്ള സങ്കടമോ ആശാനോടുള്ള സ്നേഹമോ അല്ല കാരണം.. വെറുതെ അങ്ങിനെ കരയുമ്പോൾ ഒരു സുഖം അത്ര തന്നെ.... നാലോ അഞ്ചോ വർഷം കൂടി മാത്രമേ കളരികൾ നിലനിന്നൊള്ളു, ഇഗ്ലീഷ് ഭാഷാ ഭ്രമവും വിദ്യാഭ്യാസ രീതികളിലുണ്ടായ മാറ്റങ്ങളും നിർദ്ദയമായ ശിക്ഷാ രീതികളും കാരണം 'ആശാൻ പള്ളികൂടങ്ങൾ' അടച്ച് പൂട്ടപ്പെട്ടു. ആശാൻമാർ തൊഴിൽ രഹിതരായി.

നാട്ടിലെമ്പാടും കൂണ്പോലെ മുളച്ച് പൊന്തിയ നഴ്സറി സ്കൂളുകൾ കാരണം തൊഴിൽ രഹിതരായ ആശാന്മാരെ പുനരധിവസിപ്പിക്കാനുള്ള ഒരു നീക്കവും അന്നൊരുഭാഗത്ത് നിന്നും ഉണ്ടായില്ല, അതിനായി ആരും സമരം ചെയ്തില്ല. നിരാഹാര സമരം കിടന്നില്ല. സമൂഹത്താൽ തിരസ്കരിക്കപ്പെട്ട ആശാന്മാർ പതുക്കെ മറവിയുടെ കയത്തിലേക്ക് മുങ്ങിത്താണു. നക്കാപ്പിച്ച ചക്രത്തിന് ശിഷ്യന്മാരെ പഠിപ്പിച്ചിരുന്ന ആശാന്മാർ മണ്മറഞ്ഞപ്പോൾ 'മോണ്ടിസോറിയും' ചൈൽഡ് കെയർ നഴ്സറി സ്കൂളും മറ്റും ആയിരങ്ങൾ കൊയ്തു. വിദ്യാഭ്യാസ നിലവാരം ഉയർന്നു. നാട്ടിൽ എൻജിനീയർമാരും ഡോക്ടർമാരും നിറഞ്ഞു.

അവരെല്ലാം മറന്ന ഒരു കാര്യമുണ്ടായിരുന്നു, തോർത്ത് മുണ്ടുടുത്ത് നഖം നീട്ടിവളർത്തിയ ആശാന്മാരും വയറൊട്ടിയ ശാന്തമാരും പിന്നെയെങ്ങനെ ജീവിച്ചുവെന്ന്. ■

**2025 ഫെബ്രുവരി മാസം അന്തരിച്ച കരയോഗാംഗത്തിന് ആദരാഞ്ജലികൾ**



**സരോജിനി അമ്മ (L/0352)**
W/o Late: പി വാസുദേവ കുറുപ്പ്,
വൈശാഖ് ഹൗസ്,
കുറുപ്പംകുളങ്ങര,
ചേർത്തല, ആലപ്പുഴ

# 6-ാം ചരമ വാർഷികം
## 05-03-2025



**ഡോ. എം. ചന്ദ്രിക**
W/o മോഹൻ കൈമൾ
വാക്കേയിൽ ഹൗസ്, 36/344
കത്രിക്കടവ്, എറണാകുളം



ജ്യോതിഷാചാര്യൻ: ജി. കെ. മേനോൻ

**1200 – മീനമാസ ഫലം**

ഹരി ശ്രീ ഗണപതയെ നമഃ അവിഘ്നമസ്തു

Ernakulam Karayogam : ☎ 0484 - 2361160 8848036518, 9645683491



(**മേടക്കൂർ:** അശ്വതി, ഭരണി, കാർത്തിക ആദ്യ പാദം) വിദ്യാർത്ഥികൾക്ക് മാസം അനുകൂലമായിരിക്കും. ധനപരമായ പ്രശ്നങ്ങൾക്ക് ഒരു പരിധി വരെ ആശ്വാസം ലഭിക്കുകയും ചെയ്യും. മാർച്ച് 20, 21 തിയ്യതികൾ അഷ്ടമ രാശി നക്ഷത്രങ്ങളായതിനാൽ ആ ദിവസങ്ങളിൽ ചെയ്യുന്ന എല്ലാ കാര്യങ്ങളിലും പ്രത്യേകം ശ്രദ്ധ ചെലുത്തുന്നത് നല്ലതാണ്. ബുധനാഴ്ച്ച ദിവസം ശ്രീകൃഷ്ണപ്രീതികരമായ വഴിപാടുകൾ നടത്തുന്നതും മന്ത്രജപം നടത്തുന്നതും നല്ലതാണ്



(**ഇടവക്കൂർ:** കാർത്തിക അവസാന മൂന്ന് പാദം, രോഹിണി, മകയിരം ആദ്യപകുതി) മാർച്ച് 31 ന് ശേഷം മുമ്പുണ്ടായിരുന്ന പല പ്രതിസന്ധികൾക്കും പരിഹാരമാകും സർക്കാരിൽ നിന്നും അനുകൂലത പ്രതീക്ഷിക്കാം. വിദ്യാർത്ഥികൾക്ക് കടുത്ത മത്സരം നേരിടേണ്ടി വരും മാർച്ച് 22, 23 തിയതികൾ അഷ്ടമരാശിക്കൂർ നക്ഷത്രങ്ങൾ ആയതിനാൽ ആ ദിവസങ്ങളിൽ ഒഴിവാക്കാൻ പറ്റാത്ത പുതിയ കാര്യങ്ങളിൽ കൂടുതൽ ശ്രദ്ധയോടെ ഇടപെടാവു. ലക്ഷ്മി നാരായണ മന്ത്രാർച്ചന വൈഷ്ണവക്ഷേത്ര ദർശനം എന്നിവ നടത്തുക .



(**മിഥുനക്കൂർ:** മകയിരം അവസാന പകുതി, തിരുവാതിര, പുണർതം ആദ്യ മൂന്ന് പാദം) രോഗങ്ങൾക്ക് വേണ്ടി അമിതമായി പണം ചിലവഴിക്കും. മുൻകോപക്കാർ പ്രത്യേകം ശ്രദ്ധിക്കണം. ഈഗോ പ്രശ്നങ്ങൾ കുടാം സഹപ്രവർത്തകർ കാരണം സമാധാനം നഷ്ടപ്പെടും. മാർച്ച് 25, 26 തിയതികൾ ശുഭകാര്യാരംഭത്തിന് സ്വീകാര്യമല്ല. ബുധനാഴ്ച ദിവസങ്ങളിൽ ശ്രീകൃഷ്ണ ക്ഷേത്രവും ചൊവ്വാഴ്ച്ച ദിവസങ്ങളിൽ ഭദ്രകാളി ക്ഷേത്ര ദർശ്ശനവും മന്ത്രജപവും ദേവിക്ക് മാല ചാർത്തലും നടത്തുന്നത് നല്ലതാണ്.



(**കർക്കിടക്കൂർ:** പുണർതം അവസാന പാദം, പൂയം, ആയില്യം) ഭാഗ്യം കൊണ്ട് അപ്രതീക്ഷിത ധനലാഭം ഉണ്ടാകാം. എങ്കിലും ചിലവുകളും കൂടി പ്രതീക്ഷിക്കണം. വാഹന രംഗത്ത് പ്രവർത്തിക്കുന്നവർക്ക് ധനലാഭവും വാഹനങ്ങൾക്ക് അറ്റകുറ്റപണിക്കായി വ്യയവും ഉണ്ടാകും. മാർച്ച് 27, 28, ദിവസങ്ങൾ പൊതുവേ അനുകൂലമല്ലാത്തതിനാൽ പുതുസംരംഭാരഭത്തിന് സ്വീകരിക്കാതിരിക്കുന്നതാണ് ഉത്തമം ശിവക്ഷേത്ര ദർശനവും മന്ത്രജപവും ചെയ്യുന്നത് നല്ലതാണ്.



(**ചിങ്ങക്കൂർ:** മകം, പൂരം, ഉത്രം ആദ്യ കാൽ ഭാഗം) കടുത്ത മത്സരങ്ങളെ എല്ലാ മേഖലകളിലും നേരിടേണ്ടി വരും. സഹായികളിൽ നിന്നും ആഗ്രഹിക്കുന്ന തരത്തിലുള്ള ഗുണം പ്രതീക്ഷിക്കണ്ട! പൂർവ്വികമായ വസ്തു വകകളിൽ നിന്നും ലാഭം പ്രതീക്ഷിക്കാം. മാർച്ച് 29, 30 ദിവസങ്ങൾ അഷ്ടമരാശിക്കുർ നക്ഷത്രങ്ങളായതിനാൽ പുതുസംരംഭങ്ങൾക്ക് സ്വീകരിക്കാതിരിക്കുക. ഗണപതി ഹോമം ലക്ഷ്മി പൂജ എന്നിവ നടത്തുന്നതും ക്ഷേത്രത്തിൽ ദർശനം നടത്തുന്നതും നല്ലതാണ്.




(**കന്നിക്കൂർ:** ഉത്രം അവസാന മൂന്നു പാദം, അത്തം, ചിത്തിര ആദ്യ പകുതി) നിയമ വിദ്യാർത്ഥികൾക്ക് പഠനത്തിൽ മികവ് പുലർത്താൻ സാധിക്കും. തലവേദന ഉദര രോഗം തുടങ്ങിയ പ്രശ്നങ്ങൾ അലട്ടാം. ദുർവ്യയം അനുഭവപ്പെടും ജീവിത പങ്കാളികൾ തമ്മിൽ അകന്ന് കഴിയാൻ ഇടയുണ്ട്. മാർച്ച് 31, ഏപ്രിൽ 1 എന്നി ദിവസങ്ങൾ അനുകൂലമല്ല. വിഷ്ണു ക്ഷേത്രവും ശിവക്ഷേത്രവും ദർശനവും, ഭഗവാന് പ്രീതികരങ്ങളായ വഴിപാടുകളും മന്ത്രജപവും നടത്തുകയും ചെയ്യുക.



(**തുലാക്കൂർ:** ചിത്തിര അവസാന പകുതി, ചോതി, വിശാഖം ആദ്യ മൂന്ന് പാദം.) കുടുംബസ്വത്തിന്റെ കാര്യത്തിൽ അനുകൂലമായ തീരുമാനങ്ങൾ ഉണ്ടാവും. ശത്രുക്കൾ നിമിത്തവും മത്സരങ്ങളിലൂടെയും ധനനഷ്ടം വരാം ശ്രദ്ധിക്കണം. ഉദരരോഗവും പാദരോഗവും ഉള്ളവർക്ക് രോഗം മൂർച്ഛിക്കാം. ഏപ്രിൽ 2, 3 പ്രായേണ ഗുണം കുറഞ്ഞതായിരിക്കും. ഭദ്രകാളി ക്ഷേത്ര ദർശനവും മന്ത്രജപവും നടത്തുന്നതും യഥാശക്തി വഴിപാടുകൾ നടത്തുന്നതും നല്ലതാണ്.




(**വൃശ്ചികക്കൂർ:** വിശാഖം അവസാന പാദം, അനിഴം, തൃക്കേട്ട) വീട് മോടിപിടിപ്പിക്കാനും. വിവാഹത്തിനും ശ്രമിക്കുന്നവർക്കും ആഗ്രഹം നടക്കും. കർമ്മരംഗത്ത് നിപുണത തെളിയിക്കാൻ അവസരം ലഭിക്കും. ഏപ്രിൽ 4, 5 ദിവസങ്ങളിൽ വിഷ്ണു പ്രീതികരങ്ങളായ വഴിപാടുകളും ജപങ്ങളും നടത്തുന്നത് നല്ലതാണ്. സാമ്പത്തിക പ്രതിസന്ധിയിൽ നിന്നും സമാധാനം ലഭിക്കുവാൻ വിഘ്നേശ്വരന് നാളികേരം ഉടയ്ക്കുകയും ഒരു ഗണപതി ഹോമം നടത്തുകയും ചെയ്യുക



(**ധനുക്കൂർ:** മൂലം, പൂരാടം, ഉത്രാടം ആദ്യ പാദം. ) പുതിയ വീടിനോ സ്ഥലത്തിനോ വേണ്ടി സർക്കാർ സഹായം പ്രതീക്ഷിക്കുന്നവർക്കും വസ്തുവകകളുടെ നിയമപരമായ പ്രശ്നങ്ങൾക്ക് പരിഹാരം പ്രതീക്ഷിക്കുന്നവർക്കും കാര്യസാധ്യം ഉണ്ടാകും. വിദ്യാഭ്യാസപരമായ ഉന്നതി നിലനിർത്താൻ സാധിക്കും ഏപ്രിൽ 6, 7 തിയതി അഷ്ടമരാശി നക്ഷത്രങ്ങളായതിനാൽ പുതുതായി ആരംഭിക്കുന്ന നല്ല കാര്യങ്ങൾക്ക് സ്വീകരിക്കാതിരിക്കുന്നതാണ് ഉത്തമം. സർപ്പ പ്രീതികരമായ വഴിപാടുകൾ നടത്തുക



(**മകരക്കൂർ:** ഉത്രാടം അവസാന മൂന്ന് പാദം, തിരുവോണം, അവിട്ടം ആദ്യ പകുതി) പൂർവ്വികമായും കർമ്മത്തിലൂടെയും കിട്ടാനുള്ള ധനത്തിന്റേയും സമ്പത്തിന്റേയും കാര്യത്തിൽ വ്യവഹാരത്തിൽ ഏർപ്പെടേണ്ടി വരാം. കർമ്മരംഗത്ത് പ്രശ്നങ്ങൾക്ക് പരിഹാരമാകും. ഏപ്രിൽ 8,9 തിയതികൾ ശുഭകാര്യാരംഭത്തിന് സ്വീകാര്യമല്ല. ചൊവ്വാ വെള്ളി ദിവസങ്ങളിൽ ദേവീക്ഷേത്ര ദർശനവും മന്ത്രജപവും ദേവിക്ക് മാല ചാർത്തലും നടത്തുന്നത് നല്ലതാണ്.



(**കുംഭക്കൂർ:** അവിട്ടം അവസാന പകുതി, ചതയം, പൂരുരുരുട്ടാതി ആദ്യ മൂന്ന് പാദം) പങ്കാളികളിൽ നിന്നും സർക്കാർ, മേലധികാരികൾ എന്നിവരിൽ നിന്നുള്ള പ്രതിസന്ധികൾക്ക് പരിഹാരം ഉണ്ടാകും. അനാവശ്യമായ സംസാരം മൂലം കലഹം വരുത്തിവെക്കാൻ സാധ്യത ഉള്ളതിനാൽ വാക്ക് നിയന്ത്രണ വിധേയമാക്കണം. ഏപ്രിൽ 11, 12 ദിവസങ്ങൾ അനുകൂലമായിരിക്കില്ല. ശാസ്താവിനും, സർപ്പത്തിനും പ്രീതികരങ്ങളായ വഴിപാടുകൾ നടത്തുകയും ശിവക്ഷേത്ര ദർശനം നടത്തുകയും ചെയ്യുന്നത് നല്ലതാണ്.



(**മീനക്കൂർ:** പൂരുരുട്ടാതി അവസാന പാദം, ഉത്രട്ടാതി, രേവതി) ധനപരമായ വിഷയങ്ങളിലെ പ്രതിസന്ധിക്ക് ഒരു പരിധി വരെ പരിഹാരം ലഭിക്കുക മൂലം മനസ്സിന് ആശ്വാസം ലഭിക്കും കായിക വിദ്യ അഭ്യസിക്കുന്നവർക്ക് കൂടുതൽ മികവ് പുലർത്താൻ സാധിക്കും. ഏപ്രിൽ 13, 14 ദിവസങ്ങൾ അത്ര ഗുണകരമല്ലാത്തതിനാൽ പുതിയ സംരംഭങ്ങൾക്ക് സ്വീകരിക്കാതിരിക്കുക. സർപ്പപ്രീതി ഗണപതി ക്ഷേത്ര ദർശനം എന്നിവ നടത്തി ദുരിത ശാന്തി വരുത്തുക

***ശുഭമസ്തു ശംഭോമഹാദേവ! എറണാകുളത്തപ്പൻ തുണ!***



# MANGALYAM MATRIMONIAL

for the better half of your life....



## വരനെ ആവശ്യമുണ്ട്

Nair Girl,28/160cm,Uthradam 3/4(Makaram), MBBS, Working in the NHS, Govt of UK & also doing Higher Studies in UK, Pref: Nair Boy from a reputable Nair family who has either completed his MBBS or is pursuing higher studies, working or planning to study and work in UK/EUROPE.,Mob:+918511730512
Email: utham.nair@gmail.com
Date of Birth: 26-8-1996(5.12pm)
Place of Birth : Ahmedabad,Gujarat
Sishta Dasa: - 0-10-24

| | | | | | |
|---|---|---|---|---|---|
| | | | ശുസ | ര | |
| ചല | മ ശി | | | ശു കു | കു |
| ബു | | ഗ്രഹനില & അംശകം | | | |
| | ച ല | | | ര | ഗു മാ |
| | ഗു മാ | | | ബു സ | |
| | | ശി | മ | | |

Contact Address:
MR.U.K. NAIR
AHMEDABAD CITY, GUJARATH

Nair Girl, 28/162cm, Thiruvathira, MBA, Working in a MNC, Sudhajadhakam, Pref: Well qualified professionals , Mob:+919446207613, 9447819630

Email:malavika.darsana1@gmail.com
Date of Birth: 21-5-1996(4.55am)
Sishta Dasa:Rahu 5-7-27

| | | | |
|---|---|---|---|
| മ ശി | ബു ലകു | ര | ച ശു |
| | ഗ്രഹനില & അംശകം | | |
| | | | |
| ഗു മാ | | | സ |

Contact Address:
MR.DILIP KUMAR
DARSANA
GARDENLAND
COCHIN PALACE P O
HILL PALACE, TRIPUNITHURA
ERNAKULAM

Nair Girl, 30/170cm, Uthram, MS Computer Engineering, Engineer in UK, Pref: Professionals, PG Professionals, from UK/Europe/USA
Mob: 7045101278

Email:vijayapadmadas@gmail.com
Date of Birth: 28-11-1994(8.25am)
Sishta Dasa: Sun: 2-4-9

| | | | | | |
|---|---|---|---|---|---|
| | സ | കു | | ല | |
| | മാ | ശി | | | |
| ച മാ | മ | ഗ്രഹനില & അംശകം | | | ബു |
| മ | | | | കു | ഗു |
| ശു | ല | ര ഗുബു | ശു സ | ച | ശി |
| | | | ര | | |

Contact Address:
MR.PADMADAS
KADAVANTRA ,
ERNAKULAM

## വധുവിനെ ആവശ്യമുണ്ട്

Nair Boy, 29/180,Thiruvathira, M.Sc Wildlife Science,MS Conservation Management,Education Officer, Wildlife SOS, Pref: Graduate/PG, Professionals, Mob:+91 9945673171

Email:deepus1967@gmail.com
Date of Birth:25-7-1995(9.13.02am)
Sishta Dasa:

| | | | |
|---|---|---|---|
| മ | ശി | ഗു | ച |
| | ഗ്രഹനില & അംശകം | | ര ബു |
| | | | ല |
| | ശു | സ മാ | കു |

Contact Address:
MR.PRADEEP NAIR
NO.3, PRATHYUSHAM,
LAKSHMIPURA MAIN ROAD
ABBIGERE
BANGALORE - 560090







## Ernakulam Karayogam

# Centenary Celebrations

1925 - 2025

## One year Centenary Programmes

**എറണാകുളം കരയോഗം ശതാബ്ദി ആഘോഷം സമുചിതമായി ആഘോഷിക്കുന്നതിലേക്ക് കരയോഗാംഗങ്ങളുടെ നിർലോഭമായ സഹായ സഹകരണം അഭ്യർത്ഥിക്കുന്നു**

DATE OF PUBLICATION: 10-03-2025

RNI NO. KERMAL/2008/23515
REGISTERED NEWSPAPER

REGISTERED NO. KL/EKM/761/2025-27
LICENSE NO. KL/CR/EKM/WPP-3/2025-27
LICENSED TO POST WITHOUT PREPAYMENT

Volume No. 17 | MARCH - 2025 | Issue No. 03













*If undelivered please return to:*
Karayoga Souhridam
T.D.M Hall Complex, D.H. Road,
Kochi - 682016, Kerala

The Views expressed in this journal are those of the authors and need not necessarily reflect the policies and views of Ernakulam Karayogam

Printed by M. Sreevallabhan Nair. Published by M. Sreevallabhan Nair on behalf of Ernakulam Karayogam, TDM Hall complex, Durbar Hall Road, Kochi-682016, Ph : 0484 -2361160, E mail : ekmkgm@gmail.com, Website : www.ernakulamkarayogam.com and Printed at Sterling Print House (P) Ltd., Door.No.49/1849, AIMS Ponekkara P.O, Kochi-682041, Ph: 0484-2802522, 2800406 for Murali Industries, Babu Cottage, Alappat extn.Road, Behind Ravipuram Temple, Kochi-682016 and Published at Ernakulam Karayogam, TDM Hall Complex, Durbar Hall Road, Kochi-682016. Editor: M. Sreevallabhan Nair- Mob: 9947736071.